Vol. 17 / Issue 09
September 2026

# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)

Let's Rise together to Rebuild the Community



സീറോമലബാർ
സമുദായ ശാക്തീകരണ വർഷം - 2026

## മാനന്തവാടി രൂപതയുടെ

# പ്രഥമ ഇടയൻ



# അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി

## ഒന്നാം ചരമ വാർഷികം

17 സെപ്റ്റംബർ 2026



In loving memory of
Archbishop Emeritus

**MAR JACOB THOOMKUZHY**

Born
13.12.1930

Priestly Ordination
22.12.1956

Episcopal Ordination
01.05.1973

First Bishop of Mananthavady
01.05.1973 - 07.06.1995

Called to Eternal Life
17.09.2025

*Until Christ is Formed in You*

*(Gal 4:19)*

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)

Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645

വാല്യം 17 സെപ്റ്റംബർ 2026 ലക്കം 9

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


രൂപതാകച്ചേരി വാർത്തകൾ ..................... 05
പഠനവിഷയം ..................... 08
മതബോധനരംഗം ..................... 15
ചെറുപുഷ്പ മിഷൻലീഗ് ..................... 19
തിരുബാലസഖ്യം ..................... 29
Department of Youth Ministry ..................... 30
കെ.സി.വൈ.എം ..................... 31
കുടുംബപ്രേഷിതത്വം ..................... 37
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 46
സാമൂഹ്യ സേവനരംഗം (WSSS) ..................... 49
ജീവസ് & കെ.എൽ.എം ..................... 59
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ..................... 62
കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ..................... 67
ബയോവിൻ അഗ്രോ റിസർച്ച് ..................... 73
റേഡിയോ മാറ്റൊലി ..................... 77
Mary Matha Arts & Science College ..................... 79
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ..................... 83
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ..................... 86
ബിഷപ്സ് പ്രോഗ്രാം ..................... 95

# രൂപതാകച്ചേരി വാർത്തകൾ

**1. മാനന്തവാടി രൂപതയുടെ പ്രഥമ ഇടയൻ ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ഒന്നാം ചരമ വാർഷികം – സെപ്റ്റംബർ 17**

മാനന്തവാടി രൂപതയുടെ പ്രഥമ ഇടയൻ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴിപ്പിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് 2026 സെപ്റ്റംബർ 17 വ്യാഴാഴ്ച്ച ഒരു വർഷം പൂർത്തിയാവുകയാണ്. അന്നേദിനം അഭിവന്ദ്യ പിതാവിന് വേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ഈ വാർഷിക ദിനത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അഭിവന്ദ്യ ജേക്കബ് തൂങ്കുഴിപ്പിതാവിന്റെ കബറിടത്തിങ്കൽ വി. ബലി അർപ്പിച്ചു പ്രാർത്ഥിക്കുന്നതാണ്.

അന്നേ ദിവസം രാവിലെ 6: 45 ന് മാനന്തവാടി കത്തീഡ്രൽ ദേവാലയത്തിൽ മാനന്തവാടി രൂപതാ സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനുവേണ്ടി വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുന്നുണ്ട്. സാധിക്കുന്നിടത്തോളം വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ വി. ബലിയിലും തിരുക്കർമ്മങ്ങളിലും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

മാനന്തവാടി രൂപതയിലെ എല്ലാ ദേവാലയങ്ങളിലും അന്നേ ദിവസം അഭിവന്ദ്യ തൂങ്കുഴിപ്പിതാവിനുവേണ്ടി വി. ബലി അർപ്പിച്ച് പ്രാർത്ഥിക്കേണ്ടതാണ്. പരമാവധി ഇടവകാംഗങ്ങളും അന്നത്തെ വി. ബലിയിൽ പങ്കെടുത്ത് പിതാവിനു വേണ്ടി പ്രാർത്ഥിക്കുവാൻ ബഹു. വികാരിയച്ചൻമാർ നിർദ്ദേശം നൽകുമല്ലോ.

**2. സ്നേഹസ്മരണ**

ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും, ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റേയും ചരമവാർഷികം സെപ്റ്റംബർ 2–ാം തീയതിയും, ബഹു മാത്യു അത്തിക്കൽ അച്ചന്റെ ചരമവാർഷികം സെപ്റ്റംബർ 17–ാം തീയതിയും ബഹു. ജോർജ് കഴിക്കച്ചാലിൽ അച്ചന്റേയും, ബഹു. മാത്യു ഇല്ലിക്കൽ അച്ചന്റേയും ചരമവാർഷികം സെപ്റ്റംബർ

19-ാം തീയതിയും, ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന്റെ ചരമ വാർഷികം സെപ്റ്റംബർ 28-ാം തീയതിയുമാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**3. ബഹു. വൈദികരുടെ വാർഷിക ധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ ബഹു. വൈദികരുടെ വാർഷിക ധ്യാനം ആദ്യ ബാച്ചിന്റേത് 2026 ആഗസ്റ്റ് 30 ന് ഞായറാഴ്ച വൈകുന്നേരം 7:15 മുതൽ സെപ്റ്റംബർ 4 വെള്ളി ഉച്ചവരെയും, രണ്ടാമത്തെ ബാച്ചിന്റേത് 2026 സെപ്റ്റംബർ 13 ഞായറാഴ്ച വൈകുന്നേരം 7:15 മുതൽ സെപ്റ്റംബർ 18 വെള്ളിയാഴ്ച ഉച്ചവരെയുമാണ്. തീയതികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഈ വർഷത്തെ ധ്യാനം നയിക്കുന്നത് വിൻസെൻഷ്യൻ സഭാംഗവും പോട്ട ഡിവൈൻ ധ്യാനകേന്ദ്രത്തിൽ പോപ്പുലർ മിഷൻ ധ്യാനങ്ങളുടെ ഡയറക്റ്ററും ധ്യാനഗുരുവുമായ ബഹു. ജോജോ മാരിപ്പാട്ട് വി. സി. അച്ചനാണ്. വിശദ വിവരങ്ങൾ ആഗസ്റ്റ് മാസത്തിലെ ബുള്ളറ്റിനിൽ (പേജ് 14) അറിയിച്ചിരുന്നത് ശ്രദ്ധിക്കുമല്ലോ.

**4. കൂരിയ അവധി**

ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം പ്രമാണിച്ച് ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 4 വരെയും സെപ്റ്റംബർ 13 മുതൽ 18 വരെയും രൂപതാ കൂരിയ അവധിയായിരിക്കും.

**5. മതബോധന ഞായർ - സെപ്റ്റംബർ 13**

സെപ്റ്റംബർ 13-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ഞായറായി ആഘോഷിക്കുകയാണല്ലോ. വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസ പരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗ ബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപത  മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചനോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധന ഞായർ നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം

നൽകുന്ന ബഹുമാനപ്പെട്ട തോമസ് കച്ചിറയിൽ അച്ചനേയും അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളേയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

**6. വൈദിക സമിതി യോഗം (Presbyteral Council) -ഒക്ടോബർ 8**

മാനന്തവാടി രൂപത വൈദിക സമിതിയുടെ ഒരു യോഗം 2026 ഒക്ടോബർ 8 വ്യാഴാഴ്ച്ച രാവിലെ 10:30 മുതൽ 1:00 മണിവരെ ബിഷപ്പ്സ് ഹൗസിൽ വെച്ചുചേരുന്നതാണ്. അംഗങ്ങൾക്ക് ക്ഷണക്കത്തുകൾ അയക്കുന്നതാണ്.

**7. പാസ്റ്ററൽ കൗൺസിൽ - ഒക്ടോബർ 10**

നമ്മുടെ രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2026 ഒക്ടോബർ 10 ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.00 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയിപ്പായി സ്വീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

## 2026 സെപ്റ്റംബർ മാസത്തിലെ കുടുംബ കൂട്ടായ്മകളിലെ പഠനവിഷയം

# മാധ്യമസ്വരം എങ്ങനെ ശ്രവിക്കണം

**ആമുഖം**

നവ മാധ്യമങ്ങളുടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന വാർത്താ ചാനലുകളുടെയും അതിപ്രസരമുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ ചിന്തകളെയും മൂല്യബോധങ്ങളെയും രാഷ്ട്രീയ നിലപാടുകളെയും രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. എന്നാൽ, ഒരു ക്രൈസ്തവ വിശ്വാസി എന്ന നിലയിൽ കേൾക്കുന്നതും കാണുന്നതുമായ വാർത്തകളെ വിവേചന ബുദ്ധിയോടെ (Discernment) സമീപിക്കാൻ നാം ബാധ്യസ്ഥരാണ്. മാധ്യമ ഉള്ളടക്കങ്ങളെ കേവലം ഉപഭോഗം ചെയ്യുന്നതിന് പകരം, അവയ്ക്ക് പിന്നിലെ സത്യവും അജണ്ടകളും തിരിച്ചറിയുന്ന 'സൂക്ഷ്മ വായനയും കേൾവിയും' (Critical Reading and Hearing) ഇന്ന് കാലഘട്ടത്തിന്റെ ആവശ്യമാണ്.

**മാധ്യമ ധർമ്മം**

സമൂഹത്തോട് പ്രതിബദ്ധത പുലർത്തി സത്യസന്ധവും സുതാര്യവുമായ രീതിയിൽ വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുക എന്നതാണ് ഏറ്റവും പ്രധാന മാധ്യമധർമ്മം. സത്യസന്ധതയും കൃത്യതയും, നിഷ്പക്ഷത, ജനപക്ഷ നിലപാട്, വ്യാജവാർത്തകളെ പ്രതിരോധിക്കുക, ധാർമ്മികത ഉയർത്തിപ്പിടിക്കുക, വിമർശനാത്മകമായ ഇടപെടൽ എന്നിവയാണ് ശരിയായ മാധ്യമധർമ്മം എന്ന് പറയുന്നത്.

എന്നാൽ ആധുനിക കാലത്ത് റേറ്റിംഗിനും പരസ്യവരുമാനത്തിനുമായി മാധ്യമങ്ങൾ തങ്ങളുടെ യഥാർത്ഥ ധർമ്മത്തിൽ നിന്ന് വ്യതിചലിക്കുന്നു എന്നുള്ളതാണ് വസ്തുത. വ്യാജവാർത്തകളും അപൂർണ്ണമായ വിവരങ്ങളും നൽകി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു. രാഷ്ട്രീയ താത്പര്യങ്ങൾക്കായി ഒരുപക്ഷം ചേർന്ന് നിഷ്പക്ഷത പാലിക്കാതെയിരിക്കുന്നു. ഉടമസ്ഥരുടെ രാഷ്ട്രീയവും താത്പര്യങ്ങളും സൃഷ്ടിക്കുന്ന വാർത്തകളാണ് ഇന്ന് നാം വായിക്കുന്ന, കേൾക്കുന്ന വാർത്തകളിലേറിയ പങ്കും എന്ന് വേണമെങ്കിൽ പറയാം.

**1. വത്തിക്കാന്റെ ഡിജിറ്റൽ മാധ്യമവീക്ഷണം (The Vatican Perspective)**

വ്യാജ വാർത്തകളുടെയും ഡിജിറ്റൽ അതിപ്രസരത്തിന്റെയും

കാലത്ത് മാധ്യമങ്ങളെ എങ്ങനെ സമീപിക്കണം എന്നതിനെക്കുറിച്ച് വത്തിക്കാന്റെ ആശയവിനിമയ കാര്യാലയം (Dicastery for Communication) പുറപ്പെടുവിച്ച "Towards Full Presence" (പൂർണ്ണ സാന്നിധ്യത്തിലേക്ക്) എന്ന ആധികാരിക പഠനരേഖ ചില സുപ്രധാനമായ മുന്നറിയിപ്പുകൾ നൽകുന്നുണ്ട്:

a. ഡിജിറ്റൽ അൽഗോരിതങ്ങളുടെ കെണി (The Algorithm Trap): സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും ചാനലുകളും അവരുടെ സാമ്പത്തിക ലാഭത്തിനായി നമ്മുടെ ശ്രദ്ധയെ നിരന്തരം ആകർഷിക്കാൻ പാകത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അനാവശ്യ വിവാദങ്ങളിലൂടെയും വിദ്വേഷത്തിലൂടെയും നമ്മുടെ ശ്രദ്ധയെ അവർ ഒരു 'ഉത്പന്നമായി' (Commodity) മാറ്റുന്നു.

b. ആഴത്തിലുള്ള ചിന്തയുടെ നഷ്ടം (Loss of Deep Thinking): മാധ്യമങ്ങളിലൂടെ നിരന്തരം ഒഴുകിയെത്തുന്ന വിവരങ്ങളുടെ അതിപ്രസരം കാരണം കാര്യങ്ങളെ ആഴത്തിൽ ചിന്തിക്കാനും വിവേചിച്ചറിയാനുമുള്ള മനുഷ്യന്റെ ശേഷി കുറഞ്ഞുപോകുന്നു എന്ന് വത്തിക്കാൻ മുന്നറിയിപ്പ് നൽകുന്നു.

c. ഡിജിറ്റൽ ഡിറ്റോക്സ് (Digital Detox): കുടുംബങ്ങളിലും പ്രാർത്ഥനാ ഗ്രൂപ്പുകളിലും മാധ്യമങ്ങളിൽ നിന്ന് ബോധപൂർവ്വം അകന്നുനിൽക്കുന്ന നിശബ്ദതയുടെ നിമിഷങ്ങൾ നാം കണ്ടെത്തണം. നിശബ്ദതയിലൂന്നിയ ബോധപൂർവ്വമായ കേൾവിയിലൂടെ മാത്രമേ ദൈവസ്വരവും സഹോദരന്റെ യഥാർത്ഥ ആവശ്യങ്ങളും നമുക്ക് തിരിച്ചറിയാനാകൂ.

'വിവേകമില്ലാത്തവൻ ഏതു വാക്കും വിശ്വസിക്കുന്നു; സൂക്ഷ്മബുദ്ധിയാകട്ടെ, തന്റെ ചുവടുകൾ ശ്രദ്ധയോടെ വയ്ക്കുന്നു' (പ്രഭാഷകൻ 14:15).

**2. മാധ്യമ ഉടമസ്ഥതയും രാഷ്ട്രീയ നിലപാടുകളും (Ownership & Ideology Matrix)**

ആഗോളതലത്തിൽ മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് പഠിക്കുന്ന 'റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ്' (RSF) ഇന്ത്യയിലെ മാധ്യമങ്ങളുടെ ഉടമസ്ഥാവകാശത്തെക്കുറിച്ച് നടത്തിയ 'Media Ownership Monitor' എന്ന പഠനം വ്യക്തമാക്കുന്നത്, ജനങ്ങളുടെ അഭിപ്രായങ്ങളെ നിയന്ത്രിക്കാൻ പാകത്തിൽ വലിയ കോർപ്പറേറ്റുകളും രാഷ്ട്രീയ താല്പര്യങ്ങളുമാണ് വലിയ മാധ്യമങ്ങളെ നിയന്ത്രിക്കുന്നത് എന്നാണ്.

കേരളത്തിലെ പ്രമുഖ മാധ്യമങ്ങളുടെ ഉടമസ്ഥാവകാശവും അവ പ്രതിനിധീകരിക്കുന്ന ആശയശാസ്ത്രപരമായ ചായ്‌വുകളും (Political/Ideological Leanings) താഴെ പറയുന്ന പട്ടികയിലൂടെ മനസ്സിലാക്കാം:

| മാധ്യമ സ്ഥാപനം (Media House) | ഉടമസ്ഥത / മാനേജ്മെന്റ് (Ownership) | രാഷ്ട്രീയസാമൂഹിക നിലപാട് (Ideology / Leanings) |
|---|---|---|
| മലയാള മനോരമ (പത്രവും ചാനലും) | കണ്ടത്തിൽ കുടംബം (Corporate Ownership) | മധ്യവർത്തി നിലപാട് (Centrist), കോർപ്പറേറ്റ് ലിബറൽ. പൊതുവെ വലതുപക്ഷ/യു.ഡി.എഫ്. രാഷ്ട്രീയത്തോട് ആഭിമുഖ്യം പുലർത്തുന്നു. |
| മാതൃഭൂമി (പത്രവും ചാനലും) | എം. പി. വീരേന്ദ്ര കുമാറിന്റെകുടുംബം (Corporate) | സോഷ്യലിസ്റ്റ് പാരമ്പര്യം. നിലവിൽ വാണിജ്യവത്കരിക്കപ്പെട്ട നയം; ഭരണകൂട നയങ്ങളോട് ശക്തമായവിമർശന സ്വഭാവം കാണിക്കാറുണ്ട്. |
| ദേശാഭിമാനി/ കൈരളി (പത്രവും ചാനലും) | സി.പി.ഐ.എം നേതൃത്വം / പാർട്ടി നിയന്ത്രിത ഓഹരികൾ | കമ്മ്യൂണിസ്റ്റ് / ഇടതുപക്ഷ പ്രത്യയശാസ്ത്രം. പാർട്ടിയുടെയും ഇടതുപക്ഷ സർക്കാരിന്റെയും നയങ്ങളെ പ്രതിരോധിക്കാനും പ്രചരിപ്പിക്കാനും ഊന്നൽ ൽകുന്നു. |

| | | |
|---|---|---|
| ദീപിക (പത്രം) | സീറോ മലബാർ സഭയുടെ നിയന്ത്രണത്തിൽ | ക്രൈസ്തവ മൂല്യങ്ങൾ, മലയോര കർഷക ക്ഷേമം, കുടിയേറ്റ ജനതയുടെ അവകാശങ്ങൾ, സഭയുടെ സാമൂഹിക നിലപാടുകൾ. |
| മാധ്യമം/മീഡിയ വൺ (പത്രവും ചാനലും) | ഐഡിയൽ പബ്ലിക്കേഷൻസ് ട്രസ്റ്റ് | (ജമാഅത്തെ ഇസ്ലാമി ആഭിമുഖ്യം) ന്യൂനപക്ഷ അവകാശങ്ങൾ, ദളിത്-പരിസ്ഥിതി വാദങ്ങൾ. കേന്ദ്ര സർക്കാരിന്റെ നയങ്ങളോട് കടുത്ത വിയോജിപ്പ് പ്രകടിപ്പിക്കുന്നു. |
| ഏഷ്യാനെറ്റ് ന്യൂസ് (ചാനൽ) | ജൂപ്പിറ്റർ ക്യാപിറ്റൽ (രാജീവ് ചന്ദ്രശേഖർ - ബി.ജെ.പി പശ്ചാത്തലം) | ഉടമസ്ഥതയ്ക്ക് ബി.ജെ.പി ബന്ധമുണ്ടെങ്കിലും, കേരളത്തിൽ റേറ്റിംഗിനായി ശക്തമായ ഭരണവിരുദ്ധ (Anti-incumbent) ശൈലിയും ജനകീയ ചോദ്യങ്ങളും ഉയർത്തുന്നു. |
| 24 ന്യൂസ് (ചാനൽ) | ഫ്ളവേഴ്സ് ടിവി ഗ്രൂപ്പ് (പ്രവാസി വ്യവസായ കൂട്ടായ്മ) | വ്യക്തമായ രാഷ്ട്രീയ പ്രത്യയശാസ്ത്രമില്ല. വാർത്തകളെ വിനോദരൂപത്തിൽ (Infotainment) അവതരിപ്പിക്കുന്ന റേറ്റിംഗ് അധിഷ്ഠിത ശൈലി. |

| | | |
|---|---|---|
| റിപ്പോർട്ടർ ടിവി (ചാനൽ) | അഗസ്റ്റിൻ ബ്രദേഴ്സ് (കോർപ്പറേറ്റ് മാനേജ്മെന്റ്) | അവതാരക കേന്ദ്രീകൃതമായ നയം, ഉയർന്ന തോതിലുള്ള സെൻസേഷണലിസവും ആഗ്രസീവ് ജേണലിസവും. |
| ജനം ടിവി (ചാനൽ) | ആർ.എസ്.എസ് - ബി. ജെ. പി. അനുഭാവികളുടെ കൂട്ടായ്മ | വലതുപക്ഷ ഹൈന്ദവ ദേശീയത (Right-wing Hindutva). സംഘപരിവാർ പ്രസ്ഥാനങ്ങളുടെയും ബി.ജെ.പി യുടെയും രാഷ്ട്രീയ നിലപാടുകൾക്ക് പ്രാധാന്യം. |
| ബിഗ് ടിവി മലയാളം | പ്രവാസ മീഡിയ (വിജയ് റെഡ്ഡി വെന്നം) | അഗ്രസീവ് ജേർണലിസത്തിന് മുൻതൂക്കം, റേറ്റിംഗിന് മുൻഗണന |

**നവമാധ്യമങ്ങളും ഗുണങ്ങളും ദോഷങ്ങളും**

ദൂർദർശൻ, ആകാശവാണി വാർത്താസംസ്കാരത്തിൽ നിന്ന് മാറി സെൻസേഷണലിസത്തിന് മുൻതൂക്കം നൽകിയാതൊരു വിധ ഫാക്ട് ചെക്കിംഗും ഇല്ലാതെ മുന്നിലെത്തുന്ന വാർത്തകളെ വിശ്വസിക്കാനും പ്രചരിപ്പിക്കാനുമാണ് നാം ഇന്ന് ഉത്സാഹം കാണിക്കുന്നത്. ആഴത്തിലുള്ള പത്രവായനയിൽ നിന്ന് മാറി ബഹളമയമായ ചാനൽ സംസ്കാരത്തിന്റെ പ്രചാരകരാണ് ഏറിയ പങ്കും. പത്രം, റേഡിയോ, ചാനൽ യുഗത്തിന് പുറമേ നവമാധ്യമങ്ങളുടെ കൂടി കാലമാണിത്. മനുഷ്യജീവിതത്തെ അടിമുടി മാറ്റി മറിച്ച നവമാധ്യമങ്ങൾക്ക് ഗുണങ്ങൾക്കൊപ്പം അത്രതന്നെ ദോഷങ്ങളുമുണ്ട്.

വിവരശേഖരണത്തിനും വേഗതയേറിയ ആശയവിനിമയത്തിനും നവമാധ്യമങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ലോക

മെമ്പാടുമുള്ള സമാന ചിന്താഗതിക്കാരായ ആളുകളുമായി സൗഹൃദം സ്ഥാപിക്കാനും മികച്ച കൂട്ടായ്മകൾ രൂപീകരിക്കാനും ഇവ സഹായിക്കുന്നുണ്ട്. എന്നാൽ കുട്ടികൾക്കും യുവാക്കൾക്കും നവമാധ്യമങ്ങൾ ഒരു ലഹരിയായി മാറുന്നു എന്നുള്ളതാണ് ഇതിന്റെ മറുവശം. നിമിഷനേരം കൊണ്ട് വ്യാജവാർത്തകളും തെറ്റായ വിവരങ്ങളും സമൂഹത്തിൽ പ്രചരിപ്പിക്കാൻ ഇത് കാരണമാകുന്നു. വ്യക്തികളെ അധിക്ഷേപിക്കാനും മോശം കമന്റുകളിലൂടേയും വ്യാജ പ്രൊഫൈലുകളിലൂടെയും അപകീർത്തിപ്പെടുത്താനും പലപ്പോഴും നവമാധ്യമങ്ങൾ ദുരുപയോഗപ്പെടുത്തുന്നു.

**3. സമകാലിക മാധ്യമങ്ങളിൽ നാം തിരിച്ചറിയേണ്ട അപകടങ്ങൾ**

അജണ്ട നിശ്ചയിക്കൽ (Agenda Setting): ജനങ്ങളെ നേരിട്ട് ബാധിക്കുന്ന വിലക്കയറ്റം, തൊഴിലില്ലായ്മ, കർഷക പ്രതിസന്ധി തുടങ്ങിയ യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധതിരിച്ച്, അപ്രധാനമായ വിവാദങ്ങൾക്ക് 24 മണിക്കൂറും പ്രാധാന്യം നൽകുന്ന രീതി.

മാധ്യമ വിചാരണ (Media Trial): നീതിന്യായ വ്യവസ്ഥയ്ക്ക് മുകളിൽ നിന്നുകൊണ്ട്, കേസുകളിൽ അന്തിമവിധി വരുന്നതിന് മുൻപ് തന്നെ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും കുറ്റക്കാരായി ചിത്രീകരിച്ച് വേട്ടയാടുന്ന പ്രവണത.

വിദ്വേഷത്തിന്റെ ഭാഷ (Hate Speech & Polarization): സമൂഹത്തിൽ വർഗീയമോ രാഷ്ട്രീയമോ ആയ ചേരിതിരിവ് ഉണ്ടാക്കുന്ന രീതിയിൽ ചർച്ചകളെ വഴിതിരിച്ചുവിടുക.

**4. ക്രൈസ്തവ വിവേചനത്തിന്റെ പ്രായോഗിക ശൈലികൾ (Practical Guidelines)**

നമ്മുടെ കുടുംബങ്ങളിൽ താഴെ പറയുന്ന മാധ്യമ സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്:

1. ബഹുസ്വരതയെ ആശ്രയിക്കുക (Media Pluralism): ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടെയോ കോർപ്പറേറ്റിന്റെയോ മാധ്യമം മാത്രം കാണുന്ന ശൈലി ഒഴിവാക്കുക. വ്യത്യസ്ത വീക്ഷണങ്ങളുള്ള മാധ്യമങ്ങൾ പരിശോധിക്കുമ്പോൾ മാത്രമേ യഥാർത്ഥ വസ്തുത മനസ്സിലാക്കാൻ സാധിക്കൂ.

2. വ്യാജവാർത്തകളുടെ പ്രചാരകരാകാതിരിക്കുക: സോഷ്യൽ മീഡിയവഴി വരുന്ന വാർത്തകളുടെ സത്യാവസ്ഥ (Fact check)

ബോധ്യപ്പെടാതെ അവ ഫോർവേഡ് ചെയ്യുകയോ പങ്കുവെക്കുകയോ ചെയ്യരുത്. അത് അപരന്റെ ജീവിതത്തെ തകർക്കാൻ ഇടയാക്കും.

3. കുടുംബത്തിന്റെ സമാധാനം സംരക്ഷിക്കുക: വൈകുന്നേരങ്ങളിലെ അനാവശ്യമായ ചാനൽ ചർച്ചകൾ കുടുംബങ്ങളിൽ അസ്വസ്ഥതയും തർക്കങ്ങളും ഉണ്ടാക്കാറുണ്ട്. പ്രാർത്ഥനയ്ക്കും പരസ്പര സംഭാഷണങ്ങൾക്കും നൽകേണ്ട സമയം ചാനലുകൾക്ക് മുന്നിൽ ഹോമിക്കരുത്.

4. ദൈവവചനത്തെ അളവുകോലാക്കുക: മാധ്യമങ്ങൾ നൽകുന്ന മൂല്യങ്ങളെയല്ല, മറിച്ച് ക്രിസ്തു പകർന്നുതന്ന സ്നേഹം, നീതി, കരുണ, സത്യം എന്നീ മൂല്യങ്ങളെ വേണം നാം ജീവിതത്തിന്റെ അളവുകോലാക്കാൻ.

**കുടുംബ കൂട്ടായ്മയിലെ ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. സോഷ്യൽ മീഡിയയും മാധ്യമങ്ങളും നമ്മുടെ ചിന്തകളെ ഒരു 'ഉത്പന്നമായി' മാറ്റുന്നുണ്ടോ? നമ്മുടെ വീട്ടിലെ മാധ്യമ സമയം നമുക്ക് എങ്ങനെ ക്രമീകരിക്കാം?

2. മാധ്യമങ്ങൾക്ക് പിന്നിലെ കോർപ്പറേറ്റ്/രാഷ്ട്രീയ താല്പര്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് വാർത്തകളെ 'നിഷ്പക്ഷമായി' വിലയിരുത്താൻ നമുക്ക് എങ്ങനെ സാധിക്കും? വാർത്തകളിലെ യാഥാർത്ഥ്യം മറ്റുള്ളവരിലേയ്ക്ക് എത്തിക്കാൻ എന്തു ചെയ്യാനാകും?

3. സോഷ്യൽ മീഡിയവഴി പടരുന്ന വ്യാജവാർത്തകളെയും (Fake news) വിദ്വേഷ പ്രചാരണങ്ങളെയും എങ്ങനെ പ്രതിരോധിക്കാം? വ്യാജവാർത്തകളിൽ/സൈബർ അറ്റാക്കിൽ അകപ്പെടുന്നവരെ എങ്ങനെ രക്ഷിക്കാം?

**തയ്യാറാക്കിയത്: സമുദായ ശക്തീകരണ വർഷ കോർകമ്മിറ്റി**
**ഫാ. ജോബി മുക്കാട്ടുകാവുങ്കൽ (വൈസ് ചെയർമാൻ)**
**ജോസ് മാത്യു പുഞ്ചയിൽ (ജനറൽ കൺവീനർ)**

**മതബോധന ഞായർ: സെപ്റ്റംബർ 13**

ഏവർക്കും മതബോധന ഞായറിന്റെ മംഗളങ്ങൾ. സഭയുടെ പ്രഥമവും, പ്രധാനവുമായ ദൗത്യമാണ് മതബോധനം. സഭയുടെ ആരംഭം മുതൽ ശ്രേഷ്ഠമായ ഈ ദൗത്യം ഏറെ ശ്രദ്ധയോടെയാണ് അവൾ നിർവ്വഹിക്കുന്നത്.

ശിഷ്യന്മാരാക്കുക, വിശ്വസിക്കുന്നതിലൂടെ യേശുവിന്റെ നാമത്തിൽ ജീവനുണ്ടാകേണ്ടതിന് അവനാണ് ദൈവത്തിന്റെ പുത്രനെന്ന് വിശ്വസിക്കുവാൻ മനുഷ്യരെ സഹായിക്കുക, ക്രിസ്തുവിലുള്ള ജീവിതത്തിൽ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക. അങ്ങനെ അവിടുത്തെ ശരീരം പണിതുയർത്തുക. സഭയുടെ ഈവിധ പ്രവർത്തനങ്ങളുടെ ആകെത്തുകയാണ് മതബോധനം(CCC4). നമ്മുടെ കാലഘട്ടത്തിലെ മനുഷ്യർക്ക് ക്രൈസ്തവ സന്ദേശം മുഴുവനായോ, ഭാഗികമായോ നവോന്മേഷത്തോടെ നൽകുവാൻ സഭയുടെ മതബോധന പ്രവർത്തനങ്ങൾക്ക് കഴിയും. അൽമായ വിശ്വാസികൾ സഭയുടെ സുവിശേഷ പ്രചാരണത്തിൽ സഹകരിക്കുകയും അവിടുത്തെ സാക്ഷികളും അതേസമയം സജീവമായ ഉപകരണങ്ങളുമെന്ന നിലയിൽ അവിടുത്തെ രക്ഷണീയ ദൗത്യത്തിൽ പങ്കുപറ്റുകയും ചെയ്യുന്നു (AG 41).

സഭാ കൂട്ടായ്മകളിലൂടെയും, സഭാ പ്രബോധനങ്ങളിലൂടെയും സ്വീകരിച്ച അറിവും, അനുഭവവും പങ്കുവയ്ക്കുവാൻ സഭാധികാരികൾക്കും, വിശ്വാസികൾക്കും കടമയുണ്ട്. ഏറ്റവും ഗൗരവതരവും ശ്രേഷ്ഠവുമായ ഈ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ, സിസ്റ്റേഴ്സ്, അധ്യാപകർ, മാതാപിതാക്കൾ കുട്ടികൾ എന്നിവർക്കെല്ലാം പരിശുദ്ധാത്മ അഭിഷേകം ലഭിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

**സെമസ്റ്റർ പരീക്ഷ**

ഈ വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷ 01/11/2026 ഞായറാഴ്ചയായിരിക്കും. സിലബസനുസരിച്ചുള്ള പാഠഭാഗങ്ങൾ (ടെക്സ്റ്റ്, ഉപപാഠം), നമസ്ക്കാരങ്ങൾ, പൊതുവിജ്ഞാനം, വചന ഭാഗങ്ങൾ

എന്നിവ പൂർത്തിയാക്കി കുട്ടികളെ പരീക്ഷക്കുവേണ്ടി ഒരുക്കുമല്ലോ. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**പഞ്ചാബ് മിഷൻ**

കുട്ടികളിൽ മിഷൻ ചൈതന്യം ഉണ്ടാകുവാനും മിഷനെ പരിചയപ്പെടാനും നമ്മൾ തുടങ്ങിവച്ച പദ്ധതി ആണല്ലോ *മിഷനെ സഹായിക്കുക മിഷനുവേണ്ടി പ്രാർത്ഥിക്കുക* എന്നത്. ഇതിനോടകം കുട്ടികളിൽ നിന്ന് സമാഹരിച്ച മിഷൻ ഫണ്ട് ഏൽപ്പിച്ച എല്ലാ ഇടവകകൾക്കും നന്ദി. ഇതുവരെ ഏൽപ്പിക്കാത്തവർ സെപ്റ്റംബർ മാസം വരെ ലഭിച്ച ഫണ്ട് രൂപതാ മതബോധന ഓഫീസിൽ ഏൽപ്പിച്ച് സഹകരിക്കുമല്ലോ.

**ആമുഖ സെമിനാർ**

2026 ഓഗസ്റ്റ് 8–ാം തീയതി ശനിയാഴ്ച്ച ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ഈ വർഷത്തെ അവസാന ആമുഖ സെമിനാറിൽ 73 പേർ പങ്കെടുത്തു. 11, 12 ക്ലാസുകളിലെ അധ്യാപകർക്ക് ക്ലാസ് നയിച്ച ശ്രീ. ജോസ് പുഞ്ചയിൽ, മറ്റു ക്ലാസുകൾ നയിച്ച ഫാ. തോമസ് കച്ചിറയിൽ, ശ്രീ. ജോൺസൺ വടക്കേക്കര, ശ്രീ. ബെന്നി വട്ടക്കാമുളയിൽ, ശ്രീ. സിബിൻ ഇല്ലിക്കൽ, സി. ലിനറ്റ് MSMI, സി. ബെറ്റി ജോസ് SH, സി. ലിഡിയ ജോസ് SABS എന്നിവർക്കും രൂപതാ മതബോധന കുടുംബത്തിന്റെ നന്ദി.

**മതാധ്യാപക സംഗമം**

**മണിമൂളി**

2026 ജൂലൈ 26 ഞായറാഴ്ച മണിമൂളി മേഖല മതാധ്യാപക സംഗമം തലഞ്ഞി സെന്റ് മേരിസ് പള്ളിയിൽ വച്ച് നടത്തി. രാവിലെ 9. 30 ന് റവ. ഫാ. പോൾ കൂട്ടാല അർപ്പിച്ച ദിവ്യബലിയോടെ സംഗമം ആരംഭിച്ചു. മണിമൂളി നിലമ്പൂർ സിഞ്ചെല്ലൂസ് റവ. ഫാ. ബെന്നി മുതിരക്കാലായിൽ ചങ്ങനാശ്ശേരി അതിരൂപത അംഗമായ സിറിയക് കോട്ടയിൽ അച്ചനെയും എല്ലാ അധ്യാപകരെയും സ്വാഗതം ചെയ്തു. രാവിലെ 10. 30 മുതൽ 1. 30 വരെ ബഹുമാനപ്പെട്ട കോട്ടയിൽ അച്ചൻ 'ഒരു മതാധ്യാപകന്റെ വിളിയും ദൗത്യവും' എന്ന വിഷയത്തെ ആസ്പദമാക്കി ആനുകാലിക പ്രസക്തമായ ക്ലാസ് നയിച്ചു. ഉച്ചഭക്ഷണത്തിനുശേഷം 2. 15 ന് സമ്മേളനം ആരംഭിച്ചു. മേഖലാ ഡയറക്ടർ ഫാ. തോമസ് പരുന്തനോലിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ബഹുമാനപ്പെട്ട ബെന്നി മുതിരക്കാലായിൽ അച്ചൻ അധ്യക്ഷത വഹിച്ച സമ്മേളനം രൂപതാ മതബോധന

ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ ഉദ്ഘാടനം ചെയ്തു. തലഞ്ഞി പള്ളി വികാരി ഫാ. പോൾ കൂട്ടാല തലഞ്ഞി ഹെഡ്മാസ്റ്റർ ശ്രീ. ജോസുകുട്ടി താന്നിക്കൽ എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. മേഖലയിൽ 25 വർഷങ്ങൾ പൂർത്തിയാക്കിയ അധ്യാപകരെ ആദരിച്ചു. മേഖലാ സെക്രട്ടറിയും മണിമൂളി സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററും ആയ ശ്രീ. വിജോ കാച്ചാംകോടത്ത് ഏവർക്കും നന്ദി അർപ്പിച്ചു. 144 പേർ പങ്കെടുത്ത സമ്മേളനം 3. 30-ന് അവസാനിച്ചു. മേഖലാ ഡയറക്ടർ തോമസച്ചനും മേഖലാ ടീം അംഗങ്ങൾക്കും വേണ്ട സഹായ സഹകരണം നൽകിയ തലഞ്ഞി വികാരിയച്ചനും ഹെഡ്മാസ്റ്റർക്കും മറ്റ് അധ്യാപകർക്കും നന്ദി.

**മാനന്തവാടി**

2026 ജൂലൈ 26-ാം തീയതി ഞായറാഴ്ച മാനന്തവാടി ഫൊറോന അധ്യാപക സംഗമം തവിഞ്ഞാൽ സെന്റ് മേരിസ് പള്ളിയിൽ വച്ച് സംഘടിപ്പിച്ചു. മാനന്തവാടി മേഖലാ ഡയറക്ടർ ബഹു. ബാബു കക്കാട്ടികാലായിൽ അച്ചൻ വി. ബലിയർപ്പിച്ച് ഏവർക്കും സ്വാഗതം ആശംസിച്ചു. തവിഞ്ഞാൽ പള്ളി വികാരി ബഹു. തോമസ് പ്ലാശനാൽ അച്ചൻ അധ്യാപക സംഗമം ഉദ്ഘാടനം ചെയ്തു. 'സാമുദായിക ബോധം വിശ്വാസ പരിശീലനത്തിലൂടെ' എന്ന വിഷയത്തിൽ ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ സാർ അധ്യാപകർക്ക് ഉച്ചവരെ എടുത്ത ക്ലാസ്സും, ഉച്ചകഴിഞ്ഞ് 'വിശ്വാസ പരിശീലനവും ആത്മീയ വളർച്ചയും' എന്ന വിഷയത്തിൽ സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ജിന്റോ തട്ടുപറമ്പിൽ അച്ചൻ എടുത്ത ക്ലാസ്സും എവർക്കും അനുഭവവേദ്യമായിരുന്നു. ഉച്ചകഴിഞ്ഞ് നടന്ന പൊതു മീറ്റിംഗിൽ 25, 35 വർഷങ്ങൾ അധ്യാപകവൃത്തി പൂർത്തിയായവരെ ആദരിച്ചു. മേഖലാ സെക്രട്ടറി ശ്രീ. ജോസ് മാതേക്കൽ നന്ദി പറഞ്ഞു. സംഗമത്തിന് നേതൃത്വം നൽകിയ മേഖലാ ഡയറക്ടർ ബഹു. ബാബു അച്ചനും ടീം അംഗങ്ങൾക്കും നന്ദി.

**ദ്വാരക**

2026 ജൂലൈ 26 ഞായറാഴ്ച ദ്വാരക ഫൊറോന മതാധ്യാപക ടീമിന്റെ നേതൃത്വത്തിൽ ദ്വാരക കോർപ്പറേറ്റ് ഹാളിൽ മതാധ്യാപക സംഗമം സംഘടിപ്പിച്ചു. രാവിലെ 9 മണിക്ക് ബഹു. മോൺ. പോൾ മുണ്ടോളിക്കൽ അച്ചന്റെ കാർമികത്വത്തിൽ നടന്ന വിശുദ്ധ ബലിയർപ്പണത്തോടെയാണ് സംഗമത്തിന് തുടക്കമായത്. ദ്വാരക മേഖലാ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ ഇലവനപ്പാറ അച്ചൻ ബഹു.

ജനറാളച്ചനെ ബലിയർപ്പണത്തിനായി സ്വാഗതം ചെയ്തു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ മേഖലാ ടീം അംഗം ശ്രീ. ജിജോ മംഗലത്തിൽ സാർ സ്വാഗതം ആശംസിച്ചു. ഫൊറോന വികാരി ബഹു. ജോണി മലയിൽ അച്ചൻ സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് തലശ്ശേരി രൂപതാ മതബോധന ടീം അംഗം ശ്രീ. ജോബി ജോൺ മൂലയിൽ സാർ 'മതാധ്യാപകരുടെ ആത്മീയവും അധ്യാപനപരവുമായ വളർച്ച' ലക്ഷ്യമിട്ടുള്ള ക്ലാസ്സിന് നേതൃത്വം നൽകി. മേഖലാ ടീം അംഗം ശ്രീ. ഷാജി മേമടത്തിൽ സാർ നന്ദി അർപ്പിച്ചു സംസാരിച്ചു. 9 ഇടവകകളിൽ നിന്നായി 110 മതാധ്യാപകർ പങ്കെടുത്ത സംഗമം വൈകുന്നേരം 4 മണിയോടെ സമാപിച്ചു. സംഗമത്തിന് നേതൃത്വം നൽകിയ ബഹു. സെബാസ്റ്റ്യൻ ഇലവനപ്പാറ അച്ചനും മേഖലാ ടീം അംഗങ്ങൾക്കും നന്ദി.

**ബത്തേരി**

2026 ഓഗസ്റ്റ് –2 ഞായറാഴ്ച ബത്തേരി ഫൊറോന മതാധ്യാപക സംഗമം അമ്പലവയൽ വിശുദ്ധ മാർട്ടിൻ ഡി പോറസ് ദേവാലയത്തിൽ സംഘടിപ്പിച്ചു. രാവിലെ 9. 30 –ന് ആരംഭിച്ച മതാധ്യാപക സംഗമത്തിന് ബത്തേരി മേഖല മതബോധന ഡയറക്ടർ അബ്രാഹം പുലിക്കുഴിയിലച്ചൻ സ്വാഗതം ആശംസിച്ച് 'നവമാധ്യമ കാലഘട്ടത്തിൽ ക്രിസ്തു കേന്ദ്രീകൃത മതബോധനം' എന്ന സെമിനാറിനായി തിരഞ്ഞെടുക്കപ്പെട്ട വിഷയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. തുടർന്ന് 3 മണിവരെ മനോരോഗ ആതുര ശുശ്രൂഷ മേഖലയിൽ ജോലിചെയ്യുന്ന ബഹു. ഡോ. സി. ഷാന്റി മരിയ എഫ്. സി. സി. വിവിധ സെഷനുകളിലായി ക്ലാസുകൾ നയിച്ചു. ഏകദേശം 200 ൽ പരം മതാധ്യാപകർ സെമിനാറിൽ പങ്കെടുത്തു. തുടർന്ന് ക്ലാസുകളെക്കുറിച്ചുള്ള അവലോകനത്തിനുശേഷം ബത്തേരി മതബോധന മേഖല ടീം മെമ്പർ ശ്രീ. ബിജു മാങ്ങൻ സാർ നന്ദി അറിയിച്ചു. പ്രിയ ബഹുമാനപ്പെട്ട മേഖലാ സെക്രട്ടറി ജോബി സാറിന്റെ നേതൃത്വത്തിൽ ഭംഗിയായി ക്രമീകരിക്കപ്പെട്ട ബത്തേരി മേഖല സെമിനാർ 3.30 ന് ആരംഭിച്ച വിശുദ്ധ ബലിയോടെ സമാപിച്ചു. സംഗമത്തിന് നേതൃത്വം നൽകിയ മേഖലാ ഡയറക്ടർ അച്ചനും മേഖലാ ടീം അംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും നന്ദി.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

2026 സെപ്റ്റംബർ 25 മുതൽ 28 വരെ ലിയോ പതിനാലാമൻ മാർപ്പാപ്പ ഫ്രാൻസിലേക്ക് നടത്തുന്ന അപ്പസ്തോലിക യാത്രയുടെ പ്രമേയം വളരെ ആകർഷകമാണ്. ''ലോകത്തിന് ജീവൻ ഉണ്ടാകേണ്ടതിന്'' എന്നാണത്. ഒരു ക്രൈസ്തവന്റെ ഏറ്റവും അടിസ്ഥാനപരമായ പ്രേഷിത ദൗത്യവും ഇത് തന്നെയാണ്; ക്രിസ്തുവെന്ന യഥാർത്ഥ ജീവനിലേക്ക് ലോകത്തെ നയിക്കുക! മിഷൻലീഗ് അംഗങ്ങൾ ആയ നമ്മെ സംബന്ധിച്ചിടത്തോളം ഈ വലിയ പ്രേഷിത നിയോഗത്തിന് പാഥേയമാകുന്നത് സ്നേഹ, ത്യാഗ, സേവന, സഹന പുണ്യങ്ങളാൽ അലങ്കരിക്കപ്പെട്ട നമ്മുടെ അനുദിന പ്രവർത്തനങ്ങൾ ആണ്.

കുഞ്ഞേട്ടൻ എന്ന മഹാമിഷനറിയുടെ ഓർമ്മകളാൽ സമ്പന്നമായ ഒരു മാസമാണല്ലോ കടന്നു പോയത്. കുഞ്ഞേട്ടൻ തന്റെ ജീവിതവും, പ്രവർത്തനങ്ങളും കൊണ്ട് നമുക്ക് കാണിച്ചു തന്ന മാതൃകയും മറ്റൊന്നല്ല. മിഷൻലീഗിന്റെ സ്നേഹ സംസ്ക്കാരത്തിലൂടെ ക്രിസ്തുവിനെ ലോകത്തിന് നൽകുക എന്നതാണത്. ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ശാഖകളിലും, മേഖലകളിലും ഈ പ്രേഷിത ദൗത്യത്തെ അനുദിനം നെഞ്ചിലേറ്റുന്ന നിങ്ങൾക്ക് അഭിവാദ്യങ്ങൾ. വളരെ പ്രത്യേകമായി ശാഖാ, മേഖലാ, രൂപതാ തലങ്ങളിൽ ഈ വർഷത്തെ സാഹിത്യ മത്സരങ്ങൾ വളരെ മനോഹരമായി പൂർത്തിയാക്കുവാൻ നമുക്ക് സാധിച്ചു. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. സാഹിത്യമത്സരങ്ങളിൽ പങ്കെടുത്ത എല്ലാ പ്രതിഭകൾക്കും അഭിനന്ദനങ്ങൾ. ഒപ്പം കുഞ്ഞേട്ടൻ അനുസ്മരണം എല്ലാ ശാഖകളിലും മേഖലകളിലും വളരെ മനോഹരമായി നടത്തി എന്നറിഞ്ഞതിൽ സന്തോഷം. സെപ്റ്റംബർ മാസത്തിൽ പരിശുദ്ധ അമ്മയുടെ ജനന തിരുനാളും, മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണവും നമ്മൾ ആചരിക്കുകയാണല്ലോ. അതോടൊപ്പം ശാഖകളും, മേഖലകളുമെല്ലാം കലാമത്സരങ്ങളുടെ ആരവങ്ങളിലേക്ക് പ്രവേശിക്കുകയാണ്. ഏറ്റവും

മനോഹരമായി, മിഷൻ ലീഗിന്റെ ചൈതന്യം ഉൾകൊണ്ട് ഓരോ പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാൻ നിങ്ങൾക്കാവട്ടെ. വചനം നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു "മനുഷ്യർ നിങ്ങളുടെ സത് പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (വി. മത്തായി 5:16).

**സന്തോഷച്ചൻ**

**വി. ജോൺ മരിയ വിയാനി ദിനം**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതയിലെ എല്ലാ വൈദികർക്കും ആശംസകൾ അറിയിച്ചുകൊണ്ടുള്ള പോസ്റ്റർ ഷെയർ ചെയ്തു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ വിയാനിഭവൻ സന്ദർശിച്ച് ആശംസകൾ അറിയിക്കുകയും മധുരം പങ്കിടുകയും ചെയ്തു. രൂപതാ പ്രസിഡന്റ് സിജിൻ കൂടക്കാട്ട് ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും വൈദികർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**കുഞ്ഞേട്ടൻ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും**

പാലാ രൂപതയിലെ ചെമ്മലമറ്റം ഇടവകയിൽ വച്ച് നടന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിലും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**ബാഡ്മിന്റൺ ടൂർണമെന്റ്**

വിയാനി ദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 9 ന് വൈദികർക്കായി മിഷൻലീഗിന്റെയും കെ.സി.വൈ.എം ന്റെയും നേതൃത്വത്തിൽ മേരിമാതാ കോളേജിൽവച്ച് പ്രീസ്റ്റ് പ്രീമിയർ ലീഗ് ബാഡ്മിന്റൺ ടൂർണമെന്റ് നടത്തപ്പെട്ടു.

**സ്വർഗ്ഗാരോപണ തിരുനാൾ ഒരുക്കം**

ഓഗസ്റ്റ് 1 മുതൽ 15 വരെ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന് സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കി ഷെയർ ചെയ്തു.

**കുഞ്ഞേട്ടൻ അനുസ്മരണവും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷവും**

മാനന്തവാടി രൂപതയുടെയും ചെറുകാട്ടൂർ ശാഖയുടെയും ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 16 ന് ചെറുകാട്ടൂർ ഇടവകയിൽ വച്ച് കുഞ്ഞേട്ടൻ അനുസ്മരണവും പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷവും നടത്തപ്പെട്ടു. ശാഖാ ഡയറക്ടർ

ഫാ. ജെയ്സ് ചെട്ട്യാശ്ശേരിയിൽ സ്വാഗതം ചെയ്യുകയും രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ യോഗം ഉദ്ഘാടനം ചെയ്യുകയും രൂപതാ പ്രസിഡന്റ് യോഗത്തിന് അദ്ധ്യക്ഷം വഹിച്ച് സംസാരിക്കുകയും സംസ്ഥാന പ്രസിഡന്റ്, ശാഖാ പ്രസിഡന്റ് തുടങ്ങിയവർ ആശംസകൾ അറിയിക്കുകയും ചെയ്തു. യോഗത്തിൽ ശാഖാ, രൂപതാ, സംസ്ഥാന അത്മായ നേതൃനിരയിലുള്ളവരെ ആദരിച്ചു.

**അൽഫോൻസാ Reel Competition**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ അൽഫോൻസാ റീൽസ് മത്സരത്തിൽ നൂറോളം പേർ പങ്കെടുക്കുകയും മിക്കശാഖകളിൽ നിന്നും പങ്കാളിത്തം ഉണ്ടാവുകയും ചെയ്തു. മത്സരത്തിൽ പങ്കെടുത്തവരെയും വിജയികളായവരെയും പ്രത്യേകം അഭിനന്ദിക്കുന്നു! വിജയികളായവർ
ഒന്നാം സ്ഥാനം: റബേക്ക ഏറത്ത്, നിലമ്പൂർ
രണ്ടാം സ്ഥാനം: അമല അന്ന ഷിബു, കല്ലോടി
മൂന്നാം സ്ഥാനം: അഷിൻ ടോണി ഉള്ളോപ്പിള്ളിൽ, പയ്യമ്പള്ളി

**രൂപതാ സാഹിത്യ മത്സരം**

ഓഗസ്റ്റ് 23 ന് രൂപതയിലെ 13 മേഖലകളിലായി രൂപതാതല സാഹിത്യ മത്സരം നടത്തപ്പെട്ടു. മത്സരങ്ങൾക്ക് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും മേഖലാ ഭാരവാഹികളും നേതൃത്വം നൽകി. മേഖലാ കേന്ദ്രങ്ങളിൽ മത്സരം നടത്താൻ എല്ലാ ക്രമീകരണങ്ങളും ചെയ്ത മേഖലാ ഭാരവാഹികളെ നന്ദിയോടെ ഓർക്കുന്നു.

**ജീവധാര 2026**

ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ജീവധാര 2026 എന്ന പേരിൽ രക്തദാന ക്യാമ്പ് നടന്നു.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

മേഖലാ സാഹിത്യമത്സരം ചുങ്കക്കുന്ന് ഫാത്തിമമാതാ സൺഡേ സ്കൂളിൽ വെച്ച് നടന്നു. 380 പേർ പങ്കെടുത്തു. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് മധുമൊഴികൾ എന്ന പോഗ്രാം സംഘടിപ്പിച്ചു. ജോയിന്റ് ഡയറക്ടേഴ്സ് ദിനാശംസകൾ കേക്ക് മുറിച്ച് ആശംസകൾ നേർന്നു.

**കല്ലോടി**

ദുക്റാന തിരുനാൾ ആഘോഷിച്ചു. വി. മരിയ ഗോരെത്തിയുടെ തിരുനാൾ ആഘോഷിച്ചു. 'സഭയെ അറിയാം' ഓൺലൈൻ ക്വിസ് മത്സരം നടത്തി. ലിറ്റർജിക്കൽ കലണ്ടർ തയ്യാറാക്കാൻ ശാഖകൾക്ക് നിർദ്ദേശം നൽകി. ഓൺലൈൻ സാഹിത്യ ശില്പശാല നടത്തി. സാഹിത്യ മത്സരം നടത്തി. ജോ. ഡയറക്ടറുടെ ഫീസ്റ്റ് ആഘോഷിച്ചു. 'സ്നേഹ സന്ദർശനം' ഗ്രാൻഡ് പാരന്റ്സിനെ സന്ദർശിച്ചു. ലഹരി വിരുദ്ധ ദിനാചാരണം നടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാൾ, ജോ. ഡയറക്ടേഴ്സ് ഡേ ഇവ ആഘോഷിച്ചു.

**നീലഗിരി**

ദുക്റാന തിരുനാൾ ആഘോഷിച്ചു. *Ecclesia Lumen* എന്ന പേരിൽ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. സർഗ്ഗ പുഷ്പം 2026 സാഹിത്യം മത്സരം നടത്തി. ഡയറക്ടർ നിഷ്വിൻ തേൻപ്പള്ളിയിൽ അച്ചന്റെ ജന്മദിനത്തിന് ആശംസകൾ അറിയിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു. അന്നേദിനം ജോ. ഡയറക്ടേഴ്സ്ഡേ ആയി ആചരിച്ചു. വി. അൽഫോൻസാമ്മയുടെ രൂപ അലങ്കാര മത്സരം നടത്തി. മേഖലയിലെ സിസ്റ്റേഴ്സിന് ഉപന്യാസ മത്സരം നടത്തി.

**മുള്ളൻകൊല്ലി**

മേഖലാ സാഹിത്യമത്സരം നടത്തി. അൽഫോൻസ നാമധാരികൾക്ക് ആശംസകൾ നേർന്നു. ഓൺലൈൻ സാഹിത്യ ശില്പശാല നടത്തി. ജോ. ഡയറക്ടർ സി. സായൂജ്യയുടെ നാമഹേതുകതിരുനാൾ ആഘോഷിച്ചു. രൂപത നടത്തിയ അൽഫോൻസ നാമധാരികളുടെ ഓൺലൈൻ പരിപാടിയിൽ മേഖല പങ്കെടുത്തു.

**ശാഖാ വാർത്തകൾ**

**വെള്ളൂന്നി**

സെന്റ് തോമസ് ഡേ ആചരിച്ചു. ഈ വർഷം ഇടവകയിൽ നിന്നും ഫുൾ എ പ്ലസ് നേടിയ 2 പേരെ ആദരിച്ചു. രോഗീ സന്ദർശനം, ഭവനസന്ദർശനം നടത്തി. വിശുദ്ധ കൊച്ചുത്രേസ്യയുടെ മാതാപിതാക്കളുടെ ജീവചരിത്രം അവതരിപ്പിച്ചു.

**കൊട്ടിയൂർ**

വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളും തോമാശ്ലീഹായുടെ തിരുനാളും സമുചിതമായി ആഘോഷിക്കുകയും ചെയ്തു. ദുക്റാന തിരുനാളിൽ എസ്എസ്എൽസി, പ്ലസ് ടു പരീ

ക്ഷകളിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു. അൾത്താര ബാലൻമാർക്ക് പരിശീലനം നൽകി. അന്താരാഷ്ട്ര ലഹരി ദിനത്തോടനുബന്ധിച്ച് സാമൂഹ്യ മാധ്യമങ്ങളിലൂടെ ലഹരിക്കെതിരെ ഉള്ള സന്ദേശങ്ങളും ലഹരിയുടെ ദൂഷ്യഫലങ്ങളെ കുറിച്ച് ക്ലാസ് എടുക്കുകയും ചെയ്തു.

**യവനാർകുളം**

ഭവനസന്ദർശനവും രോഗീ സന്ദർശനവും നടത്തി. ദുക്റാന തിരുനാളിൽ തോമസ് നാമധാരികളെ ആദരിച്ചു. പ്രാർത്ഥനാദിനം ആചരിച്ചു. മാർ അലക്സ് താരാമംഗലം പിതാവിന് ബിഷപ്പ് ഹൗസിൽ പോയി ആശംസകൾ അർപ്പിച്ചു. പോസ്റ്റർ രചന മത്സരം നടത്തി.

**പഴൂർ**

മീനങ്ങാടി വി. ഫ്രാൻസിസ് അസീസിയുടെ ദേവാലയം സന്ദർശിച്ചു. ഇടവകയിലെ പ്രായമായ മാതാപിതാക്കളെയും രോഗികളെയും CML അംഗങ്ങൾ സന്ദർശിച്ചു. തിരുബാലസഖ്യ കുട്ടികൾക്കായി ബൈബിൾ കഥപറച്ചിൽ മത്സരം നടത്തി.

**ആറാട്ടുതറ**

ദുക്റാന തിരുനാൾ ആചരിക്കുകയും തോമസ് നാമധാരികളെ ആദരിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കികയും ചെയ്തു. കഴിഞ്ഞ അധ്യയന വർഷത്തിൽ മതബോധനത്തിലും സ്കൂളിലും ഉന്നതവിജയം നേടിയ കുട്ടികളെ ആദരിച്ചു.

**ഒലിവുമല**

വി. അന്ന, യോവാക്കിം തിരുനാൾ ദിനത്തിൽ എല്ലാ മുതിർന്ന മാതാപിതാക്കളെയും ആദരിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ നാമധാരികളെ ആദരിച്ചു. വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരിയച്ചന് ആശംസകൾ നേർന്നു.

**പടമല**

വികാരി അച്ചന്റെ നാമഹേതുക തിരുന്നാളിൽ അച്ചന് ആശംസകൾ നേർന്നു. സെന്റ് തോമസ് നാമധാരികളെ ആദരിച്ചു. സമ്പൂർണ്ണ ബൈബിൾ എഴുതി പ്രകാശനം ചെയ്തു. സാഹിത്യ ശില്പശാല നടത്തി. രോഗീ സന്ദർശനം നടത്തി.

**കണിയാരം**

ദൈവവിളി സെമിനാർ നടത്തി. വി. കുർബാനയുടെ ഭക്തി

വളരുവാൻ ക്ലാസും ആരാധനയും നടത്തി. CML അംഗങ്ങളും ഗായകസംഘങ്ങളും ചേർന്ന് മ്യൂസിക് അഡോറേഷൻ നടത്തി. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ മേക്കിങ് കോമ്പറ്റീഷൻ നടത്തി.

**ദ്വാരക**

ലോഗോസ് ക്വിസ് പരിശീലനം നടത്തി. വി.പത്രോസ്, പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ ദിനം ലേഖന ഭാഗം വായിച്ച് ഇഷ്ട വചനങ്ങൾ കണ്ടെത്തി ക്വിസ് മത്സരം നടത്തി. സഭാദിനത്തോടനുബന്ധിച്ച് എന്റെ സഭയെ അറിയാൻ ക്വിസ് മത്സരം നടത്തി.

**കൽപ്പറ്റ**

കുട്ടികൾക്ക് വിശ്വാസജീവിതത്തെകുറിച്ച് സെമിനാർ, സാഹിത്യമത്സര സെമിനാർ, വി. അന്ന ജോവാക്കിം ജീവചരിത്രം പ്രസന്റേഷൻ, ഗ്രാൻഡ് പാരെന്റ്സിനോടൊപ്പം സെൽഫി മത്സരം നടത്തി. വൈദികരെ ആദരിച്ചു. കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തിൽ മുൻ ഭാരവാഹികളെ ആദരിച്ചു.

**മുള്ളൻകൊല്ലി**

ആർമിയിൽ സെലക്ഷൻ ലഭിച്ച മുൻ CML അംഗത്തെ ആദരിച്ചു. 2025-26 വർഷത്തിൽ സ്റ്റേറ്റ് തലത്തിൽ നടത്തിയ മദർ തെരേസ സേവന Cash അവാർഡും പ്രശസ്തിപത്രവും മുള്ളൻകൊല്ലി മിഷൻലീഗ് അംഗം ഫിലിപ്പ് അഗസ്റ്റിൻ പള്ളിത്തറ കരസ്ഥമാക്കി. അമ്മമാർക്ക് സെമിനാർ നടത്തി. മിഷൻ ഗ്രാമത്തിന് സഹായം നൽകി.

**ഭൂദാനം**

ദുക്റാന തിരുനാളിനൊരുക്കമായി തോമാശ്ലീഹായെ അലങ്കരിക്കുകയും തോമസ് നാമധാരികളെ ആദരിക്കുകയും ചെയ്തു. സാഹിത്യമത്സരത്തിനുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ഒരുക്കി അവരെ മത്സരത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തു.

**ചുള്ളിയാന**

ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ഒപ്പുശേഖരണം, ലഹരിവിരുദ്ധ റാലി, ഫ്ളാഷ് മോബ് എന്നിവ നടത്തി. പത്ത്, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ ആദരിച്ചു. തിരുബാലസഖ്യം കുട്ടികൾക്കായി ഫാൻസിഡ്രസ്സ് മത്സരം നടത്തി സമ്മാനങ്ങൾ നൽകി.

**പേരിയ**

ഭവനസന്ദർശനവും രോഗീസന്ദർശനവും നടത്തി. ദുക്റാന തിരുനാളിൽ കലാപരിപാടികൾ, സാഹിത്യമത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു. വി. കൊച്ചുത്രേസ്യയുടെ മാതാപിതാക്കളുടെ തിരുനാളിൽ വൈദികരുടെയും സന്യസ്തരുടെയും കുടുംബങ്ങളെ ആദരിച്ചു.

**മുട്ടിയേൽ**

പ്രവർത്തനവർഷം തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. CML അംഗങ്ങൾ കാഴ്ച സമർപ്പണം നടത്തി. വിശുദ്ധ അന്തോനീസ്, വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് എന്നിവരുടെ തിരുനാൾ ആഘോഷിച്ചു. വചന പഠനം നടത്തി.

**പുതിയിടംകുന്ന്**

വി. തോമാശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു. മഡഗാസ്കാർ മിഷനിലേക്ക് കൊന്തനിർമ്മാണം, കൊന്ത ശേഖരണം നടത്തി, നൽകി. ഗ്രാൻഡ്പാരൻസ് ഡേ ആഘോഷിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ജോയിൻ ഡയറക്ടേഴ്സ്ഡേ ആചരിച്ചു. ഇടവകയിലെ കുഞ്ഞുങ്ങൾ അൽഫോൻസാ വേഷധാരികളായി വി. ബലിയിൽ പങ്കെടുത്തു. വി. അൽഫോൻസാമ്മയുടെ ജീവചരിത്രം നൃത്തശില്പം അവതരിപ്പിച്ചു. കർമ്മല മാതാവിന്റെ തിരുനാളിൽ കുഞ്ഞുങ്ങൾ കിരീടങ്ങൾ നിർമ്മിച്ച് മാതാവിന് സമർപ്പിച്ചു.

**ബോസ്പാറ**

'വായനകൾ നല്ലതാകട്ടെ, ചിന്തകൾ വിശുദ്ധമാകട്ടെ' എന്ന ആപ്തവാക്യവുമായി വായനാദിനത്തിൽ ബൈബിൾ പാരായണയത്നം നടത്തി. തോമാശ്ലീഹായുടെ പ്രേഷിത ജീവിതത്തെ കുറിച്ചുള്ള ചരിത്രങ്ങൾ ഉൾക്കൊള്ളിച്ചുള്ള വീഡിയോ ഡോക്യുമെന്ററി 'സുവിശേഷമായവൻ' എന്ന പേരിൽ നിർമ്മിച്ചു. സമുദായ നേതാക്കളുടെ പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. സീറോ മലബാർ സഭയിൽ നിന്നുള്ള പുണ്യാത്മാക്കളെ കുറിച്ചുള്ള വിചിന്തന പരമ്പര ആരംഭിച്ചു. 'സുകൃതമായവൾ' എന്ന പേരിൽ അൽഫോൻസാ ഷോർട്ട് ഫിലിം നിർമിച്ചു. ഒരാഴ്ച നീണ്ടു നിന്ന അൽഫോൻസാ talk-audio podcast പരമ്പര സംഘടിപ്പിച്ചു. വിയാനിദിനത്തിൽ ബഹു. ഡയറക്ടർ അച്ചനെയും ഇടവകയിൽ നിന്നുള്ള വൈദികരെയും ആദരിച്ചു. പുണ്യകൂട്ടുകൾ എന്ന പേരിൽ കുഞ്ഞേട്ടന്റെ കത്തുകൾ പരിചയപ്പെടുത്തി.

**കബനിഗിരി**

വി. അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായി പ്രസംഗ മത്സരം, അൽഫോൻസ ഗാനാലാപന മത്സരം, ക്വിസ് എന്നിവ സംഘടിപ്പിച്ചു. വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ ദിനത്തിൽ ഗ്രീറ്റിംഗ്സ് കാർഡ് നിർമ്മാണം, ചിത്ര രചന മത്സരങ്ങൾ നടത്തി.

**റിപ്പൺ**

ഡിജിറ്റൽ ലോകത്തെ ജാഗ്രതയെക്കുറിച്ച് എല്ലാവർക്കും ബോധവൽക്കരണ ക്ലാസ് നടത്തി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് തിരുബാലസഖ്യ കുട്ടികൾ അൽഫോൻസാമ്മയുടെ വേഷത്തിൽ പള്ളിയങ്കണത്തിൽ ഒരുമിച്ചുകൂടി. ജോ. ഡയറക്ടേഴ്സ് ദിനം ആഘോഷിച്ചു.

**ഏലപ്പീടിക**

ഗ്രാൻഡ് പാരന്റ്സിനെ ആദരിച്ചു. കുട്ടികൾ സ്വന്തമായി വീടുകളിൽ പച്ചക്കറിതോട്ടം നട്ടുപിടിപ്പിച്ചു. ജോ. ഡയറക്ടേഴ്സ് ദിനത്തിൽ സി. ഷേർളിയെ ആദരിച്ചു. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഡിജിറ്റൽ കൊളാഷ് മൽസരം നടത്തി. അംഗത്വ സ്വീകരണം നടത്തി.

**കല്ലോടി**

വിവിധ കലാപരിപാടികളോടെ സെന്റ് തോമസ് ഡേ ആചരിച്ചു. ഭവനങ്ങൾ സന്ദർശിച്ച് ഗ്രാന്റ് പേരൻസിന് സമ്മാനങ്ങൾ നൽകി. പ്രായമായവരെ സന്ദർശിച്ച് അവർക്കായി കലാപരിപാടികളും, പ്രാർത്ഥനയും നടത്തി. രോഗീസഹായം, പഠന സഹായം എന്നിവ നൽകി. ദൈവവിളി സെമിനാർ, അൾത്താര സംഗമം എന്നിവ നടത്തി. മേഖലാ ക്വിസ് മത്സരത്തിൽ 1, 2, 3 സ്ഥാനങ്ങൾ കല്ലോടി ശാഖ കരസ്ഥമാക്കി.

**ചുങ്കക്കുന്ന്**

നിർധനരായ രോഗികളുടെ ഭവനം ശുചീകരിച്ചു. സഹന ജപമാല നടത്തി. ഇടവകയിലെ ഏറ്റവും പ്രായംചെന്ന പാറത്തോട്ടത്തിൽ ദേവസ്യ ചേട്ടനെയും ചേച്ചിയെയും ആദരിച്ചു. അൽഫോൻസാ നാമധാരികളെ ആദരിച്ചു. ജോ.ഡയറക്ടേഴ്സ് ഡേ ആചരിച്ചു. ഫിഫ വേൾഡ് കപ്പിന്റെ മാതൃകയിൽ വചന കപ്പ് നിർമ്മിച്ചു.

**വടപുറം**

അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് സി. എം. എൽ. കുട്ടികൾ നൊവേന ഏറ്റെടുത്തു നടത്തുകയും

പ്രസംഗമത്സരം നടത്തുകയും ജോ. ഡയറക്ടറ്റർ സിസ്റ്ററിനെ ആദരിക്കുകയും ചെയ്തു. ഗ്രാൻഡ് പാരൻസ് ഡേ നടത്തി, കുട്ടികൾ മാതാപിതാക്കൾക്ക് സമ്മാനം നൽകി.

**ചുള്ളിയോട്**

ഡയറക്ടർ ഫാ. ജയ്സൺ കള്ളിയാട്ടിന് ജന്മദിനാശംസകൾ നേർന്നു. സാഹിത്യ ശില്പശാല നടത്തി. അന്നാ ജൊവാക്കിം തിരുനാളിനോട് അനുബന്ധിച്ച് ദമ്പതികളെ ആദരിച്ചു. വിയാനി ദിനത്തിൽ വികാരി അച്ചന് മംഗളങ്ങൾ ആശംസിച്ചു. കുഞ്ഞേട്ടൻ അനുസമരണം നടത്തി.

**നെടുംബാല**

ബഹു. അനീഷ് പുരയ്ക്കലച്ചന്റെ നേതൃത്വത്തിൽ മിഷൻ ലീഗ് അംഗങ്ങൾക്കായി സെമിനാർ നടത്തി. സി. ജസ്നയുടെ നേതൃത്വത്തിൽ സെമിനാറും നടത്തി. ജോ. ഡയറക്ടേഴ്സ് ദിനത്തിൻ സി. മെൽവിയയെ ആദരിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി. ഗ്രാന്റ് പേരന്റ്സ്ഡേ ആചരിച്ചു.

**മുതിരേരി**

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ജോ. ഡയറക്ടറെ ആദരിച്ചു. ദൈവവിളി സെമിനാർ, വ്യക്തിത്വ വികാസ സെമിനാർ നടത്തി. വിയാനിദിനം ആഘോഷിച്ചു. കുഞ്ഞേട്ടൻ അനുസ്മരണദിനം നടത്തി. അൾത്താര ബാലൻമാർക്ക് ആശംസകൾ നേർന്നു.

**മാർട്ടിൻനഗർ**

സാഹിത്യ ശില്പശാല നടത്തി. സെന്റ് അൽഫോൻസ തിരുനാളിന് മുൻപായി അൽഫോൻസ സൂക്തങ്ങൾ ഗ്രൂപ്പുകളിലേക്ക് അയച്ചു. ക്ലാസ് തലത്തിൽ അൽഫോൻസ ക്വിസ് നടത്തി. വി. അൽഫോൻസാമ്മയുടെ ജീവചരിത്രം മിഷൻലീഗ് കുരുന്നുകൾ ടാബ്ലോയായി അവതരിപ്പിച്ചു.

**ധർമ്മഗിരി**

സാഹിത്യ മത്സരം, അൽഫോൻസാമ്മയുടെ രൂപാലങ്കാര മത്സരം എന്നിവയ്ക്ക് മേഖലയിൽ 2-ാം സ്ഥാനം നേടി. തിരുബാലസഖ്യം കുട്ടികൾക്ക് ഫാൻസിഡ്രസ്സ് മത്സരം നടത്തി. ശിശുഭവൻ സന്ദർശിച്ചു. അല്മായ ദിനത്തോടനുബന്ധിച്ച് മിഷൻ ലീഗിന്റെ ഭാരവാഹികളെ ആദരിച്ചു.

**തെനേരി**

അൽഫോൻസാ ക്വിസ് നടത്തി. കുഞ്ഞേട്ടൻ അനുസ്മരണ

ദിനത്തിൽ അല്മായ നേതൃത്വനിരയെ ആദരിച്ചു. സർഗാരോപണ തിരുനാളിൽ സൺഡേ സ്കൂളിന്റെയും ഭക്ത സംഘടനകളുടെയും വാർഷികാഘോഷവും നസ്രാണി ഫെസ്റ്റും സംയുക്തമായി ആഘോഷിച്ചു.

**വാഴവറ്റ**

മേഖലാ സാഹിത്യമത്സരത്തിൽ പങ്കെടുത്തു. ഇടവകയിലെ നിർധന കുടുംബത്തെ സന്ദർശിച്ച് സഹായം നൽകി. മേഖലയുടെ 'ഹലോ അച്ചാ' എന്ന പ്രോഗ്രാമിൽ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു. കുഞ്ഞേട്ടൻ അനുസ്മരണക്വിസ് മത്സരത്തിൽ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്തു.

**പാടിച്ചിറ**

രോഗീസന്ദർശനം നടത്തി. ദൈവവിളി പ്രോത്സാഹനം നടത്തി. 10 മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി സെമിനാർ നടത്തി. പൊതിച്ചോറ് വിതരണം ചെയ്തു. മരക്കടവ്, പനമരം വൃദ്ധമന്ദിരം സന്ദർശിച്ചു. ആശുപത്രി സന്ദർശനം നടത്തി രോഗികളെ സന്ദർശിച്ചു.

**ഓർമ്മിക്കാൻ**

| | |
|---|---|
| സെപ്റ്റംബർ. 1. | എട്ടു നോമ്പ് ആരംഭം |
| സെപ്റ്റംബർ. 5. | വി. മദർ തെരേസയുടെ തിരുനാൾ കാരുണ്യ ദിനം, അഗതിമന്ദിര സന്ദർശനം, അധ്യാപക ദിനം |
| സെപ്റ്റംബർ 8. | പരി.അമ്മയുടെ ജനന തിരുനാൾ അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം. |
| സെപ്റ്റംബർ. 9. | ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം ഡയറക്റ്റേഴ്സ് ദിനം |
| സെപ്റ്റംബർ. 14. | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| സെപ്റ്റംബർ. 21. | സംസ്ഥാന സാഹിത്യ മത്സരം, ഹൃദയലില്ലി സംസ്ഥാന സന്യസ്ഥ സാഹിത്യമത്സരം |
| സെപ്റ്റംബർ. 27. | മിഷൻ മാസ ആരംഭം ഉദ്ഘാടനം |

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി

# തിരുബാലസഖ്യം

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ സന്ദേശം മത്സരം ഓൺ ലൈനായി നടത്തപ്പെട്ടു. നൂറോളം കുട്ടികൾ ഈ മത്സരത്തിൽ പങ്കെടുക്കുകയും മികച്ച അവതരണങ്ങൾ ഉണ്ടാവുകയും ചെയ്തു. പങ്കെടുത്തവർക്കും വിജയികളായവർക്കും പ്രോത്സാഹന സമ്മാനത്തിന് അർഹരായവർക്കും അഭിനന്ദനങ്ങൾ. വിജയികളായവർ,

ഒന്നാം സ്ഥാനം : നഥാൻ കുരീക്കാട്ടിൽ, ആടിക്കൊല്ലി

രണ്ടാം സ്ഥാനം : ആൻഡ്രിയ മൂഞ്ഞനാട്ട്, ആറാട്ടുതറ
ലിമ റോസ് കണ്ടത്തിൻക്കര, മുള്ളൻകൊല്ലി

മൂന്നാം സ്ഥാനം : ലൂയിസ് വലിയവീട്ടിൽ, അടയ്ക്കാത്തോട്
സ്റ്റെർലിൻ മരിയ ചേലമറ്റത്തിൽ,
ബോസ്പാറ

വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് ഇടവകാതലത്തിൽ കുട്ടികൾ ഇടവക വൈദികരെ ആദരിക്കുകയും അവർക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു.

**സെപ്റ്റംബർ 2026**

* വിശുദ്ധൻ: വി. വിൻസന്റ് ഡിപോൾ
* തിരുനാൾ: വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
* നിയോഗം: എല്ലാ അധ്യാപകർക്കും വേണ്ടി
* സുകൃതം: കാവൽ മാലാഖയെ എനിക്ക് കൂട്ടായിരിക്കണമേ.
* വചനം: ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു (ലൂക്കാ 1:49).

**പ്രവർത്തനങ്ങൾ:**

* വിശുദ്ധ വിൻസന്റ് ഡിപോളിന്റെ തിരുനാളിനോട് അനുബന്ധിച്ച് രോഗികളെ സമർപ്പിച്ച് പ്രാർത്ഥനാ ദിനമായി ആചരിക്കുക.
* ലളിത പ്രാർത്ഥന ഡയറി: ദിവസവും ചൊല്ലിയ പ്രാർത്ഥനകളും ചെയ്ത നന്മകളും രേഖപ്പെടുത്തുവാൻ, ചിത്രങ്ങൾ അടങ്ങിയ ഡയറി തയ്യാറാക്കുക.
* ആനിമേറ്റേഴ്സ് സംഗമം ഓൺലൈൻ

**വിനീത മരിയ മഞ്ഞളി**
സെക്രട്ടറി

# Department of Youth Ministry

**ലൈഫ് ട്രെയിനിംഗ്**

എല്ലാ ദിവസവും രാവിലെ 5.15 ന് ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്കായി ഗൂഗിൾ മീറ്റ് നടത്തുന്നു. ബാച്ച് അടിസ്ഥാനത്തിൽ എല്ലാ ദിവസവും വിദ്യാർത്ഥികൾ പ്രചോദനാത്മകമായ സന്ദേശങ്ങൾ പറയുകയും, ഒരുമിച്ച് കരുണക്കൊന്ത ചൊല്ലുകയും, അവരുടെ അനുദിന ജീവിതത്തെ വിലയിരുത്തുകയും ചെയ്യുന്നു. പ്രസ്തുത ഓൺലൈൻ കൂട്ടായ്മയ്ക്ക് ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സിസ്റ്റർ ഷിജി മരിയ സി. എം. സി. എന്നിവർ നേതൃത്വം വഹിക്കുന്നു. ആഴ്ചയിലൊരിക്കൽ ബാച്ചടിസ്ഥാനത്തിൽ മാതാപിതാക്കളോടൊപ്പമുള്ള ഓൺലൈൻ മീറ്റിംഗിൽ വെച്ച് കുട്ടികളുടെ ആത്മീയ ജീവിതവും അനുദിനം ചെയ്യുന്ന കാര്യങ്ങളും മാതാപിതാക്കൾ പങ്കുവെച്ചു വരുന്നു.

**പോർസിങ്കുള ദണ്ഡ വിമോചനം**

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ 800-ാമത് മരണവാർഷികത്തോടനുബന്ധിച്ച് ഓഗസ്റ്റ് രണ്ടാം തീയതി പൂർണ്ണ ദണ്ഡ വിമോചനം ലഭിക്കുന്ന ദിവസമായിരുന്നതുകൊണ്ട് ഈ ദണ്ഡവിമോചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ലൈഫ് ട്രെയിനിംഗിലെ കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ട വിധത്തിൽ മനസ്സിലാക്കി കൊടുക്കുവാൻ വേണ്ടി ലാലച്ചന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 31-ാം തീയതി വൈകുന്നേരം ഒരു ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചു. 51 വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കന്മാരും പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുത്തു.

ഓഗസ്റ്റ് രണ്ടിന് കൂളിവയൽ വിശുദ്ധ മദർ തെരേസ ദേവാലയത്തിൽ വച്ച് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പൂർണ ദണ്ഡ വിമോചനം സ്വീകരിക്കാനുള്ള ക്രമീകരണങ്ങൾ നടത്തി. ഫാ. പ്രിയേഷ് എം. സി. ബി. എസ്., ഫാ. തോമസ് ഓ. സി. ഡി., ഫാ. ജോഫ്രി തുടങ്ങിയവർ കുമ്പസാരത്തിനും ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആരാധനയ്ക്കും ദണ്ഡവിമോചന പ്രാർത്ഥനകൾക്കും നേതൃത്വം നൽകി.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
ഡയറക്ടർ

# കെ. സി. വൈ. എം

**പ്രവർത്തന മാസാചരണം**

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് ആഗസ്റ്റ് ഒന്ന് മുതൽ മുപ്പത്തിയൊന്ന്വരെ കെ. സി. വൈ. എം. മാനന്തവാടി രൂപത മേഖല യൂണിറ്റുകൾക്കായി പ്രവത്തന മാസാചരണം സംഘടിപ്പിച്ചു. സമുദായ തനിമയുണർത്തുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന യൂണിറ്റുകൾക്കും മേഖലകൾക്കും (1,2,3 സ്ഥാനക്കാർക്ക്) സമ്മാനങ്ങൾ നൽകുന്നതാണ്. പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സെപ്റ്റംബർ 5 നുള്ളിൽ രൂപതാ ഓഫീസിൽ ഹാർഡ് കോപ്പിയായി സമർപ്പിക്കേണ്ടതാണ്.

**പ്രീസ്റ്റ് പ്രീമിയർ ലീഗ് (PPL 2026)**

വിയാനി ദിനത്തോടനുബന്ധിച്ച് കെ. സി. വൈ. എം. മാനന്തവാടി രൂപതയും, മിഷൻ ലീഗും, മേരി മാതാ കോളേജും ചേർന്ന് വൈദീകർക്കായി ഡബിൾസ് ബാഡ്മിന്റൺ ടൂർണമെന്റ് സംഘടിപ്പിച്ചു. ഫാ. അനൂപ് കാളിയാനിയിൽ, ഫാ. ജിതിൻ ചേറാടിയിൽ സഖ്യം ചാമ്പ്യന്മാരായി. ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി, ഫാ. സ്റ്റെഫിൻ റ്റി മെബിൻ തൈരംചേരിൽ O.Pream സഖ്യം ഫസ്റ്റ് റണ്ണേഴ്സ് അപ്പും, ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട്, ഫാ. പ്രകാശ് വെട്ടിക്കൽ സഖ്യം സെക്കന്റ് റണ്ണേഴ്സ് അപ്പും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**പത്രപ്രസ്താവനകൾ**

നീറ്റ് പരീക്ഷ: തങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും നീതി ഉറപ്പാക്കുന്നതിനും വേണ്ടി ഡൽഹിയിൽ സമരം ചെയ്യുന്ന വിദ്യാർത്ഥി സമൂഹത്തിന് കെ. സി. വൈ. എം. മാനന്തവാടി രൂപത പൂർണ്ണ പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിച്ചു. ഭരണഘടനാപരമായ അവകാശങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തുന്ന വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ കേൾക്കാനും അവയ്ക്ക് അടിയന്തരമായി പരിഹാരം കാണാനും അധികാരികൾക്ക് ബാധ്യതയുണ്ട് എന്ന് ചൂണ്ടിക്കാണിച്ച് പത്ര പ്രസ്താവന നൽകി.

പി. എസ്. സി. പരീക്ഷ ക്രമക്കേട്: ലക്ഷകണക്കിന് ഉദ്യോഗാർഥികളുടെ ഭാവി വച്ച് പന്താടുന്ന ക്രമക്കേടുകൾ തികച്ചും പ്രതിഷേധാർഹമാണെന്ന് രൂപതാസമിതി യോഗം വിലയിരുത്തി. പി. എസ്.സി. യുടെ വിശ്വാസ്യത തകർക്കുന്ന രീതിയിലാണ് അടുത്തകാലത്തായി ഉയർന്നു വരുന്ന ആരോപണങ്ങളെന്ന് രൂപത പ്രസിഡന്റ് നിഖിൽ ചൂടിയാങ്കൽ ചൂണ്ടിക്കാട്ടി. വൈസ് പ്രസിഡന്റ് വിന്ധ്യ പടിഞ്ഞാറേൽ, ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, സെക്രട്ടറി ക്രിസ്റ്റി കാരുവള്ളിത്തറ, ദിവ്യ പാട്ടശേരിയിൽ, കോഡിനേറ്റർ അമൽ ജോൺസ് തൊഴുത്തുങ്കൽ, ആനിമേറ്റർ സി. റോസ് ടോം എസ്. എ. ബി. എസ്. എന്നിവർ സംസാരിച്ചു.

**സ്വാഗതം**

കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കുമാരി ദിവ്യ പാട്ടശ്ശേരിയിൽ, കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. അമൽ ജോൺസ് തൊഴുത്തുങ്കൽ, സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കുമാരി റിയ ഇലഞ്ഞികുഴി എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

**നന്ദി**

കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ ജനറൽ സെക്രട്ടറിയായി കഴിഞ്ഞ ആറുമാസക്കാലം സ്തുത്യർഹമായ സേവനം ചെയ്ത ശ്രീ. റോബിൻ ബിജു വടക്കേക്കര, കോർഡിനേറ്ററായി കഴിഞ്ഞ 6 മാസക്കാലം സ്തുത്യർഹമായ സേവനം ചെയ്ത ശ്രീ. ബ്രിട്ടോ ജോൺ വാഴയിൽ എന്നിവർക്ക് രൂപതാകുടുംബത്തിന്റെ നന്ദി

**ഊർജ്ജ 2026**

കെ. സി. വൈ. എം. മാനന്തവാടി രൂപതാ 'ഊർജ്ജ 2026' അത്ലറ്റിക്സ് മത്സരങ്ങൾ ഒക്ടോബർ 2-ാം തീയതി നടത്തപ്പെടുന്നു. മേഖലകൾ തങ്ങളുടെ മത്സരാർത്ഥികളുടെ രജിസ്ട്രേഷൻ മുൻകൂട്ടി പൂർത്തീകരിക്കേണ്ടതാണ്.

**ജന്മദിനാശംസകൾ**

സംസ്ഥാന സെനറ്റ് അംഗം ഡ്യൂണ മരിയ കിഴക്കേമണ്ണൂർ, രൂപതാ സിൻഡിക്കേറ്റഗങ്ങൾ ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ, അതുല്യ പനച്ചിക്കൽ, ഏഷ്യൻ മിജാർക്ക് പ്രതിനിധി ഗ്രാലിയ

അന്ന അലക്സ് വെട്ടുക്കാട്ടിൽ എന്നിവർക്ക് ജന്മദിനാശംസകൾ. രൂപതാ സിൻഡിക്കറ്റ് അംഗം ആനിമേറ്റഴ്സ് പ്രതിനിധി സി. നാൻസി എസ്. എ. ബി. എസ്. ന് നാമഹേതുകതിരുനാൾ മംഗളങ്ങൾ നേർന്നു.

**പേൾ 2026 സാഹിത്യമത്സര ഫലങ്ങൾ**

SL NO. NAME PRIZE MEGHALA UNIT

**കഥാ രചന**

1. മരിയ സാന്ദ്ര വെള്ളിയാംകണ്ടത്തിൽ, I A, കല്ലോടി, കല്ലോടി
2. അനുപമ സാവിയോ കൂലിപ്പുരക്കൽ, II A, മണിമൂളി, മണിമൂളി
3. മെൽന കല്ലുങ്കത്തറയിൽ, III A, മുള്ളൻക്കൊല്ലി, ഇരുളം

**കവിതാ രചന**

1. മരിയ സാന്ദ്ര വെള്ളിയാംകണ്ടത്തിൽ, I A, കല്ലോടി, കല്ലോടി
2. അനറ്റ് കൂട്ടുങ്കൽ, II B, പയ്യമ്പള്ളി, ഒണ്ടയങ്ങാടി
3. അഞ്ചൽ കുന്നത്ത്, III B, തരിയോട്, ചെന്നലോട്

**നോട്ടീസ് രചന**

1. ലിസ് മരിയ പുതുപ്പള്ളിൽ, IA, മുള്ളൻക്കൊല്ലി, മുള്ളൻക്കൊല്ലി
2. ആൻസല മാടക്കുന്നേൽ, II A, നിലമ്പൂർ, വള്ളിക്കെട്ട്
3. സാന്ത്വന ചന്ദനപ്പറമ്പിൽ, III A, ബത്തേരി, മീനങ്ങാടി

**മുദ്രാവാക്യ രചന**

1. അജിസൺ അമ്പലത്തിങ്കൽ, I A, തരിയോട്, ചെന്നലോട്
2. ആൽബിൻ സിബി തുണ്ടത്തിൽ, II B, തരിയോട്, കോട്ടത്തറ
3. ജോസ്‌ലി മുണ്ടങ്ങാട്ടിൽ, III B, ദ്വാരക, കൊമ്മയാട്
4. അജിൻ ടോം മാത്യു വലിയവീട്ടിൽ, III B, മണിമൂളി, മണിമൂളി

**ഉപന്യാസ രചന**

1. ജോസ്‌ലി മുണ്ടങ്ങാട്ടിൽ, I B, ദ്വാരക, കൊമ്മയാട്
2. അലോണ ട്രീസ മിറ്റത്താനിയിൽ, II B, മുള്ളൻക്കൊല്ലി, മുള്ളൻക്കൊല്ലി
3. അജിൻ ടോം മാത്യു വലിയവീട്ടിൽ, III B, മണിമൂളി, മണിമൂളി

**പത്രവാർത്ത രചന**

1. ജോമോൻ പഴയവീട്ടിൽ, I A, തരിയോട്, കുറുമ്പാല
2. ജാനിയാ തടങ്ങഴിയിൽ, II A, ചുങ്കക്കുന്ന്, ചുങ്കക്കുന്ന്
3. ഐഡ പുതുശ്ശേരിൽ, III A, ദ്വാരക, കൊമ്മയാട്

**കാർട്ടൂൺ രചന**

1. അലൻ കൂവയ്ക്കൽ, I A, തരിയോട്, കുറുമ്പാല

2. ജസ്പിൻ പള്ളിക്കാത്തൊട്ടിയിൽ, II B, തരിയോട്, തരിയോട്
3. നിഖിൽ ജോളി വടക്കേക്കര, III B, മാനന്തവാടി, ആലാറ്റിൽ

**പോസ്റ്റർ രചന**

1. ഡൊമിനിക് കുന്നുംപുറത്ത്, I A, മണിമൂളി, പാലങ്കാര
2. ജസ്പിൻ പള്ളിക്കാത്തൊട്ടിയിൽ, II B, തരിയോട്, തരിയോട്
3. അമൽ വള്ളികുന്നേൽ, III C, ചുങ്കക്കുന്ന്, കൊട്ടിയൂർ
4. ടിന്റു പേരാംകോട്ടിൽ, III C, ബത്തേരി, മീനങ്ങാടി

**ട്രോൾ മേക്കിങ്**

1. അമൽ അമ്പലത്തിങ്കൽ, I B, തരിയോട്, ചെന്നലോട്
2. ആൽവിൻ വട്ടക്കാണിയിൽ, II B, മാനന്തവാടി, തവിഞ്ഞാൽ
3. അജിസൺ അമ്പലത്തിങ്കൽ, III B, തരിയോട്, ചെന്നലോട്

**ഡിജിറ്റൽ പോസ്റ്റർ**

1. ജസ്പിൻ പള്ളിക്കാത്തൊട്ടിയിൽ, I A, തരിയോട്, തരിയോട്
2. സ്നേഹ ആഞ്ഞിലിക്കൽ, II B, കൽപറ്റ, തേനേരി
3. ബിബിൻ അവനയിക്കൽ, III B, ചുങ്കക്കുന്ന്, വെള്ളൂന്നി

വിജയികൾക്ക് അഭിനന്ദനങ്ങൾ

**യൂണിറ്റ് വാർത്തകൾ**

**കൊട്ടിയൂർ**

ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ഇടവകയിലെ ഡോക്ടർമാരുടെ ഫോട്ടോകൾ ശേഖരിച്ച് ആശംസാ വീഡിയോ തയ്യാറാക്കി ഇടവക ഗ്രൂപ്പുകളിൽ പങ്കുവെച്ചു. വി. തോമ്മാശ്ലീഹായുടെ തിരുനാളിൽ വികാരി ഫാ. തോമസ് തുരുത്തേൽ അച്ചന് ഫീസ്റ്റിന്റെ ആശംസകൾ നേർന്നു. ദുക്റാനാ തിരുനാൾ പരിപാടികളുടെ ക്രമീകരണങ്ങളിൽ യുവജനങ്ങൾ സഹകരിച്ചു. യുവജന ദിനത്തിൽ യൂണിറ്റിന്റെ സ്വന്തം വെബ്സൈറ്റ് പ്രസിദ്ധീകരിച്ചു. മാനന്തവാടി രൂപതയിൽ ആദ്യമായി ഒരു യൂണിറ്റ് വെബ്സൈറ്റ് ആരംഭിക്കുന്നതിന് യൂണിറ്റ് മുൻകൈ എടുത്തു. കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ 'ഗ്രീൻ ഫ്യൂച്ചർ' പരിസ്ഥിതി വാരാചരണത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. 'റെഡ് റിബൺ' ലഹരി വിരുദ്ധ ക്യാമ്പയിനിലെ മികച്ച പ്രവർത്തനത്തിനും പുരസ്കാരം ലഭിച്ചു. ഇടവക ദൈവാലയത്തിലെ സോളാർ സിസ്റ്റം യുവജനങ്ങൾ കഴുകി വൃത്തിയാക്കി. ഓഗസ്റ്റ് പ്രവർത്തന മാസത്തിന് മുന്നോടിയായി യൂണിറ്റ് പ്രസിഡന്റ് അമൽ വള്ളിക്കുന്നലിന്റെ നേതൃത്വത്തിൽ ഓൺലൈൻ സിൻഡിക്കേറ്റ് മീറ്റിംഗ് ചേർന്നു.

മഴവെള്ളം കെട്ടിക്കിടന്ന പള്ളി മുറിയുടെ ടെറസ് യുവജനങ്ങൾ വൃത്തിയാക്കി. ഗ്രാൻഡ് പേരന്റ്സ് ദിന പരിപാടികളുടെ ക്രമീകരണത്തിനും സമ്മാനം പൊതിയുന്നതിനും യുവജനങ്ങൾ നേതൃത്വം നൽകി. കെ. സി. വൈ. എം. മാനന്തവാടി രൂപത സിൻഡിക്കേറ്റ് അതുല്യക്ക് ജന്മദിനാശംസകൾ നേർന്നു.

**പയ്യമ്പള്ളി**

കെ. സി. വൈ. എം. പയ്യംപള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ +1, +2 വിദ്യാർത്ഥികൾക്കായി IGNITE യുവജന സംഗമം നടത്തി. ഗെയിമുകൾ, ആരാധന, ആത്മീയ ശുശ്രൂഷകൾ എന്നിവയോടെ പുതിയ അംഗങ്ങളെ സ്വാഗതം ചെയ്തു. റിൻസൺ അച്ചൻ നേതൃത്വം നൽകി.

**നെടുമ്പാല**

കെ. സി. വൈ. എം. കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ സെന്റ് മേരിസ് നെടുമ്പാല ഇടവകയിൽ വച്ച് നടന്ന ജപമാല റാലിക്ക് കെ. സി. വൈ. എം. നെടുമ്പാല യൂണിറ്റ് നേതൃത്വം നൽകി. കെ. സി. വൈ. എം. പ്രവർത്തനമാസത്തോടനുബന്ധിച്ച് ഇടവകയിൽ പതാക ഉയർത്തുകയും വിവിധ തരം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. സെമിത്തേരി സന്ദർശനം നടത്തി. ഇടവകയിൽ വാർദ്ധക്യ സഹജമായ രോഗങ്ങൾ മൂലം കഷ്ടപ്പെടുന്ന വൃദ്ധമാതാപിതാക്കളെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**കയ്യൂന്നി**

യുവജന ദിനത്തിൽ യുവജനങ്ങൾ കുർബാനയ്ക്ക് നേതൃത്വം നൽകുകയും കാഴ്ച നടത്തുകയും പരസ്പരം ആശംസകൾ നേരുകയും ചെയ്തു. Lucky Boy and Girl ന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഫുട്ബോളും സ്കൂൾ ബാഗും സമ്മാനം നൽകി. പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി ഗായക സംഗമം നടത്തി. കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ പള്ളിയിൽനിന്ന് എല്ലാവർക്കും വെന്തിങ്ങ നൽകി. ഗ്രാൻഡ് പേരെന്റ്സ് ഡേയിൽ പള്ളിയിൽ വന്ന എല്ലാവർക്കും കൊന്തയും പൂക്കളും നൽകി ആശംസകൾ നേർന്നു. വി. അൽഫോൻസാമ്മയുടെ തിരുനാളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ ഉണ്ണിയപ്പം നൽകി.

**ദീപ്തിഗിരി**

സെന്റ് തോമസ് ഡേയിൽ കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ പായസം നൽകി. തോമസ് നാമധാരികൾക്ക് ആശംസ അറി

യിച്ചു. ഭവനസന്ദർശനം നടത്തി. ഗ്രാൻഡ് പേരെന്റ്സ് ഡേയിൽ സമ്മാനം നൽകി ആദരിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ആശംസകൾ നേർന്നു. ആനിമേറ്റർ സിസ്റ്റർക്ക് ഫീസ്റ്റിന്റെ ആശംസകൾ നേർന്നു.

**പുതിയിടംകുന്ന്**

എല്ലാ ദിവസവും വചന പോസ്റ്റർ ഇൻസ്റ്റാഗ്രാമിലൂടെ പോസ്റ്റ് ചെയ്യുന്നു. ലോക ഫോട്ടോഗ്രാഫി ദിനത്തോട് അനുബന്ധിച്ച് ഫാമിലി ഫോട്ടോ കോണ്ടെസ്റ്റ് നടത്തി. അംബേദ്കർ ഹോസ്പിറ്റലിലെ രോഗികൾക്ക് ഒരു ദിവസം കഞ്ഞി നൽകി. കെ. സി. വൈ. എം. ഭാരവാഹിയുടെ പിറന്നാൾ ആഘോഷപൂർവം നടത്തി. കെ. സി. വൈ. എം. അംഗങ്ങൾ ഒന്ന് ചേർന്ന് മഴ നടത്തം സംഘടിപ്പിച്ചു. ഡിജിറ്റൽ ടൂർണമെന്റ് നടത്തി.

**ആടിക്കൊല്ലി**

പ്രവർത്തന മാസാചരണ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രാർത്ഥനയും പതാക ഉയർത്തലും നടത്തി, കെ. സി. വൈ. എം. ആന്തം ആലപിച്ചു. വി. കുർബാനയിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കി. ദിനംപ്രതി വി. ബലിയിൽ 5 യുവജനങ്ങളെ സമർപ്പിച്ചു പ്രാർത്ഥന നടത്തുന്നു. യുവജന ഓൺലൈൻ കൂട്ടായ്മ നടത്തി. വിയാനി ഡേയുടെ ഭാഗമായി വികാരി അച്ചനെയും, മേഖലാ ഡയറക്ടർ, മേഖലയിലെ എല്ലാ വൈദീകരെയും ആശംസകളറിയിച്ചു. ആടിക്കൊല്ലി ബസ് സ്റ്റോപ്പിൽ ബസ് സമയവിവര ബോർഡ് സ്ഥാപിച്ചു. മീനങ്ങാടിയിൽ നടന്ന അസ്സീസി ഫുട്ബോൾ ടൂർണമെന്റിൽ യൂണിറ്റിലെ യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങൾക്ക് ആത്മീയവും മാനസികവുമായ പിന്തുണ നൽകുന്നതിന്റെ ഭാഗമായി കെ. സി. വൈ. എം. ആടിക്കൊല്ലി യൂണിറ്റ് യുവജനങ്ങൾക്കായി "HOPE LINE – Youth Counselling Help Desk" ആരംഭിച്ചു.

**ദിവ്യ പീറ്റർ പാട്ടശ്ശേരിയിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ഓഗസ്റ്റ് മാസം 7 മുതൽ 9 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 81 പേർ പങ്കെടുത്തു. **ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സെപ്റ്റംബർ 10, 11, 12,** തീയതികളിൽ വച്ച് വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു. ഒക്ടോബർ മാസത്തിലെ കോഴ്സ് 9, 10, 11, തീയതികളിൽ ആയിരിക്കും.

**രൂപതാ വാർത്തകൾ**

മാനന്തവാടി രൂപതയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമായ Teclesia യിൽ മാതൃവേദിയുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള പരിശീലനം രൂപതാ ഡയറക്ടർ ഫാ. ബിനു വടക്കേൽ മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് നൽകി. ഓരോ യൂണിറ്റിലെയും മാതൃവേദി അംഗങ്ങളെ എങ്ങനെയാണ് Teclesia യിൽ ഉൾപ്പെടുത്തേണ്ടതെന്നും പുതുതായി അംഗത്വം നൽകേണ്ടതെങ്ങനെയെന്നും അത് എങ്ങനെ കൈകാര്യം ചെയ്യണമെന്നും പ്രൊജക്ടർ ഉപയോഗിച്ച് അച്ചൻ വിശദീകരിച്ചു. അതുവഴി എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും Teclesia ചെയ്യുന്നതിനുള്ള അറിവുനേടി. ബൈബിൾ വായനയുടെ ഭാഗങ്ങളും നിയോഗ പ്രാർത്ഥനയും അടങ്ങുന്ന 'സാന്താ മോനിക്ക' പ്രാർത്ഥന കാർഡുകൾ ഓരോ ദിവസവും തയ്യാറാക്കി എല്ലാ യൂണിറ്റുകൾക്കും നൽകി വരുന്നു. ബൈബിൾ പഠനം ലക്ഷ്യം വെച്ചുകൊണ്ട് ലോഗോസ് പഠന ഭാഗങ്ങളെ ആസ്പദമാക്കി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ലോഗോസ് മോക് ടെസ്റ്റ് നടത്തി. ജൂലൈ 19 ന് മംഗലശ്ശേരി യൂണിറ്റിൽ 'സമുദായ ശക്തീകരണത്തിൽ മാതാക്കളുടെ പങ്ക്' എന്ന വിഷയത്തിൽ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട് ക്ലാസ്സെടുത്തു. ജൂലൈ 14 ന് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

**നന്ദി**

കഴിഞ്ഞ വർഷങ്ങളിൽ മേഖലാ ഡയറക്ടർമാരായി സേവനം

അനുഷ്ഠിച്ച ഫാ. അനീഷ് കാട്ടാത്ത് (ചുങ്കക്കുന്ന്), ഫാ. ബിജു തൊണ്ടിപ്പറമ്പിൽ (മാനന്തവാടി), ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ (പയ്യമ്പള്ളി), ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ (ദ്വാരക), ഫാ. പോൾ കൊരണ്ടിയാർകുന്നേൽ (നടവയൽ), ഫാ. ബിജു മാവറ (മുള്ളൻകൊല്ലി), ഫാ. റിജോസ് അരുമായിൽ (ബത്തേരി), ഫാ. ടോംസി സി. എം. ഫ് (കൽപ്പറ്റ), ഫാ. ബിനോയ് കാശാംകുറ്റിയിൽ (നീലഗിരി), ഫാ. ഷാജു മുളവേലിക്കുന്നേൽ (നിലമ്പൂർ), എന്നീ വൈദികർക്കും മേഖലാ ആനിമേറ്റർമാരായി സേവനം അനുഷ്ഠിച്ച സി. ജിസ SMS (മാനന്തവാടി), സി. ഷേർലി SKD (കല്ലോടി), സി. മെലിന്റ SKD (ദ്വാരക), സി. ജോളി CMC (നടവയൽ), സി. ലിറ്റിൽ മേരി SABS (ബത്തേരി), എന്നീ സിസ്റ്റേഴ്സിനും ഹൃദയം നിറഞ്ഞ നന്ദി.

**സ്വാഗതം**

മാതൃവേദി മേഖലാ ഡയറക്ടർമാരായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന ഫാ. സിജോ എടക്കുടി (ചുങ്കക്കുന്ന്), ഫാ. വിൻസെന്റ് കൊരട്ടിപറമ്പിൽ (മാനന്തവാടി), ഫാ. ജെയിംസ് പുത്തൻപറമ്പിൽ (പയ്യമ്പള്ളി), ഫാ. ജോണി മലയിൽ (ദ്വാരക), ഫാ. ഷാജു മുളവേലിക്കുന്നേൽ (നടവയൽ), ഫാ. സജി ഇളയിടത്ത് (മുള്ളൻകൊല്ലി), ഫാ. മാർട്ടിൻ പുതുശ്ശേരി (ബത്തേരി), ഫാ. ജോസ് കപ്യാരുമലയിൽ (കൽപ്പറ്റ), ഫാ. ജോർജ്കുട്ടി കണിപ്പള്ളിൽ (നീലഗിരി), ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ (നിലമ്പൂർ), എന്നീവൈദികർക്കും മേഖലാ ആനിമേറ്റർമാരായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന സി. മേരി DST ( മാനന്തവാടി ), സി. ഷീജ SKD, (കല്ലോടി), സി. ജൂലിയ SKD (ദ്വാരക), സി. സാലി ആൻസ് CMC (നടവയൽ), സി. ലിസ SKD (ബത്തേരി), എന്നീ സിസ്റ്റേഴ്സിനും ഹൃദ്യമായ സ്വാഗതം.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി**

നല്ല കാലാവസ്ഥയ്ക്കായി മേഖലയിലെ ഓരോ യൂണിറ്റും ഓരോ ദിവസമെന്ന രീതിയിൽ ജൂലൈ 1 മുതൽ 12 വരെ ഉപവാസ പ്രാർത്ഥന നടത്തി. വിശുദ്ധ തോമാശ്ലീഹാ എന്ന വിഷയത്തിൽ മേഖലാതല പ്രസംഗമത്സരം നടത്തി. വൈദികർക്കും സന്യസ്തർക്കും വേണ്ടി ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു.

അല്മായ മിഷനറിമാർക്കായി ദിവ്യകാരുണ്യ ആരാധന നടത്തി. വിവാഹം നടക്കാത്ത യുവജനങ്ങൾക്കായി ഉപവാസ പ്രാർത്ഥന നടത്തി.

**മണിമൂളി**

ദുക്റാന തിരുനാളിന്റെ ദിനത്തിൽ എല്ലാ അമ്മമാരും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും തോമസ് നാമധാരികളായവർക്ക് പൂക്കൾ നൽകി ആദരിക്കുകയും ചെയ്തു. ജൂലൈ 16 നു CMC സിസ്റ്റേഴ്സിനും AC സിസ്റ്റേഴ്സിനും ആശംസകൾ നേർന്നു. പ്രായമായ മാതാപിതാക്കളെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. സമ്പൂർണ്ണ ബൈബിൾ പാരായണം ഈ മാസം പാലേമാട് യൂണിറ്റ് വായിക്കുന്നു. കരുണ കൊന്ത പാലേമാട് യൂണിറ്റിനുവേണ്ടി ചൊല്ലി.

**കല്ലോടി**

2025-2026 വർഷത്തെ മികച്ച യൂണിറ്റുകൾ ആയി തെരഞ്ഞെടുക്കപ്പെട്ട പുതിയിടംകുന്ന്, കരിമ്പിൽ, വാളേരി, ദീപ്തിഗിരി, കല്ലോടി തുടങ്ങിയ യൂണിറ്റുകൾക്ക് ഉപഹാരങ്ങൾ നൽകുകയും മറ്റുള്ള യൂണിറ്റുകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്തു. 2026 എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് മെമെന്റോ നൽകി ആദരിച്ചു. *എക്സലൻസിയെ 2026* കല്ലോടിയിൽ വച്ച് നടത്തുകയും ഫൊറോന വികാരി സജി കോട്ടായിൽ അച്ചൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ബേബി വലരിയിൽ സാർ അമ്മമാർക്കുള്ള ക്ലാസ് നയിക്കുകയും ചെയ്തു.

**നടവയൽ**

മേഖല ഡയറക്ടറായി ചാർജെടുത്ത ഷാജു മുളവേലികുന്നേൽ അച്ചന് സ്വാഗതം നൽകി. കർമ്മല മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. മാതൃവേദി ആന്ത മത്സരത്തിൽ നടവയൽ യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ജൂലൈ 12 ന് നടവയൽ മേഖലയിലെ യൂണിറ്റുകളിലെ ആനിമേറ്റേഴ്സിന് സംഗമം നടത്തി. നടവയൽ മേഖല ആനിമേറ്ററായി ആയി നടവയൽ യൂണിറ്റിലെ സിസ്റ്റർ സാലി ആൻസിനെ തിരഞ്ഞെടുത്തു. ലോഗോസ് രജിസ്ട്രേഷൻ എല്ലാ യൂണിറ്റുകളും ചെയ്തു.

**ശാഖാ വാർത്തകൾ**

**വാകേരി**

ഗ്രാൻഡ് പേരെന്റ്സ് ഡേയിൽ പ്രായമായവരെയും കിടപ്പു രോഗികളെയും സന്ദർശിച്ചു പ്രാർത്ഥിച്ചു. ലോകസമാധാനത്തിന് വേണ്ടി ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. അന്നേ ദിവസം തന്നെ ഡോ. സി. ലിസ് മാത്യു 'അമ്മമാരും വൈകാരിക പക്വതയും' എന്ന വിഷയത്തിൽ സെമിനാർ നടത്തി. *ഇതാ കർത്താവിന്റെ ദാസി* എന്ന അമ്മ കൂട്ടായ്മയുടെ ദേവാലയ ക്ലീനിങ് ശുശ്രൂഷ നടത്തി. ദേവാലയ നിർമാണ നിയോഗം വച്ച് അമ്മമാർ 436 ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**വാളേരി**

ദുക്റാന തിരുനാൾ ദിനത്തിൽ തോമസ് നാമധാരികളെ ആദരിച്ചു. July 26 ഗ്രാൻഡ് പാരൻസ് ദിനമായി ആചരിച്ചു. പ്രായമായ മാതാപിതാക്കൻമാരെ വീടുകളിൽ സന്ദർശിച്ചു അവർക്കു വേണ്ടി പ്രാർത്ഥിച്ചു. ഇടവക മദ്ധ്യസ്ഥ വി. അൽഫോൻസാമ്മയുടെ മരണ തിരുനാൾ ആഘോഷമായി കൊണ്ടാടി. രോഗീ സന്ദർശനം നടത്തി. ആശുപത്രിയിൽ ഭക്ഷണമുണ്ടാക്കുവാൻ സഹായിച്ചു.

**കൊമ്മയാട്**

മാതൃവേദി ആന്തം മേഖലാതല മൽസരത്തിൽ കൊമ്മയാട് യൂണിറ്റ് രണ്ടാം സ്ഥാനം നേടി. സെന്റ് തോമസ് ഡേയിൽ റമ്പാൻ പാട്ട് അവതരിപ്പിച്ചു. ഗ്രാൻഡ് പാരൻസ് ഡേയിൽ ഇടവകയിലെ മുതിർന്ന മാതാവിനെയും പിതാവിനെയും ആദരിച്ചു. അൽഫോൻസാ ക്വിസ്സിൽ പങ്കെടുത്തു. അഖണ്ഡ ജപമാല, ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തി.

**വടപുറം**

ഗ്രാൻഡ് പാരന്റ്സ് ഡേയിൽ 80 വയസ്സിന് മുകളിലുള്ള അഞ്ച് ദമ്പതികളെ പൊന്നാട അണിയിച്ച് ആദരിച്ചു. അൽഫോൻസാമ്മയുടെ ജീവചരിത്രം വീഡിയോ പ്രസന്റേഷൻ നടത്തി മേഖലയിൽ മൂന്നാം സ്ഥാനം ലഭിച്ചു. മാതൃവേദി ആന്ത മത്സരത്തിന് മേഖലയിൽ ഒന്നാം സ്ഥാനം ലഭിച്ചു. കിഡ്നി രോഗിക്ക് ചികിത്സാ സഹായം നൽകി.

**പുതിയിടംകുന്ന്**

തോമസ് നാമധാരികളെ ആദരിച്ചു. ഗ്രാന്റ് പേരൻസ് ഡേയിൽ

പ്രായമായവരെ ഷാൾ നൽകി ആദരിച്ചു. മഡഗാസ്കർ മിഷനു വേണ്ടി 500 ജപമാല നിർമ്മിച്ചു നൽകി. മൈനർ സെമിനാരിയിൽ പോയി സെമിനാരി ഫണ്ട് 7500 രൂപ കൈമാറി. വചനകവചം മാതൃവേദി പ്രാത്ഥന, സാന്താ മോനിക്ക പ്രാത്ഥന എന്നിവയും ചൊല്ലി. രോഗീ സഹായം നൽകുന്നതിനായി കർക്കിടക മരുന്ന് ഉണ്ടാക്കി വിറ്റു. മാതൃവേദി ആന്തം മത്സരത്തിൽ മേഖലയിൽ ഒന്നാം സ്ഥാനം ലഭിച്ചു.

**ചുങ്കക്കുന്ന്**

തോമസ് നാമധാരികളെ ആദരിച്ചു. St. Thomas Church കൊളക്കാട് തീർത്ഥാടനം നടത്തി. ലഹരി വിരുദ്ധ ദിനത്തിൽ കയെഴുത്തു മാസിക അമ്മമാർ തയ്യാറാക്കി. കണ്ടപ്പുനം പ്രൊവിഡൻസ് ഹോം സന്ദർശനം നടത്തി. മെഡിക്കൽ ക്യാമ്പ് നടത്തി. 6000 രൂപയുടെ രോഗീ സഹായം നൽകി. ഒറ്റപ്ലാവ് അൽഫോൻസാ ദേവാലയത്തിലേക്ക് ജപമാല ചൊല്ലി പദയാത്ര പ്രയാണം നടത്തി ജൂലൈ 28 ന് തിരുനാളിൽ പങ്കെടുത്തു. അന്ന യോവക്കിം തിരുനാൾ ദിനത്തിൽ വീടുകളിൽ പോയി പ്രായമായവരെ ആദരിച്ചു. ജൂലൈ 16 ന് പള്ളിയിൽ വന്ന എല്ലാവർക്കും ഉത്തരീയം നൽകി.

**പാലാങ്കര**

തോമസ് നാമധാരികളെ ആദരിച്ചു. ഗ്രാൻഡ് പേരൻസിനെ സന്ദർശിക്കുകയും ആദരിക്കുകയും ചെയ്തു. വിശുദ്ധ തോമാശ്ലീഹായുടെ വീഡിയോ തയ്യാറാക്കി. ശാഖാ എക്സിക്യൂട്ടീവ് കൂടി.

**കാരക്കാമല**

ബൈബിൾ പഠനം ലക്ഷ്യം വച്ചുകൊണ്ട് ലോഗോസ് പഠന ഭാഗങ്ങളെ അടിസ്ഥാനമാക്കി ബൈബിൾ ക്വിസ് നടത്തി. മാതൃവേദി ആന്തം മത്സരത്തിൽ പങ്കെടുത്ത് ദ്വാരക മേഖലയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ഗ്രാന്റ് പേരെന്റ്സ് ഡേയിൽ ഇടവകയിലെ ഏറ്റവും പ്രായം കൂടിയ രണ്ടു ദമ്പതികളെ വികാരിയച്ചൻ പൊന്നാടയണിയിച്ച് ആദരിച്ചു. ദ്വാരക മേഖല നടത്തിയ ഓൺലൈൻ അൽഫോൻസാ ക്വിസിൽ സിസിലി നിരപ്പേൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. രോഗീസന്ദർശനം നടത്തി.

**മണിമൂളി**

ഒരു കുടുംബത്തിന് കട്ടിൽ, ബെഡ്, വീട്ടുസാധനങ്ങൾ

എന്നിവ നൽകി. ലഹരിക്കെതിരെ എക്സിക്യൂട്ടീവ് അംഗങ്ങൾ ജൂലൈ 14-31 വരെ സമ്പൂർണ ജപമാല ചൊല്ലി. 3 കുടുംബങ്ങൾക്ക് 2000, 6000, 2000 രൂപ വീതം ധനസഹായം നൽകി. വിയാനി ഭവൻ സന്ദർശിക്കുകയും, ഉച്ചഭക്ഷണം നൽകുകയും ചെയ്തു. മാനന്തവാടി മൈനർ സെമിനാരി സന്ദർശിക്കുകയും, 10,000 രൂപ നൽകുകയും ചെയ്തു. ഗ്രാന്റ് പേരെന്റ്സ് ഡേയിൽ, ഗ്രാൻഡ് പാരൻസിനെ സന്ദർശിക്കുകയും ആദരിക്കുകയും ചെയ്തു.

**പറളിക്കുന്ന്**

ജൂലൈ 6 വിശുദ്ധ മരിയ ഗൊരേത്തിയുടെ തിരുനാൾ ആഘോഷിച്ചു. ജൂലൈ 16 കർമ്മല മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. ജൂലൈ 26 ന് ഗ്രാൻഡ് പാരൻസ് ഡേയിൽ ഗ്രാൻഡ് പാരൻസിനെ പള്ളിയിൽ ആദരിച്ചു. യൂണിറ്റിലെ അമ്മമാരെ ലോഗോസ് ക്വിസ്സിൽ രജിസ്റ്റർ ചെയ്തു.

**കരിമ്പിൽ**

ദുക്റാന തിരുനാൾ ദിനത്തിൽ തോമസ് നാമധാരികൾക്ക് പൂച്ചെണ്ടു നൽകുകയും ചെയ്തു. കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഗ്രാൻപാരൻസ് ഡേ ആചരിച്ചു. വാഴവറ്റ അഗതിമന്ദിരം സന്ദർശിക്കുകയും നിത്യോപയോഗ സാധനങ്ങൾ നൽകുകയും ചെയ്തു.

**പാതിരിപ്പാടം**

ഗ്രാന്റ് പാരൻസ് ഡേ ദിനത്തിൽ 70 വയസിന് മുകളിൽ ഉള്ളവരെ ആദരിച്ചു. സമ്മാനവും, ലഘു ഭക്ഷണവും നൽകി. ജൂലൈ 27 ന് വി. അൽഫോൻസമ്മയുടെ തിരുനാളിന്റെ തലേ ദിവസം ദേവാലയത്തിൽ ഉണ്ണിയപ്പം നൽകി. അമ്മമാർ പള്ളിയും, പരിസരവും, സെമിത്തേരിയും വൃത്തിയാക്കി. July 28 തിരുനാൾ ദിനം മാതൃവേദി അംഗങ്ങൾ ഫുഡ് ഫെസ്റ്റ് (പിടി, കപ്പ, കോഴി) നടത്തി.

**ദീപ്തിഗിരി**

ദുക്റാന തിരുനാളിനോടനുബന്ധിച്ച് പുതിയ നിയമം, പഴയ നിയമം ബൈബിൾ എഴുതിയവരെ വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ മെഡൽ അണിയിച്ച് ആദരിച്ചു. അമ്മമാർക്ക് സെമിനാർ നടത്തി. ജിൻസ് പടമല ക്ലാസ് എടുത്തു. രോഗീ സന്ദർശനം നടത്തി. മാതൃവേദി ആന്ത മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥ

മാക്കി. വേദപാഠത്തിന് ഈ വർഷം ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ 10, 11, 12 ക്ലാസ്സിലെ കുട്ടികളെയും ആദരിച്ചു.

**ദ്വാരക**

'തോമസ് ഇന്നും ജീവിക്കുന്നു' എന്ന പേരിൽ സ്കിറ്റ് മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ ചേർന്ന് തയ്യാറാക്കുകയും ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുകയും ചെയ്തു. മാതൃവേദി ആന്തം മത്സരത്തിൽ പങ്കെടുക്കുകയും മേഖലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ ചേർന്ന് നവജീവൻ ട്രസ്റ്റിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഒരു ദിവസത്തെ ഭക്ഷണത്തിന്റെ ചെലവായ അയ്യായിരം രൂപ ഏൽപ്പിക്കുകയും അന്നേദിവസം ഭക്ഷണം ഉണ്ടാക്കുവാൻ സഹായിക്കുകയും ചെയ്തു.

**കബനിഗിരി**

ഡോക്ടേഴ്സ് ഡേയിൽ, ഇടവകയിൽ നിന്ന് ആതുര ശുശ്രൂഷ രംഗത്ത് പ്രവർത്തിക്കുന്ന ഡോ. അഖിൽ ജോസഫിനെ ആദരിച്ചു. അനുയോജ്യമായ കാലാവസ്ഥയ്ക്കും, നല്ല മഴ ലഭിക്കുന്നതിന് വേണ്ടിയും ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. യോവാക്കിം അന്ന തിരുനാൾ ദിനത്തിൽ, അന്ന നാമധാരികളെ ആദരിക്കുകയും, എല്ലാ, ഗ്രാൻഡ് പേരൻസിനും പ്രത്യേക സമ്മാനം നൽകുകയും ചെയ്തു. ലഹരി വിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി നടത്തിയ, റാലിയിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

**പനംഞ്ചിറ**

പ്രകൃതി ദുരന്തത്തിൽ അകപ്പെട്ടവർക്കായും ഉരുൾപൊട്ടലിൽ മരണപ്പെട്ട ചൂരൽമലയിലെ പ്രിയപ്പെട്ടവർക്കായും പ്രാർത്ഥിച്ചു. അൽഫോൻസാമ്മയുടെ തിരുനാളിന് ഒരുക്കമായുള്ള നൊവേനയിലും തിരുനാളിലും സംബന്ധിച്ച് അനുഗ്രഹങ്ങൾ യാചിച്ചു. ലോഗോസ് രജിസ്ട്രേഷൻ നടത്തി.

**ഒഴുക്കൻമൂല**

വിശുദ്ധ അന്നയുടെയും ജോവാക്കീമിന്റെയും തിരുനാൾ ദിനത്തിൽ ഇടവകയിലെ വൃദ്ധജനങ്ങളെ സന്ദർശിക്കുകയും അവരെ ആദരിക്കുകയും ചെയ്തു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ അമ്മമാർ ഉണ്ണിയപ്പം, നെയ്യപ്പം എന്നിവ കൊണ്ടുവന്ന്

വിതരണം ചെയ്തു. മാതൃവേദി online ആന്തം മത്സരത്തിൽ പങ്കെടുത്തു. മാസക്കുറി നടത്തി ആയിരം രൂപ മാതൃവേദിക്ക് സംഭാവന നൽകി.

**ഇരുളം**

തോമസ് നാമധാരികളെ ആദരിച്ചു. ഉപവാസ പ്രാർത്ഥന നടത്തി. നല്ല കാലാവസ്ഥക്കും, ആവശ്യത്തിനു മഴ ലഭിക്കുന്നതിനും വിവാഹം നടക്കാത്ത യുവജനങ്ങൾക്കും വേണ്ടി നിയോഗം വെച്ച് പ്രാർത്ഥിച്ചു. അനുദിന ദിവ്യബലിയിൽ പങ്കെടുക്കുന്ന 70 വയസ്സിന്മേൽ പ്രായമായ ഗ്രാൻഡ് പേരന്റ്സിനെ ആദരിച്ചു. അമ്മമാർക്ക് സെമിനാറും ജനറൽബോഡിയും നടത്തി. അൽഫോൻസാ ക്വിസ്സ് മത്സരം ഇടവകയിൽ നടത്തി. നവോമി സംഗമം നടത്തുകയും വിധവകളെ ആദരിക്കുകയും ചെയ്തു. രോഗീസന്ദർശനം നടത്തി.

**സീതാമൗണ്ട്**

മേഖലാ തലത്തിൽ നടത്തിയ മാതൃവേദി ആന്തം മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**ആലാറ്റിൽ**

ദുക്റാന തിരുനാൾ ആചരിച്ചു. ഇടവകയിലെ ഏറ്റവും കൂടുതൽ പ്രായമായ തോമസ് നാമധാരിയെ വീട്ടിൽ പോയി ആദരിച്ചു. സമ്മാനം നൽകി. സെമിനാരി വിദ്യാർത്ഥി സഹായമായി 1000 രൂപ മേഖലയിൽ ഏൽപിച്ചു. ഇടവകാംഗം മരണപ്പെട്ടപ്പോൾ ഭവനത്തിൽ പോയി പ്രാർത്ഥിക്കുകയും മരണ ഫണ്ട് 24750 രൂപ കൈമാറുകയും ചെയ്തു. മരണ വീട്ടിൽ ഭക്ഷണം ഉണ്ടാക്കാൻ സഹായിച്ചു. രോഗീസന്ദർശനം നടത്തി.

**മൺവയൽ**

ദുക്റാന തിരുനാൾ ആചരിച്ചു വിവിധ നിയോഗങ്ങൾ സമർപ്പിച്ച് ജപമാല എല്ലാ ദിവസവും നടത്തി. എക്സിക്യൂട്ടീവ് നടത്തി ജനറൽ ബോഡി നടത്തി. ഇടവകയിലെ ദമ്പതിമാരായ വൃദ്ധ മാതാപിതാക്കൻമാരെ ഭവനങ്ങളിൽ പോയി ആദരിച്ചു. രോഗീസന്ദർശനം നടത്തി.

**പാടിച്ചിറ**

കാരുണ്യ സ്പർശം മേഖലയായ പെയ്ൻ ആൻഡ് പാലിയേറ്റീവിൽ പാടിച്ചിറ യൂണിറ്റിലെ അമ്മമാർ സജീവമായി പങ്കെടുക്കുന്നു. പള്ളിയങ്കണത്തിൽ ഒരു ചെറിയ പൂന്തോട്ടം ലക്ഷ്യമാക്കി അമ്മമാരുടെ നേതൃത്വത്തിൽ നൂറോളം ചെണ്ടുമല്ലി നട്ടു. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് അൽഫോൻസ നാമധാരിയും വികലാംഗയുമായ ഒരു കുട്ടിക്ക് ഡ്രസ്സ് വാങ്ങി നൽകി. ജൂലൈ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും വിവാഹം നടക്കാത്ത യുവതി യുവാക്കന്മാർക്ക് വേണ്ടി അമ്മമാർ നിയോഗം വച്ച് ഉപവാസ പ്രാർത്ഥന നടത്തി.

**ഫാ. ജോസഫ് പരുവുമ്മേൽ &**
**ഫാ. ബിനു വടക്കേൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

'നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കട്ടെ' എന്ന സുവിശേഷ വചനത്തെ ജീവിത വഴിയിൽ അന്വർത്ഥമാക്കിക്കൊണ്ട്, മാനന്തവാടി രൂപതയുടെ സാമൂഹിക കാരുണ്യ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന പ്രസ്ഥാനമാണ് സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി.

എളിയവരിലും പാവപ്പെട്ടവരിലും ക്രിസ്തുവിന്റെ മുഖം ദർശിച്ച വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും, സൊസൈറ്റിയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനമിന്റെയും മാതൃക പിന്തുടർന്ന് നിശബ്ദവും വിപ്ലവകരവുമായ കാരുണ്യ പ്രവർത്തനങ്ങളാണ് സൊസൈറ്റി രൂപതയിലുടനീളം നടത്തിവരുന്നത്.

**സി സി ബോർഡ്, സി സി യോഗങ്ങൾ**

21/7/26, 27/7/26, 6/8/26 എന്നീ തീയതികളിൽ സി സി ബോർഡ് യോഗങ്ങൾ ചേർന്നു. 8/8/26 ന് നടവയൽ ഓസാനം ഭവനിൽ വെച്ച് സി സി യോഗം ചേരുകയുണ്ടായി. സി സി ബോർഡ് അംഗങ്ങളും എ സി പ്രസിഡണ്ടുമാരും പങ്കെടുത്തു. കല്ലോടി എ സി യുടെ പുതിയ പ്രസിഡന്റായി ബ്രദർ ബിനോ കടുപ്പിൽ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. സെപ്റ്റംബർ 12 ന് ദ്വാരക പാസ്റ്റർ സെൻട്രലിൽ വച്ച് നടക്കുന്ന സി സി വാർഷികത്തെ കുറിച്ച് വിശദമായ ചർച്ച നടത്തി. അഭിവന്ദ്യനായ മാർ അലക്സ് താരാമംഗലം പിതാവ് ഉദ്ഘാടനം ചെയ്യുന്ന സി സി വാർഷികത്തിൽ എല്ലാ കോൺഫറൻസ് അംഗങ്ങളും പങ്കെടുക്കണമെന്ന് സി സി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ അറിയിച്ചു. വാർഷികാഘോഷത്തിനുള്ള വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

**ഏരിയ കൗൺസിൽ വാർത്തകൾ**

**തരിയോട്**

വിൻസെൻഷ്യൻ വനിതാ ദിനത്തോട് അനുബന്ധിച്ച് തരിയോട് ഏരിയ കൗൺസിലിലെ സെന്റ് തെരേസ കോൺഫറൻസ് വിൻസെൻഷ്യൻ അംഗങ്ങൾ സൺഡേ സ്കൂളിൽ പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും ഉന്നത വിജയം നേടിയ വിദ്യാർഥികളെ ആദരിച്ചു.

**പാടിച്ചിറ**

9/8/26 ന് പാടിച്ചിറ എ സി യോഗം ചേർന്നു. ബഹുമാനപ്പെട്ട ജോർജ്ജ് മമ്പള്ളിൽ അച്ചൻ മുഖ്യാതിഥിയായിരുന്നു. കോൺഫറൻസുകൾ മാസത്തിൽ ഒരു ദിവസം ദേവാലയത്തിൽ ഒരുമിച്ചു കൂടി പ്രാർത്ഥന നടത്തുന്നു.

9 സ്കൂൾ വിദ്യാർത്ഥികൾക്കും 3 നേഴ്സിംഗ് വിദ്യാർത്ഥികൾക്കും 1 എഞ്ചിനീയറിംഗ് വിദ്യാർത്ഥിക്കും പഠനസഹായം നൽകി. എല്ലാ കോൺഫറൻസുകളും രോഗീസന്ദർശനം നടത്തുകയും 11 പേർക്ക് ചികിത്സാ സഹായം നൽകുകയും ചെയ്തു.

രണ്ട് കോൺഫറൻസുകൾ ഒസാനം ഭവൻ സന്ദർശിച്ചു. ഒരു ഭവനത്തിൽ ഷീറ്റ് വാങ്ങാൻ സാമ്പത്തിക സഹായം നൽകി. 3 ഭവനത്തിന് ഭക്ഷണ കിറ്റ് നൽകി. 1 ആൾക്ക് വസ്ത്രം വാങ്ങി നൽകി.

കിടപ്പുരോഗിയെ കുളിപ്പിക്കുക, വീടും പരിസരവും വൃത്തിയാക്കുക എന്നീ പ്രവർത്തനങ്ങൾ സ്ഥിരമായി ചെയ്തു വരുന്നു.

**കൊട്ടിയൂർ**

12/8/26 ബുധനാഴ്ച വൈകുന്നേരം 3 മണിക്ക് കൊട്ടിയൂർ ഏരിയ കൗൺസിൽ യോഗം ചുങ്കക്കുന്ന് ഫാത്തിമ മാതാ പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ചുങ്കക്കുന്ന് ഫൊറോനയിലെ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനെ കുറിച്ച് സജീവമായ ചർച്ച നടന്നു. ചുങ്കക്കുന്ന് ഫൊറോന വികാരിയും എ സിയുടെ ആത്മീയ ഉപദേഷ്ടാവുമായ റവ. ഫാ. ബിജു മാവറ, ഇന്നത്തെ കാലത്തിന് അനുസൃതമായ രീതിയിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത വിശദീകരിച്ചു. എ സി പ്രസിഡന്റ് സിസ്റ്റർ പ്രിയ തടങ്ങഴിയിൽ, സെക്രട്ടറി ബ്രദർ സോണി പൂത്തറ, ബ്രദർ ടോമി കാലായിൽ എന്നിവർ ഉൾപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു. സി സി പ്രസിഡണ്ട് ബ്രദർ ഷൈജൻ തടങ്ങഴിയിൽ സിസി റിപ്പോർട്ടിംഗ് നടത്തി. 23/8/26 ന് വെള്ളൂന്നി കോൺഫറൻസ് സന്ദർശിക്കാൻ എ സി ബോർഡ് തീരുമാനിച്ചു.

**ഓസാനം ഭവൻ നടവയൽ**

26/7/2026 ന് ഇൻഫന്റ് ജീസസ് കബനിഗിരി പാടിച്ചിറ AC സന്ദർശനം നടത്തി. 6 അംഗങ്ങൾ വരുകയും സംഭാവനകൾ നൽകുകയും ചെയ്തു.

27/7/26 ന് ഓസാനം ഭവനിൽ വെച്ച് മീറ്റിംഗും, ഓസാനം ഭവൻ ബോർഡ് മീറ്റിംഗും നടന്നു. എല്ലാ അംഗങ്ങളും പങ്കെടുത്തു.

4/8/26 ന് ആയുർവേദ ക്യാമ്പ് ഓസാനം ഭവനിൽ വെച്ച് നടന്നു. 2 ഡോക്ടർമാരും 3 നേഴ്സുമാരും പങ്കെടുത്തു. അപ്പച്ചൻ മാർക്ക് മരുന്നുകൾ നൽകി.

9/8/26 ന് സെന്റ് അൽഫോൻസ കോൺഫ്രൻസ് ബത്തേരി അംഗങ്ങൾ വരുകയും വിവിധ സാധനങ്ങൾ നൽകുകയും ചെയ്തു.

11/8/26 ന് ലിറ്റിൽ ഫ്ളവർ കോൺഫ്രൻസ് പാടിച്ചിറ എ സി യിലെ 7 അംഗങ്ങൾ സന്ദർശനം നടത്തുകയും സംഭാവനകളും, മറ്റ് ആവശ്യസാധനങ്ങളും ഓസാനം ഭവനിലേക്ക് നൽകുകയും ചെയ്തു.

12/8/26 ന് സെന്റ് മാർട്ടിൻ കോൺഫ്രൻസ്, അമ്പലവയൽ, ബത്തേരി എ സി യിൽ നിന്നും 6 അംഗങ്ങൾ വരുകയും സംഭാവന നൽകുകയും ചെയ്തു.

12/8/26 ന് ഓസാനം ഭവനിൽ വെച്ച് ഫിസിയോ തെറാപ്പി ക്യാമ്പ് നടന്നു. ഫിസിയോ തെറാപ്പിസ്റ്റ് ക്ലാസ്സ് എടുത്തു. എല്ലാ അപ്പച്ചൻമാരും പങ്കെടുത്തു.

**സ്വാതന്ത്ര്യ ദിനാഘോഷം**

**15/8/26 ശനിയാഴ്ച**

ഇന്ത്യയുടെ സ്വാതന്ത്ര്യ ദിനവും പരിശുദ്ധ കന്യകാമറിയ ത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും സംയുക്തമായി ആഘോ ഷിച്ചു. 7. 45 a.m ന് ലാസലെറ്റ് സഭാംഗം റവ. ഫാ. ജിസ് അച്ചന്റെ കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. അച്ചൻ വി. കുർബാന മധ്യേ മനോഹരമായ സന്ദേശം നൽകി.

വി. കുർബാനയ്ക്ക് ശേഷം 8.45 a.m ന് ചെയർമാൻ ബ്രദർ ഷൈജൻ തടങ്ങഴിയിൽ ചടങ്ങിൽ ദേശീയ പതാക ഉയർത്തി. അദ്ദേഹം സ്വാതന്ത്ര്യദിനസന്ദേശം നൽകി. മാനേജർ ബ്രദർ റോയി ലൂയീസ്, സെക്രട്ടറി ബ്രദർ ജോർജ്ജ് പറമ്പിൽ, കൊട്ടിയൂർ എ സി പ്രസിഡന്റ് സിസ്റ്റർ പ്രിയ തടങ്ങഴിയിൽ, ബ്രദർ വിൽസൺ അങ്ങേമഠത്തിൽ, സ്റ്റാഫ് അംഗങ്ങൾ, അപ്പച്ചന്മാർ എന്നിവർ പങ്കെ ടുത്തു. അപ്പച്ചന്മാർക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

ഉച്ചഭക്ഷണമായി അപ്പച്ചൻമാർക്ക് ബിരിയാണി നൽകി. പുൽപ്പള്ളി എ സി പ്രസിഡന്റ് ബ്രദർ അജി വിരിപ്പാമറ്റത്തിന്റെ നേതൃത്വത്തിൽ അപ്പച്ചൻമാർക്ക് പായസം വിതരണം ചെയ്തു. പുൽപ്പള്ളി എ സി യിലെ വിൻസെൻഷ്യൻ സഹോദരങ്ങളും ആഘോഷത്തിൽ പങ്കെടുത്തു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി.സി. പ്രസിഡന്റ്

### വികസനം വിശ്വാസതയിൽ അധിഷ്ഠിതമായിരിക്കണം: ബിഷപ്പ് മാർ ജോസ് പൊരുന്നേടം

വികസനം വിശ്വാസതയിൽ അധിഷ്ഠിതമായിരിക്കണമെന്നും വിശ്വാസ്യത ഇല്ലാത്തിടത്ത് വികസനം സാധ്യമാവുകയില്ല എന്നും മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഓർമ്മിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കഴിഞ്ഞ 50 വർഷം കൊണ്ട് നേടിയെടുത്ത വിശ്വാസ്യതയാണ് സർക്കാർ ഏജൻസ ികളും, കോർപ്പറേറ്റ് ഏജൻസികളും മറ്റ് വികസന പങ്കാളികളും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ വികസന പങ്കാളിയായി തെരഞ്ഞെടുക്കുന്നതിന് കാരണമായതെന്ന് പിതാവ് ഓർമ്മിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2026-2027 വർഷത്തെ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടാതെ പുതിയ തലമുറ സാമൂഹ്യ സേവന മാർഗത്തിലേക്ക് ഇറങ്ങണമെങ്കിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തണമെന്നും, വ്യക്തികളുടെ കഴിവ് പൂർണമായി പ്രയോജനപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വാർഷിക റിപ്പോർട്ട്, വാർഷിക കണക്കുകൾ എന്നിവ അവതരിപ്പിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി. എ. ബഡ്ജറ്റ്, ഭാവിപ്രവർത്തങ്ങൾ എന്നിവയും അവതരിപ്പിച്ചു. ഭരണസമിതി അംഗങ്ങളായ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, റവ. ഫാ. ജോണി കുന്നത്ത്, റവ. ഫാ. ജോസഫ് പരുവുമ്മേൽ, റവ. ഫാ. അനൂപ് കളിയാനിയിൽ, റവ. ഫാ. ജോമേഷ് തേക്കിലക്കാട്ടിൽ, റവ. ഫാ. ജോഫ്രി കളരിക്കൽ, സെബാസ്റ്റ്യൻ പാലംപറമ്പിൽ, ജോസ് പുഞ്ചയിൽ, പ്രദീപ് മാസ്റ്റർ, ബാലൻ പുതൂർ, വത്സ ജോസ്, ചാക്കോ ചെറുപ്ലാവിൽ, ബിജു ചുങ്കക്കുന്ന്, സിസിലി മാത്യു എന്നിവർ സംസാരിച്ചു.

**കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ വൃക്ഷത്തൈകൾ നട്ട് സംരക്ഷിക്കണം: ഡോ. ഇ. ജെ. ജെയിംസ്**

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനും പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനും വൃക്ഷത്തൈകൾ നട്ട് വളർത്തുകയും വനവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (CWRDM) മുൻ എക്സിക്യൂട്ടീവ് ഡയറക്ടറും കോയമ്പത്തൂരിലെ കാരുണ്യ ഡീംഡ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറുമായ ഡോ. ഇ. ജെ. ജെയിംസ് അഭിപ്രായപ്പെട്ടു. നബാർഡിന്റെ പിന്തുണയോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) നടപ്പാക്കുന്ന പുലിക്കാട് സ്പ്രിംഗ് ഷെഡ് പദ്ധതിയുടെ കാലാവസ്ഥാ വ്യതിയാന പ്രതിരോധ-ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഫല വൃക്ഷ, പോഷക, വനവൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വൃക്ഷങ്ങളും വനങ്ങളും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിൽ നിർണായക പങ്കാണ് വഹിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്ത് കാർബൺ സംഭരിക്കുന്നതിലൂടെ ഹരിതഗൃഹ വാതകങ്ങളുടെ വർധനവ് നിയന്ത്രിക്കാൻ മരങ്ങൾ സഹായിക്കുന്നു. കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും ഭൂഗർഭജല പുനർഭരണത്തിനും മഴവെള്ളം മണ്ണിലേക്ക് ആഗിരണം ചെയ്യുന്നതിനും മരങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. താപനില നിയന്ത്രിക്കുന്നതിനും ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും കർഷകർക്ക് ഫലങ്ങളും മറ്റ് ഉൽപന്നങ്ങളും ലഭ്യമാക്കുന്നതിനും വൃക്ഷാധിഷ്ഠിത കൃഷി സഹായകരമാണ്. അതിനാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളെ നേരിടുന്നതിനൊപ്പം കർഷകരുടെ ഉപജീവനവും ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അധ്യക്ഷത വഹിച്ചു. ഫാ. ജോണി കുന്നത്ത് മുഖ്യപ്രഭാ

ഷണം നടത്തി. ലോകബാങ്ക് കൺസൾട്ടന്റ് പി.കെ. കുര്യൻ, WSSS പ്രോഗ്രാം ഓഫീസർ പി.എ. ജോസ്, പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായ റോബിൻ ജോസഫ്, ദീപു ജോസഫ് നീർത്തട കമ്മിറ്റി അംഗങ്ങളായ കെ. ജെ. വർഗ്ഗീസ് കിഴക്കേപറമ്പിൽ, സെക്രട്ടറി സിനോജ് പി. ജെ. എന്നിവർ സംസാരിച്ചു

പുലിക്കാട് സ്പ്രിംഗ്ഷെഡ് പ്രദേശത്തെ 240 കർഷകർക്ക് വിവിധയിനം ഫലവൃക്ഷ, പോഷക, വനവൃക്ഷത്തൈകൾ വിതരണം ചെയ്തു. ജലസ്രോതസ്സുകളുടെ സംരക്ഷണം, ഭൂഗർഭജല പുനർ ഭരണം, മണ്ണ്-ജല സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന കാർഷിക രീതികളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് തൈകൾ വിതരണം ചെയ്തത്. നബാർഡിന്റെ പിന്തുണയോടെ WSSS നടപ്പാക്കുന്ന പുലിക്കാട് സ്പ്രിംഗ്ഷെഡ് പദ്ധതി ജലസ്രോതസ്സുകളുടെ സംരക്ഷണത്തോടൊപ്പം കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ കഴിയുന്ന സുസ്ഥിരമായ കാർഷിക-പ്രകൃതി വിഭവ മാനേജ്മെന്റ് രീതികൾ പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കർഷകരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഇത്തരം ഇടപെടലുകൾ പ്രദേശത്തിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഭാവിതലമുറയ്ക്ക് സുരക്ഷിതമായ ജല-പ്രകൃതി വിഭവങ്ങൾ ഉറപ്പാക്കുന്നതിനും സഹായകമാകും.

**രക്ഷാപ്രവർത്തനങ്ങൾക്ക് കരുത്തേകി WSSS: പടിഞ്ഞാറത്തറയിൽ 'സേഫ് വിതിൻ' ദുരന്തനിവാരണ സുരക്ഷാകിറ്റുകൾ വിതരണം ചെയ്തു**

ഉരുൾപൊട്ടലും മലവെള്ളപ്പാച്ചിലും വെള്ളപ്പൊക്കവും അടിക്കടി ഭീഷണി സൃഷ്ടിക്കുന്ന വയനാടൻ മലയോരങ്ങളിൽ, മഴക്കാല ദുരന്തങ്ങളെ മുന്നിൽ കണ്ട് രക്ഷാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കരുതലോടെ സന്നദ്ധ സംഘടനകൾ. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ പ്രകൃതിദുരന്തസാധ്യതയുള്ള പ്രദേശങ്ങളിൽ അതിവേഗത്തിലും സുരക്ഷിതമായും ഇടപെടുന്നതിനായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും (WSSS) കരിത്താസ് ഇന്ത്യയുടെയും (Caritas India) സംയുക്ത സംരംഭമായ 'സേഫ് വിതിൻ' പദ്ധതിയിലൂടെ ദുരന്തനിവാരണ സുരക്ഷാകിറ്റുകൾ വിതരണം ചെയ്തു.

ചുള്ളിയാന ഗുഡ്ഷെപ്പേർഡ് പള്ളിയോട് ചേർന്ന് പ്രവർത്തനം ആരംഭിച്ച ഡിസാസ്റ്റർ ക്ലിനിക്കിൽ വെച്ച് നടന്ന ചടങ്ങിൽ വികാരി ഫാ. സെബാസ്റ്റ്യൻ ഇലവനപ്പാറ അധ്യക്ഷത വഹിച്ചു. WSSS ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത്, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജോസഫ് പുല്ലുമാരിയിലിന് ഉപകരണങ്ങൾ കൈമാറിക്കൊണ്ട് പദ്ധതിയുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു.

കാലവർഷം കനക്കുന്ന സാഹചര്യത്തിൽ പടിഞ്ഞാറത്തറ പോലെയുള്ള വെള്ളപ്പൊക്ക-മണ്ണിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ ഇത്തരം മുൻകരുതലുകളും ഉപകരണലഭ്യതയും വലിയ ആശ്വാസമാണ് പകരുന്നതെന്ന് ചടങ്ങിൽ സംസാരിച്ചവർ വ്യക്തമാക്കി. അടിയന്തര സാഹചര്യങ്ങളിൽ ജീവൻരക്ഷാ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുന്ന ഗംബൂട്ട്, ലൈഫ്ജാക്കറ്റ്, ഹെഡ് ലൈറ്റ്, റിഫ്ലക്ടർ ജാക്കറ്റ്, റെയിൻ കോട്ട്, സേഫ്റ്റി ഹെൽമറ്റ്, റോപ്പ്, ഗ്ലൗസ്, വാക്കിടോക്കി, സൈറൺ, എമർജൻസി ലൈറ്റ്, വിസിൽ, ഫസ്റ്റ് എയ്ഡ് കിറ്റ് അടക്കമുള്ള അത്യാധുനിക സുരക്ഷാ സാമഗ്രികളാണ് വിതരണം ചെയ്തത്.

സമൂഹത്തിന്റെ വിവിധതുറകളിൽ നിന്നുള്ളവരും WSSS ന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം ലഭിച്ചവരുമായ 35 സന്നദ്ധ പ്രവർത്തകർ അടങ്ങുന്ന പടിഞ്ഞാറത്തറയിലെ പ്രത്യേക ടാസ്ക് ഫോഴ്സ് സംഘത്തിനാണ് ഈ സുരക്ഷാ കിറ്റുകൾ ലഭ്യമാക്കിയത്. ദുരന്തമുഖങ്ങളിൽ സ്വന്തം ജീവൻ അപകടത്തിലാക്കാതെ, കൂടുതൽ കാര്യക്ഷമമായും വേഗത്തിലും ഇവർക്ക് രക്ഷാപ്രവർത്തനം നടത്താൻ ഈ ഉപകരണങ്ങൾ സഹായകരമാകും. വയനാട് ജില്ലയിലുട നീളം പ്രകൃതി ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ തുടർച്ചയായാണ് ഈ ഇടപെടൽ.

ചടങ്ങിൽ WSSS പ്രോഗ്രാം ഓഫീസർ ശ്രീ. പി. എ. ജോസ്, ടാസ്ക് ഫോഴ്സ് പ്രസിഡന്റ് ശ്രീ. മാനുവൽ ജോസഫ്, സേഫ് വിതിൻ പ്രോജക്ട് കോർഡിനേറ്റർ ഡെൽന മേരി ജെയ്സൺ, കമ്മ്യൂണിറ്റി മൊബിലൈസർ സി. ദിവ്യ മുണ്ടയ്ക്കൽ S.D, സി.ആർ.സി കൗൺസിലർ സി. ലില്ലി S. H എന്നിവർ സംസാരിച്ചു. ടാസ്ക്ഫോഴ്സ് അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

**വയനാട്ടിൽ സമൂഹ അധിഷ്ഠിത ഗ്രാമീണ ടൂറിസം ശൃംഖല സ്ഥാപിക്കാൻ നബാർഡിന്റെ പിന്തുണയോടെ സമഗ്രപദ്ധതി**

വയനാടിന്റെ പ്രകൃതി, കാർഷികം, ആദിവാസി പൈതൃകം, സംസ്കാരം എന്നിവ സംരക്ഷിച്ചുകൊണ്ട് ഗ്രാമീണ ജനങ്ങൾക്ക് സ്ഥിരമായ ഉപജീവനവും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുന്നതിനായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) നബാർഡിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയുടെ ഭാഗമായി സമൂഹ അധിഷ്ഠിത ഗ്രാമീണ ടൂറിസം പദ്ധതി രൂപം നൽകുന്നു. ഇതുമായി ബന്ധപ്പെട്ട പദ്ധതിരൂപ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ വിദഗ്ധരെ ഉൾച്ചേർത്തുകൊണ്ടുള്ള ആസൂത്രണ ശിൽപ്പശാല വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നടന്നു.

വയനാട് ജില്ലയിലെ പ്രകൃതി സൗന്ദര്യം, പശ്ചിമ ഘട്ട ജൈവ വൈവിധ്യം, കാപ്പി-സുഗന്ധവ്യഞ്ജന തോട്ടങ്ങൾ, വന്യജീവി സങ്കേതങ്ങൾ, ആദിവാസി സംസ്കാരം, ഗ്രാമീണ ജീവിതരീതി, പാരമ്പര്യ ഭക്ഷണ സംസ്കാരം എന്നിവയെ അടിസ്ഥാനമാക്കി ഉത്തരവാദിത്വപരവും സമൂഹ അധിഷ്ഠിതവുമായ ഗ്രാമീണ ടൂറിസം മാതൃക വികസിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിനോദ സഞ്ചാരത്തിന്റെ സാമ്പത്തിക നേട്ടങ്ങൾ വലിയ റിസോർട്ടുകളിലും വാണിജ്യ സ്ഥാപനങ്ങളിലും മാത്രം കേന്ദ്രീകരിക്കാതെ കർഷകർ, ആദിവാസി കുടുംബങ്ങൾ, വനിതാ സ്വയം സഹായ സംഘങ്ങൾ, യുവജനങ്ങൾ, കരകൗശല പ്രവർത്തകർ, ചെറുകിട സംരംഭകർ എന്നിവരിലേക്കും എത്തിക്കുന്ന തരത്തിലുള്ള വികസന മാതൃകയാണ് ഈ പദ്ധതി മുന്നോട്ടുവയ്ക്കുന്നത്.

ശില്പശാലയുടെ ഉദ്ഘാടനം നബാർഡ് ജില്ലാ മാനേജർ ആനന്ദ് ആർ നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടിവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ (റിട്ടയേർഡ്) വിഷയാവതരണം നടത്തി. ലോക ബാങ്ക് കൺസൽറ്റന്റ് പി.കെ. കുര്യൻ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ റവ.ഫാ. ജോണി കുന്നത്ത്, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ എന്നിവർ നേതൃത്വം നൽകി.

പദ്ധതിയുടെ ഭാഗമായി ഗ്രാമീണ ഹോം സ്റ്റേകൾ, Away-Day Tourism (ഒരു ദിവസത്തെ ഗ്രാമീണ അനുഭവ യാത്രകൾ),

ഫാം ടൂറിസം, കാപ്പി-സുഗന്ധവ്യഞ്ജന തോട്ട സന്ദർശനം, ഗ്രാമ ജീവിതാനുഭവ പരിപാടികൾ, ആദിവാസി സംസ്കാരപരിചയം, പാരമ്പര്യ ഭക്ഷണ അനുഭവം, കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനം, പ്രകൃതി സഞ്ചാര പാതകൾ, പക്ഷിനിരീക്ഷണം, സൈക്കിൾ സവാരി, ട്രക്കിംഗ്, സാംസ്കാരിക പരിപാടികൾ എന്നിവ വികസിപ്പിക്കും. പ്രാദേശിക യുവാക്കളെ ടൂറിസ്റ്റ് ഗൈഡുകളായും ഗ്രാമീണ ആതിഥേയരായും സംരംഭകരായും പരിശീലിപ്പിക്കുന്നതിനൊപ്പം ഡിജിറ്റൽ ബുക്കിംഗ് പ്ലാറ്റ്ഫോം, ഏകീകൃത ബ്രാൻഡിംഗ്, ഗുണനിലവാര മാനദണ്ഡങ്ങൾ എന്നിവയും നടപ്പിലാക്കും. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ജില്ലയിൽ തെരഞ്ഞെടുത്ത ഗ്രാമങ്ങളിൽ അടിസ്ഥാന സർവേ നടത്തി ഹോം സ്റ്റേകൾ, കർഷകർ, വനിതാ സംഘങ്ങൾ, ആദിവാസി സമൂഹങ്ങൾ, കലാകാരൻമാർ, കരകൗശല പ്രവർത്തകർ, പ്രാദേശിക സംരംഭകർ എന്നിവരെ Community Based Rural Tourism Network (CRTN) എന്ന ഏകോപിത ശൃംഖലയുടെ ഭാഗമായി കൂട്ടിയിണക്കും. ഗ്രാമപഞ്ചായത്തുകൾ, ടൂറിസം വകുപ്പ്, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (DTPC), ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പ്രകൃതിയും സംസ്കാരവും സംരക്ഷിച്ചുകൊണ്ട് ഗ്രാമീണ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുകയും സ്ത്രീകൾക്കും യുവജനങ്ങൾക്കും ആദിവാസി സമൂഹങ്ങൾക്കും പുതിയ തൊഴിൽ-സംരംഭ അവസരങ്ങൾ സൃഷ്ടിക്കുകയും വയനാടിനെ രാജ്യത്തെ മികച്ച സമൂഹ അധിഷ്ഠിത ഗ്രാമീണ ടൂറിസം മാതൃകയായി വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ദീർഘകാല ലക്ഷ്യം. നബാർഡിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയുടെ ലക്ഷ്യങ്ങളുമായി പൂർണ്ണമായും യോജിക്കുന്ന ഈ സംരംഭം വയനാട്ടിലെ സുസ്ഥിര ഗ്രാമവികസനത്തിനും ഉത്തരവാദിത്തപരമായ വിനോദസഞ്ചാരത്തിനും പുതിയ ദിശാബോധം നൽകുമെന്ന് ഫാ. ജിനോജ് പാലത്തടത്തിൽ അറിയിച്ചു.

സ്ത്രീശാക്തീകരണത്തിന് പുതിയ വഴിതുറന്ന് നബാർഡും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും: കേരളത്തിലെ ആദ്യവനിതാ മൊബൈൽ ഫോൺ റിപ്പയറിങ് പരിശീലന പദ്ധതി ആരംഭിച്ചു.

സ്ത്രീകളെ സാങ്കേതിക തൊഴിൽ മേഖലയിലേക്ക് കൂടുതൽ സജ്ജരാക്കുകയും സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ അവസരമൊരുക്കുകയും ചെയ്യുന്ന ലക്ഷ്യത്തോടെ, നബാർഡിന്റെ (NABARD) സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) കേരളത്തിൽ ആദ്യമായി വനിതകൾക്കായി മൊബൈൽ ഫോൺ റിപ്പയറിങ് പരിശീലന പരിപാടി ആരംഭിച്ചു.

നിലവിൽ മൊബൈൽ ഫോൺ റിപ്പയറിങ് മേഖല പ്രധാനമായും പുരുഷന്മാർ കൈകാര്യം ചെയ്യുന്ന മേഖലയാണ്. മൊബൈൽ ഫോണുകളുടെ അറ്റകുറ്റപ്പണികൾക്കായി സ്ത്രീകൾ കൂടുതലായും പുരുഷ ടെക്നീഷ്യൻമാരെ ആശ്രയിക്കേണ്ട സാഹചര്യമുണ്ട്. പലപ്പോഴും വ്യക്തിപരമായ വിവരങ്ങളും സ്വകാര്യതയും സംബന്ധിച്ച ആശങ്കകൾക്കും സാമൂഹിക ബുദ്ധിമുട്ടുകൾക്കും ഇത് കാരണമാകാറുണ്ട്. ഈ സാഹചര്യത്തിന് പരിഹാരം കാണുകയും സ്ത്രീകളെ ഈ മേഖലയിൽ പ്രാവീണ്യമുള്ള സംരംഭകരായും സാങ്കേതികവിദഗ്ധരായും വളർത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ആദ്യഘട്ടത്തിൽ 30 വനിതകൾക്കാണ് അഞ്ച് മാസത്തെ പരിശീലനം നൽകുന്നത്. സെക്ടറൽ സ്കിൽ കൗൺസിൽ അംഗീകൃത സർട്ടിഫിക്കറ്റ് ലഭിക്കുന്ന ഈ പരിശീലനം തികച്ചും സൗജന്യമാണ്. കൂടാതെ ഓരോ പരിശീലനാർത്ഥിക്കും യാത്രാച്ചെലവിനായി പ്രതിമാസം 2,500 രൂപ വീതം ധനസഹായവും നൽകും. പ്ലസ്ടു വിജയിച്ച, 18 മുതൽ 35 വയസ് വരെയുള്ള വനിതകൾക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ അവസരം.

കേരളത്തിൽ നബാർഡ് ആദ്യമായി നടപ്പാക്കുന്ന ഈ സംരംഭം വിജയകരമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ മറ്റ് ജില്ല കളിലേക്കും വ്യാപിപ്പിക്കാനാണ് നബാർഡിന്റെ പദ്ധതി. സ്ത്രീകൾക്ക് സുരക്ഷിതവും മാന്യവുമായ സാങ്കേതിക സേവനങ്ങൾ ലഭ്യമാക്കുകയും, അതോടൊപ്പം സ്ത്രീകൾക്ക് പുതിയതൊഴിൽ-സംരംഭക അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഈ പദ്ധതി 'ഷീടാക്സി' മാതൃകയിൽ രൂപകൽപ്പന ചെയ്ത 'ഷീമൊബൈൽ റിപ്പയർ യൂണിറ്റുകൾ' എന്ന ആശയത്തിലേക്കുള്ള സുപ്രധാന ചുവട് വയ്പായാണ് വിലയിരുത്തപ്പെടുന്നത്.

പരിശീലന പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം മാനന്തവാടി നിയോജകമണ്ഡലം എം. എൽ. എ. ശ്രീമതി ഉഷാ വിജയൻ നിർവഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അധ്യക്ഷത വഹിച്ചു. സ്ത്രീകൾക്ക് സാങ്കേതിക മേഖലയിലേക്കുള്ള പ്രവേശനം വർധിപ്പിക്കുന്നതിനും ഡിജിറ്റൽ സേവനരംഗത്ത് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി മാതൃകാപരമായ ഇടപെടലാകുമെന്ന് MLA അഭിപ്രായപ്പെട്ടു.

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത്, വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ, പ്രോഗ്രാം ഓഫീസർ പി. എ. ജോസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പരിശീലനത്തിന്റെ ഭാഗമായി തയ്യാറാക്കിയ ലാബിന്റെ ഉദ്ഘാടനവും ശ്രീമതി ഉഷ വിജയൻ എം. എൽ. എ. നിർവഹിച്ചു.

**തുടിതാളം തെരുവുനാടകം ശ്രദ്ധേയമായി**

മാനസികാരോഗ്യ അവബോധവും ദുരന്തനിവാരണ സന്ദേശങ്ങളുമായി 'തുടിതാളം' ടീം അവതരിപ്പിച്ച തെരുവു നാടകവും നാടൻ പാട്ടുകളും ഉൾപ്പെടുന്ന കലാരൂപം എടവക, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തുകളിൽ ശ്രദ്ധേയമായി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും (WSSS) കാരിത്താസ് ഇന്ത്യയും ചേർന്ന് നടപ്പിലാക്കുന്ന 'സേഫ് വിതിൻ' പദ്ധതിയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. ബത്തേരി ശ്രേയസിന്റെ തുടിതാളം ടീം ആണ് തെരുവുനാടകം അണിയിച്ചൊരുക്കിയത്.

ദ്വാരക എ.യു.പി. സ്കൂൾ, ദ്വാരക ജംഗ്ഷൻ, പടിഞ്ഞാറത്തറ ഹയർ സെക്കൻഡറി സ്കൂൾ, പടിഞ്ഞാറത്തറ ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിലായിരുന്നു പ്രദർശനം. ലഹരിയുടെ ഉപയോഗം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ, മാനസികാരോഗ്യവും കൗൺസിലിംഗിന്റെ ആവശ്യകതയും, മഴക്കാല ദുരന്തപ്രതിരോധം, ടാസ്ക് ഫോഴ്സുകളുടെ സന്നദ്ധത തുടങ്ങിയ വിഷയങ്ങളാണ് നാടകത്തിലൂടെയും നാടൻ പാട്ടുകളിലൂടെയും അവതരിപ്പിച്ചത്. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോസഫ് പി.വി., ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ ഹാരിസ്, എടവക ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ ഷിൽസൺ WSSS എക്സിക്യൂട്ടീവ്

ഡയറക്ടർ ഫാ. ജിനോജ്, പ്രോഗ്രാം ഓഫിസർ പി. എ. ജോസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അധ്യാപകരും വിദ്യാർത്ഥികളും പൊതുജനങ്ങളും ഉൾപ്പെടെ വൻ ജനപങ്കാളിത്തത്തോടെയാണ് ബോധവൽക്കരണ പരിപാടി നടന്നത്. സേഫ് വിതിൻ പ്രോജക്ട് കോർഡിനേറ്റർ ഡെൽന മേരി ജയ്സൺ, കമ്മ്യൂണിറ്റി മൊബി ലൈസർ സി. ദിവ്യ മുണ്ടക്കൽ എസ്.ഡി, ബിഫ്രിങ് കൗൺസിലർ സിസ്റ്റർ ലില്ലി മാത്യു, സിസ്റ്റർ ഷൈനി ജോർജ് എന്നിവർ നേതൃത്വം നൽകി

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗുകൾ സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (WSSS) നേതൃത്വത്തിൽ ചുങ്കക്കുന്ന്, പുതുശ്ശേരിക്കടവ്, മൊതക്കര, പ്രശാന്ത ഗിരി, പാൽചുരം, ചെന്നലോട്, ഏലപ്പീടിക, ജൂഡ്സ്മൗണ്ട്, വഞ്ഞോട്, വാളേരി, കുഞ്ഞോം, നിരവിൽപുഴ, അമ്പായത്തോട്, വെള്ളൂന്നി, കൊട്ടിയൂർ, കണിയാരം, പടമല, കമ്മന, കാരക്കാമല, ഒഴുക്കന്മൂല, യവനാർകുളം, ചുള്ളിയാന, ആറാട്ടുതറ, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, ഒണ്ടയങ്ങാടി, പോരൂർ, മംഗലശ്ശേരി, തവി ഞ്ഞാൽ, കല്ലോടി, ശശിമല, പാടിച്ചിറ, മരകാവ്, നടവയൽ, പാറ ത്തോട്ടം, വലിയകൊല്ലി, പുതിയിടം, തോണിച്ചാൽ, ആലാറ്റിൽ എന്നിവിടങ്ങളിൽ സോഷ്യൽ വെൽഫെയർ സൊസൈറ്റി (SWS) മീറ്റിംഗുകൾ സംഘടിപ്പിച്ചു.

WSSS ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത്, SWS കോഡിനേറ്റർ ചിഞ്ചു മരിയ പീറ്റർ, പട്ടാണിക്കൂപ്പ് വികാരി ഫാ. സജി പുഞ്ചയിൽ, ഫാ. തോമസ് വാഴച്ചാലിൽ, ഫാ. ഗർവാസിസ് മറ്റത്തിൽ, ഫാ. ജെയ്സ് ചെട്ടിയാശ്ശേരി, ചുങ്കക്കുന്ന് അസിസ്റ്റന്റ് വികാരി ഫാ. ക്രിസ്റ്റി, ജൂഡ്സ്മൗണ്ട് വികാരി ഫാ. മനോജ് കാക്കോനാൽ, പാൽ ചുരം വികാരി. ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി, പയ്യമ്പള്ളി വികാരി ഫാ. ജെയിംസ് പുത്തൻപറമ്പിൽ, ഫാ. ഇമ്മാനുവേൽ അറക്ക പറമ്പിൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ എന്നിവരും SWS റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവരും മീറ്റിംഗു കൾക്ക് നേതൃത്വം നൽകി.

**പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ പദ്ധതികളും സേവനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർധനയ്ക്കുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, ആവശ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ ഒഴുക്കന്മൂല, കുറുമകൊല്ലി, കമ്മന, ചുണ്ടകൊല്ലി എന്നീ പ്രദേശങ്ങളിൽ പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുല്പന്ന നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു**

സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അരിവയൽ, അഞ്ചുകുന്ന്, കാപ്പിസെറ്റ് എന്നീ പ്രദേശങ്ങളിൽ സോപ്പ് നിർമ്മാണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. പരിശീലനത്തിലൂടെ പങ്കെടുത്തവർക്ക് ഗുണമേന്മയുള്ള ഉൽപ്പന്ന നിർമ്മാണത്തിനാവശ്യമായ സാങ്കേതിക അറിവും പ്രായോഗിക പരിശീലനവും നൽകി.

**ഓണാഘോഷ പരിപാടി സംഘടിപ്പിച്ചു**

കമ്മന, ചെന്നലോട്, പയ്യംമ്പള്ളി, യവനാർകുളം എന്നീ SWS യൂണിറ്റുകളിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ, വളരെയധികം തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2026-2028 വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 04935 240314 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജിനോജ് പാലത്തടത്തിൽ**

ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**നേതൃത്വ പരിശീലന ക്യാമ്പ്**

പാരീഷ് കോഡിനേറ്റേഴ്സിനും ടീം അംഗങ്ങൾക്കുമായി WSSS ൽ വെച്ച് നേതൃത്വ ശില്പശാല സംഘടിപ്പിച്ചു. വികാരി ജനറാൾ റവ.ഫാ.പോൾ മുണ്ടോളിക്കൽ പരിശീലനം ഉദ്ഘാടനം ചെയ്തു. കെ.എൽ.എം. സംസ്ഥാന ഡയറക്ടർ ആമുഖ പ്രഭാഷണം നടത്തി. WSSS ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത് അധ്യക്ഷനായിരുന്നു. WSSS പ്രോഗ്രാം ഓഫീസർ പി.എ ജോസ്, കെ.എൽ.എം രൂപതാ പ്രസിഡന്റ് ബിജു പോൾ എന്നിവർ പ്രസംഗിച്ചു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ സ്വാഗതവും കോഡിനേറ്റർ മിനിമോൾ നന്ദിയും പറഞ്ഞു.

വ്യക്തിഗത രേഖകളുടെ പ്രാധാന്യവും സൂക്ഷിക്കേണ്ട വിധവും, എന്ന വിഷയം റിട്ടേർഡ് ഡെപ്യൂട്ടി കലക്ടർ എം. ജെ. അഗസ്റ്റിൻ, സർക്കാർ പെൻഷൻ പദ്ധതികൾ എന്ന വിഷയം റിട്ടേർഡ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ജോബി തോമസ്, കെ. എൽ. എം. ഇടപെടൽ മേഖലകൾ എന്ന വിഷയം ഫാ. അരുൺ വലിയതാഴത്ത് എന്നിവർ അവതരിപ്പിച്ചു. WSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ സമാപന സന്ദേശം നല്കി. ഇടവകാതല പ്രവർത്തന പദ്ധതികൾ യോഗത്തിൽ അവതരിപ്പിച്ചു. 85 ഇടവകകളിൽ നിന്നായി 120 പേർ പരിശീലനത്തിൽ സംബന്ധിച്ചു.

**മണിമൂളി നിലമ്പൂർ റീജിയണൽ ക്യാമ്പ്**

മണിമൂളി, നിലമ്പൂർ റീജിയണിലെ പാരീഷ് കോഡിനേറ്റർമാർക്കും ടീം അംഗങ്ങൾക്കുമായി നടത്തിയ പരിശീലനം നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോന പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. പരിശീലനം ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ അധ്യക്ഷനായിരുന്നു. റീജിയണൽ കോഡിനേറ്റർ ജോയി ചാച്ചിറ സ്വാഗതവും ബിജു കോട്ടേപറമ്പിൽ നന്ദിയും പറഞ്ഞു. ഫൊറോനാ കോഡിനേറ്റർ വി.കെ. ജസ്റ്റിൻ ആശംസാ പ്രസംഗം നടത്തി.

കെ. എൽ. എം. ഇടപെടൽ മേഖലകൾ എന്ന വിഷയം കെ. എൽ. എം. സംസ്ഥാന ട്രഷറർ അഡ്വ. തോമസ് മാത്യുവും വ്യക്തിഗത രേഖകളുടെ പ്രാധാന്യം, റിട്ട: ഡപ്യൂട്ടി കളക്ടർ എം.ജെ അഗസ്റ്റിനും, പെൻഷൻ പദ്ധതികൾ റിട്ട: പ്ലാന്റേഷൻ ഇൻസ്പെക്ടർ ജോബി തോമസും അവതരിപ്പിച്ചു. സിഞ്ചെല്ലൂസ് ഫാ. ബെന്നി മുതിരക്കാലായിൽ സമാപന സന്ദേശം നല്കി. പതിനാറ് ഇടവകകളിൽ നിന്നായി അമ്പത് പേർ പരിശീലനത്തിൽ പങ്കെടുത്തു.

**നേതൃത്വപരിശീലനത്തിൽ തീരുമാനിച്ച പ്രവർത്തന പദ്ധതികൾ**

- തയ്യൽ തൊഴിലാളി, ചെറുകിട തോട്ടം തൊഴിലാളി, പ്രവാസി ക്ഷേമനിധി, അവിദഗ്ദ തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയിൽ എല്ലാ ഇടവകയിൽ നിന്നും അംഗങ്ങളെ ചേർക്കുക.
- വിദേശത്ത് തൊഴിലിനും പഠനത്തിനുമായി പോയിട്ടുള്ളവർക്ക് നോർക്ക ഐഡി കാർഡ് ലഭ്യമാക്കുക.
- എല്ലാവർക്കും പെൻഷൻ എന്ന ലക്ഷ്യത്തിനായി പ്രത്യേക പെൻഷൻ പദ്ധതിക്ക് രൂപം നല്കുക.
- ഫാമിലി ഹെൽത്ത് കെയർ പദ്ധതിയിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുക.
- സ്വയം തൊഴിൽ സംരംഭകരെ സംഘടിപ്പിച്ച് മാർക്കറ്റിംഗ് നെറ്റ് വർക്കിന് രൂപം നല്കുക.

**പാരീഷ് കമ്മിറ്റിയംഗങ്ങളുടെ പരിശീലനം**

സമുദായ ശക്തീകരണ വർഷാചാരണത്തിന്റെ ഭാഗമായി നടത്തിവരുന്ന പാരിഷ് കമ്മിറ്റി അംഗങ്ങൾക്കായുള്ള കല്ലോടി ഫൊറോനയിലെ പരിശീലനം കല്ലോടി, മക്കിയാട്, പുതിയിടംകുന്ന് എന്നിവിടങ്ങളിലായി നടന്നു. പരിശീലനത്തിൽ സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. ഫാ. ജോസ് കൊച്ചറക്കൽ, ഫാ. ജോസഫ് പരുവുമ്മേൽ, ഫാ. വിനോദ് പാക്കാനിക്കുഴി, ജോസ് മാത്യു പുഞ്ചയിൽ, സാലു അബ്രാഹം മേച്ചേരിൽ, സെബാസ്റ്റ്യൻ പാലം പറമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഫൊറോന വികാരി ഫാ. സജി കോട്ടായിൽ പരിശീലന സംഘാടനത്തിന് നേതൃത്വം നല്കി.

**തയ്യൽ തൊഴിലാളി സംഗമം നടത്തി**

പറളിക്കുന്ന് ഇടവകയിലെ തയ്യൽ തൊഴിലാളികളുടെ സംഗമം നടത്തി. അംഗങ്ങളെ ക്ഷേമനിധിയിൽ ചേർത്തു. വികാരി

ഫാ. അനീഷ് കാട്ടാത്ത് ഉദ്ഘാടനം ചെയ്തു. പാരീഷ് കോഡിനേറ്റർ മനോജ് നെല്ലിയാനിയിൽ, രൂപതാ ജോയിൻ്റ് സെക്രട്ടറി സവിത എന്നിവർ നേതൃത്വം നല്കി.

**പിന്നോക്ക വികസന കോർപ്പറേഷൻ പദ്ധതി വിശദീകരണം**

പിന്നോക്ക വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ പരിചയപ്പെടുത്തുന്നതിനായി കോർപ്പറേഷൻ WSSSൽ വെച്ച് നടത്തിയ പരിശീലനത്തിൽ കെ.എൽ.എം നെ പ്രതിനിധീകരിച്ച് ഇരുപത് പേർ പങ്കെടുത്തു.

**ക്ഷേമനിധി**

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ പുതിയ രജിസ്ട്രേഷൻ ആഗസ്റ്റ് 31 ന് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ നടത്തുന്നു. ഈ അദ്ധ്യയന വർഷത്തെ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് 8 വിദ്യാർത്ഥികളും ക്യാഷ് അവാർഡിന് 4 വിദ്യാർത്ഥികളും അർഹരായി.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെൻ്റ് പദ്ധതിയായ സ്വാവലംബനിൽ ചേർന്ന 9 അംഗങ്ങൾക്ക് ഈ മാസം റിട്ടയർമെൻ്റ് ആനുകൂല്യം ലഭിച്ചു. 06 പേരുടെ അപേക്ഷകൾ അയച്ചു.

**ഫാമിലി ഹെൽത്ത് കെയർ**

കെ.എൽ.എം വഴി കഴിഞ്ഞ വർഷം ആരംഭിച്ചു. ഫാമിലി ഹെൽത്ത് കെയർ പദ്ധതിയിൽ ചേർന്നവരുടെ പോളിസി പുതുക്കൽ പൂർത്തിയായി. പുതിയതായി ചേരാൻ താത്പര്യമുള്ളവർ KLM പാരീഷ് കോഡിനേറ്റർമാരെ അറിയിക്കുക.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. SAFP - FDP 6 Year Plan തയ്യാറാക്കൽ**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ എല്ലാ കുടുംബങ്ങളെയും സന്ദർശിച്ച് അടുത്ത 6 വർഷത്തേക്ക് അവർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്ന ജോലികൾ പ്രോജക്ട് കോഡിനേറ്റർ ശ്രീമതി ടിൻസിയുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. നാളിതുവരെ 162 ഭവനങ്ങൾ സന്ദർശിച്ച് 6 വർഷത്തേക്കുള്ള പ്ലാൻ തയ്യാറാക്കി.

**2. SAFP – Drinking Water Project – Video Shooting**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായി NDS ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളെ സന്ദർശിച്ച് അവരുടെ അഭിപ്രായങ്ങൾ ചിത്രീകരിക്കുന്നതിന്റെ ഭാഗമായി SAFP എറണാകുളം ഓഫീസിൽനിന്നും ഫാ. ജിജി കളവനാൽ SDB, എബി മാത്യു, ജോർജ് ജോസഫ് എന്നിവർ NDS ൽ വരികയും 2026 ജൂലൈ 30, 31 തീയതികളിലായി വീഡിയോ ചിത്രീകരണം നടത്തുകയും ചെയ്തു. അതിനായി ബോസ്പാറ യൂണിറ്റിൽ നിന്നും തിരഞ്ഞെടുത്ത, നിഷ സുധീഷ്, മിനി, നിഷ എന്നിവരുടെയും വിമലഗിരി യൂണിറ്റിൽ നിന്നും തിരഞ്ഞെടുത്ത ഷീബ ജോണി, തേൻകൊല്ലി ട്രൈബൽ കോളനിയിൽനിന്നും തിരഞ്ഞെടുത്ത ബാലകൃഷ്ണൻ എന്നിവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ഗുണഭോക്താക്കളോട് നേരിട്ട് സംവദിച്ച് അവരിൽ നിന്നും അഭിപ്രായങ്ങൾ കേൾക്കുകയും, വീഡിയോ ചിത്രീകരണം നടത്തുകയും ചെയ്തു.

**3. SAFP – Family Development Program – Cluster Wise Orientation Program**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന സേവ് എ ഫാമിലി പ്രോജക്ടിന്റെ ഭാഗമായ

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഗുണഭോക്താക്കളെ നേരിൽ കാണുന്നതിനും, പ്രോജക്ടിനെകുറിച്ച് അവരോട് വിശദമായി സംസാരിക്കുന്നതിനും, അവരുടെ സംശയങ്ങൾക്ക് മറുപടി നല്കുന്നതിനുമായി 3 ക്ലസ്റ്റർ മീറ്റിംഗുകൾ ഓഗസ്റ്റ് 18, 19 തീയതികളിലായി നടത്തി. മീറ്റിംഗിൽ SAFP-FDP പ്രോഗ്രാം മാനേജർ ശ്രീ. ക്രിസ്റ്റിൻ ജോസഫ് നേതൃത്വം നല്കി. ഓഗസ്റ്റ് 18-ാം തീയതി രാവിലെ 10.30 ന് കൽപ്ര യൂണിറ്റിയിലും, ഉച്ചകഴിഞ്ഞ് 2.30 ന് കയ്യൂന്നിയിലും, 19-ാം തീയതി രാവിലെ 10.30 ന് ഗൂഡല്ലൂർ NDS ഓഡിറ്റോറിയത്തിലും വെച്ച് ക്ലസ്റ്റർ മീറ്റിംഗുകൾ സംഘടിപ്പിച്ചു. തുടർന്ന് NDS മാനേജിംഗ് ഡയറക്ടർ ബഹു. ബിജു പൊൻപാറക്കൽ അച്ചന്റെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തുകയും, വിലയിരുത്തൽ നടത്തുകയും, സാധ്യമായി മറ്റ് പ്രോജക്ടുകളെ കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് അവയുടെ കൃത്യത ഉറപ്പുവരുത്തുകയും ചെയ്തു. ക്ലസ്റ്റർ മീറ്റിംഗുകൾക്ക് NDS എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. നിഷ്വിൻ തേൻപള്ളിൽ അച്ചനും, FD പ്രോജക്ട് കോഡിനേറ്റർ ശ്രീമതി റ്റിൻസി, NDS പ്രോഗ്രാം കോഡിനേറ്റർ ജോഷി എന്നിവർ ക്ലസ്റ്റർ മീറ്റിംഗുകളുടെ നടത്തിപ്പിനാവശ്യമായ നേതൃത്വവും സഹായവും ചെയ്തു.

**4. NDS വിമലഗിരി യൂണിറ്റ് സന്ദർശനം**

NDS വിമലഗിരി യൂണിറ്റിൽ 22.07.2026 ന് NDS എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. നിഷ്വിൻ തേൻപള്ളിയിൽ അച്ചന്റെയും, പ്രോജക്ട് കോഡിനേറ്റർ ജോഷിയുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി. NDS ന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റെടുത്ത നിഷ്വിൻ അച്ചനെയും, വിമലഗിരി യൂണിറ്റിന്റെ പുതിയ ഡയറക്ടറായി ചുമതലയേറ്റെടുത്ത ബഹുമാനപ്പെട്ട വിൻസെന്റ് പുതുശേരിയിൽ അച്ചനെയും ഭാരവാഹികൾ സ്വാഗതം ആശംസിച്ച് പൂക്കൾ നല്കി സ്വീകരിക്കുകയും ചെയ്തു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് യൂണിറ്റ് കോഡിനേറ്റർ ശ്രീമതി സാലി സ്വാഗതം ആശംസിച്ചു. തുടർന്ന് യൂണിറ്റിന്റെയും, സ്വാശ്രയസംഘങ്ങളുടെയും പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി NDS ന്റെ ആരംഭവും, വളർച്ചയും, നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളും അംഗങ്ങൾക്ക് പരിചയപ്പെടുത്തി. തുടർന്ന് NDS എക്സിക്യൂട്ടിവ് ഡയറക്ടർ ബഹു. നിഷ്വിൻ തേൻപള്ളിയിൽ

അച്ചൻ, വളരെ മികച്ച രീതിയിൽ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന NDS വിമലഗിരി യൂണിറ്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. തുടർന്ന് യൂണിറ്റ് ഡയറക്ടർ ബഹു. വിൻസെന്റ് അച്ചൻ സ്വാശ്രയസംഘങ്ങളുടെ ആവശ്യകതയെകുറിച്ചും, സ്ത്രീകളുടെ കൂട്ടായ്മ സമൂഹത്തിൽ സൃഷ്ടിക്കുന്ന മാറ്റങ്ങളെകുറിച്ചും സംസാരിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീമതി മോളി ഏവർക്കും നന്ദി പറഞ്ഞു.

**5. NDS ബോസ്പാറ യൂണിറ്റ് വിലയിരുത്തൽ മീറ്റിംഗ്**

NDS ബോസ്പാറ യൂണിറ്റിൽ 08.08.2026 ന് യൂണിറ്റ് വിലയിരുത്തൽ മീറ്റിംഗ് നടത്തപ്പെട്ടു. NDS യൂണിറ്റ് ഡയറക്ടർ ബഹു. ജെയ്നേഷ് അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മീറ്റിംഗിന്, മേഖലാ കോഡിനേറ്റർ ജോഷി പങ്കെടുത്തു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് യൂണിറ്റ് കോഡിനേറ്റർ ശ്രീമതി. നിഷ സ്വാഗതം ആശംസിച്ചു. തുടർന്ന് യൂണിറ്റിന്റെയും, സ്വാശ്രയ സംഘങ്ങളുടെയും പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തുടർന്ന് ക്രെഡിറ്റ് യൂണിയനിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് കോഡിനേറ്റർ സംസാരിക്കുകയും, അംഗങ്ങളുടെ ആവശ്യപ്രകാരം ക്രഡിറ്റ് യൂണിയനെകുറിച്ച് ഒരു ക്ലാസ് നടത്തണമെന്ന് തീരുമാനിക്കുകയും ചെയ്തു. യൂണിറ്റ് സെക്രട്ടറി സാലി ഏവർക്കും നന്ദി പറഞ്ഞു.

**6. NDS കയ്യൂന്നി യൂണിറ്റ് വാർഷിക ആഘോഷവും, ഭാരവാഹികളുടെ തിരഞ്ഞെടുപ്പും**

NDS കയ്യൂന്നി യൂണിറ്റിൽ 09.08.2026 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് യൂണിറ്റിന്റെ വാർഷികം നടത്തപ്പെട്ടു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് യൂണിറ്റ് പ്രസിഡന്റ് ശ്രീ. ഷാജി കെ. എം. സ്വാഗതം ആശംസിച്ചു. തുടർന്ന് NDS മാനേജിംഗ് ഡയറക്ടറും, കയ്യൂന്നി യൂണിറ്റ് ഡയറക്ടറുമായ ബഹു. ബിജു പൊൻപാറക്കലച്ചൻ അദ്ധ്യക്ഷ പ്രസംഗം നടത്തി. NDS എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. നിഷ്വിൻ തേൻപള്ളിയിൽ അച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് യൂണിറ്റ് കോഡിനേറ്റർ ശ്രീമതി സാലി കുര്യൻ വാർഷിക റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും പൊതുയോഗം അത് പാസാക്കുകയും ചെയ്തു. എക്സിക്യൂട്ടീവ് അംഗം ശ്രീ. ജോസഫ് മീറ്റിംഗിന് ആശംസകൾ അർപ്പിച്ചു. തുടർന്ന് 2026-27 വർഷത്തേക്കുള്ള പുതിയ ഭരണസമിതിയുടെ തിരഞ്ഞെടുപ്പ് നടത്തി. മേഖലാ കോഡിനേറ്റർ ജോഷി അവർക്ക് ആശംസകൾ

അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. 2025-26 വർഷത്തിൽ മികച്ച വിജയം കരസ്ഥമാക്കിയ 10, 12 ക്ലാസുകളിലെ കുട്ടികളെയും, വ്യത്യസ്ത വിഷയങ്ങളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയവരെയും, കഴിഞ്ഞ ഭരണസമിതിയിൽ സ്തുത്യർഹമായ സേവനം ചെയ്ത ഭാരവാഹികളെയും ആദരിച്ചു. തുടർന്ന് കുട്ടികളുടെയും, സ്ത്രീകളുടെയും വൈവിധ്യങ്ങളായ കലാപരിപാടികൾ വേദിയിൽ അവതരിപ്പിക്കപ്പെട്ടു. ദേശീയഗാനം ആലപിച്ച് പരിപാടികൾ അവസാനിപ്പിച്ചു.

**7. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

NDS ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പെയിൻ & പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ 2026 ആഗസ്റ്റ് മാസം 05, 06, 19 തിയ്യതികളിലായി പാട്ടവയൽ, കയ്യൂന്നി, കുന്നലാടി എന്നീ പ്രദേശങ്ങളിൽ പോയി പാലിയേറ്റിവ് കെയർ ശുശ്രൂഷകൾ ചെയ്തു. വയോധികരായ ആളുകളെ കണ്ട് സംസാരിക്കുകയും, അവർക്ക് ആവശ്യമായ ശുശ്രൂഷകൾ ചെയ്യുകയും ചെയ്തു. സ്ഥിരമായി Catheterization ചെയ്യുന്ന 5 കിടപ്പു രോഗികൾക്ക് Catheter മാറ്റി നല്കി. 2 രോഗികൾക്ക് പാംമ്പേഴ്സ് നല്കി. 6 രോഗികൾക്ക് ബി. പി. മരുന്നുകൾ സ്ഥിരമായി നല്കി വരുന്നു. രോഗികളുടെ ബി.പി, SP02, Pulse, GRBS ഇവ പരിശോധിക്കുകയും മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു. കുന്നലാടി കോളനിയിലുള്ള ബിസ്വിക എന്ന കുട്ടിക്ക് കുട, സ്ലേറ്റ്, പെൻസിൽ, കളർപെൻസിൽ, ബാഗ്, വാട്ടർ ബോട്ടിൽ എന്നീ സ്റ്റേഷ്നറി സാധനങ്ങൾ മേടിച്ച് നല്കി. പെരുമ്പള്ളി കോളനിയിൽ മരുന്നും ഭക്ഷണവും, വസ്ത്രവും നല്കി.

**8. BSW വിദ്യാർത്ഥികളുടെ ഫീൽഡ് വിസിറ്റ് & ട്രയിനിംഗ്**

ഗൂഡല്ലൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ BSW വിദ്യാർത്ഥികളായ ജെനിൻ ജോസഫ്, അഭിജിത്ത് എന്നിവർക്ക് പാട്ടവയൽ അമല ഹോസ്പിറ്റലിൽ നിന്നും ഇന്റേൺഷിപ്പ് ട്രയിനിംഗും, ഫീൽഡ് വിസിറ്റും നല്കി വരുന്നു. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ എല്ലാ ചൊവ്വ, ബുധൻ ദിവസങ്ങളിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

**9. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**ബോസ്പാറ**

ബോസ്പാറ യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. യൂണിറ്റ്ഫണ്ട് ശേഖരണാർത്ഥം ചിട്ടി നടത്തുന്നു. SIGWE കറിമസാലകളുടെ വില്പന നടത്തി. ഗ്രൂപ്പംഗങ്ങളുടെ നേതൃത്വത്തിൽ രോഗീ സന്ദർശനം നടത്തി.

പ്രതീക്ഷ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 15 ന് ദേശീയ പതാക ഉയർത്തുകയും, പതാക വന്ദനം നടത്തുകയും ചെയ്തു.

**വിമലഗിരി**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. മേഖലാ ഡയറക്ടർ ബഹു. നിഷ്വിൻ തേൻപള്ളിയിൽ അച്ചൻ യൂണിറ്റ് സന്ദർശനം നടത്തി. യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കി. അംഗങ്ങൾ റോഡിന്റെ ഇരു വശങ്ങളും, വീടും, പരിസരവും കാട് വെട്ടി വൃത്തിയാക്കി. ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്നതിന് നിത്യോപയോഗ സാധനങ്ങളുടെ ശേഖരണം നടത്തി. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തി, ചികിത്സാ സഹായം നൽകുകയും ചെയ്തു.

**കൽപ്ര**

NDS കൽപ്ര യൂണിറ്റിന്റെ കമ്മറ്റിയും, വിലയിരുത്തൽ മീറ്റിംഗും ന ടത്തി. രോഗീസഹായമായി 10000 രൂപ നല്കി. കറിമസാല കളുടെ വില്പന നടത്തി. ചൂരൽമല ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞ ആത്മാക്കളുടെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചു. ജ്യോതിസ് ഗ്രൂപ്പ് റോഡിന്റെ ഇരുവശങ്ങളിലെയും കാട്വെട്ടി വൃത്തിയാക്കി. സെന്റ് ആന്റണിസ് ഗ്രൂപ്പ് രോഗീസന്ദർശനം നടത്തി. തേജസ് ഗ്രൂപ്പ് രോഗീ സഹായം നല്കി. ക്രഡിറ്റ് യൂണിയൻ സമാഹരണവും, ലോൺ തിരിച്ചടവും അംഗങ്ങൾ കൃത്യമായി നടത്തിവരുന്നു.

**കയ്യൂന്നി**

NDS കയ്യൂന്നി യൂണിറ്റിന്റെ വാർഷികവും, ഭാരവഹികളുടെ തെരഞ്ഞെടുപ്പും 09.08.2026 ന് നടത്തി. യൂണിറ്റിന്റെ ക്രഡിറ്റ് യൂണിയ ന്റെ കണക്കുകളും, സ്വാശ്രയസംഘങ്ങളുടെ കണക്കുകളും മേഖലാ കോഡിനേറ്ററുടെ നേതൃത്വത്തിൽ പരിശോധിച്ചു കണക്കുകളുടെ കൃത്യത ഉറപ്പുവരുത്തി. SSLC ക്കും പ്ലസ്ടുവിനും ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെ വാർഷിക ദിനത്തിൽ ആദരിച്ചു. ഉദയം സ്വാശ്രയസംഘം റോഡ് സൈഡിലെ കാട്വെട്ടി വൃത്തിയാക്കി. കൃപ സ്വാശ്രയസംഘം പഠന സഹയവും, ചികിത്സാ സഹായവും നൽകി. മോണിംഗ് സ്റ്റാർ സ്വാശ്രയസംഘം ചിട്ടി ആരംഭിച്ചു.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
മാനേജിംങ്ങ് ഡയറക്ടർ
**ഫാ. നിഷ്വിൻ ടി. തോമസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




**ദേശീയ സമ്മേളനം**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ പ്രഥമ ദേശീയ സമ്മേളനം കല്യാൺ രൂപതയിലെ മുംബൈയിൽ വച്ച് ആഗസ്റ്റ് 1, 2 (ശനി, ഞായർ) തീയതികളിൽ നടന്നു. 22 രൂപതകളിൽ നിന്നായി 160 പേർ സമ്മേളനത്തിൽ പങ്കെടുത്തു. സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് പ്രൊഫ. രാജീവ് ജോസഫ് കൊച്ചുപറമ്പിൽ അധ്യക്ഷനായിരുന്നു. രണ്ടു ദിവസങ്ങളിലായി നടന്ന വിവിധ സെക്ഷനുകളിൽ വിവിധ രൂപതാ അധ്യക്ഷന്മാർ, രാഷ്ട്രീയ സാമൂഹ്യ മേഖലയിലെ പ്രമുഖർ, എന്നിവർ വിഷയം അവതരിപ്പിച്ചു. കല്യാൺ രൂപതാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ, കത്തോലിക്ക കോൺഗ്രസ് ബിഷപ്പ്സ് ഡെലിഗേറ്റ് റെമീജിയൂസ് ഇഞ്ചനാനിയിൽ, ബിഷപ്പ് മാർ ജോസഫ് അരുമച്ചാടത്ത്, ആർച്ച് ബിഷപ്പ് മാർ റാഫി മഞ്ഞളി, ബിഷപ്പ് മാർ തോമസ് പാടിയത്ത്, മോൺ സിറിയക്ക് കുമ്പാട്ട്, ദേശീയ ന്യൂനപക്ഷ കമ്മീഷൻ മെമ്പർ ശ്രീ. ഗലൻ സൂസോ ടിക്കോ റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, പ്രൊഫ. കെ. എം. ഫ്രാൻസീസ്, അഡ്വ. അബ്രഹാം പാട്ടിയാനി, എന്നിവർ സെഷനുകൾക്ക് നേതൃത്വം നൽകി. കാർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് സമാപന സന്ദേശം ന ൽകി. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ, ട്രഷറർ സജി ഫിലിപ്പ്, ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. കെ. പി. സാജു കൊല്ലപ്പള്ളി, ഗ്ലോബൽ വനിതാ ഫോറം കൺവീനർ അഡ്വക്കേറ്റ് ഗ്ലാഡീസ് ചെറിയാൻ എന്നിവർ പങ്കെടുത്തു.

**ഗ്ലോബൽ ബിസിനസ് കോൺക്ലേവ്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 13 കൊച്ചിയിൽ വച്ച് ഗ്ലോബൽ ബിസിനസ്

കോൺക്ലേവ് സംഘടിപ്പിക്കുന്നു. ലോകമെമ്പാടുമുള്ള സീറോ മലബാർ സഭാഗംങ്ങളായ പ്രമുഖ ബിസിനസുകാർ പങ്കെടുക്കുന്ന സമ്മേളനം സമുദായത്തിന്റെ സാമ്പത്തിക മേഖലയിൽ പുതിയ മുന്നേറ്റങ്ങൾക്ക് കാരണമാകും. പുതിയ സംരംഭങ്ങൾ ആരംഭിക്കുക, നെറ്റ്‌വർക്ക് സംവിധാനത്തിലൂടെ മാർക്കറ്റിംഗ് സംവിധാനം ശക്തി പെടുത്തുക, കൂടുതലാളുകളെ ബിസിനസ് രംഗത്തേക്ക് ആകർഷിക്കുക എന്നിവയാണ് പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. കേരള മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ, സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കന്മാർ, സമുദായ നേതാക്കന്മാർ എന്നിവർ പങ്കെടുക്കും.

**ഗ്ലോബൽ സമ്മേളനം**

കത്തോലിക്ക കോൺഗ്രസ് മൂന്നാമത് ഗ്ലോബൽ സമ്മേളനം ഇറ്റലിയിലെ റോമിൽ വച്ച് ഒക്ടോബർ 19 മുതൽ 23 വരെ നടക്കും. ഏഴു ഭൂഖണ്ഡങ്ങളിൽ നിന്നുള്ള 52 രാജ്യങ്ങളിൽ നിന്ന് 180 പേർ സമ്മേളനത്തിൽ പങ്കെടുക്കും. പോപ്പ് ലെയോ പതിനാലാമൻ മാർപാപ്പ സമ്മേളനത്തിൽ പങ്കെടുക്കും. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് കെ. പി. സാജു കൊല്ലപ്പള്ളി, ഗ്ലോബൽ വനിതാ ഫോറം കൺവീനർ അഡ്വക്കേറ്റ് ഗ്ലാഡിസ് ചെറിയാൻ, രൂപതാ സെക്രട്ടറി മോളി മമ്മൂട്ടിൽ എന്നിവർ പങ്കെടുക്കും.

**ബിസിനസ് കോൺക്ലേവ്**

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതയുടെയും കെ. എൽ. എമ്മിന്റെയും സംയുക്താഭിമുഖ്യത്തിൽ മാനന്തവാടി രൂപതയിലെ സീറോ മലബാർ സഭാഗംങ്ങളായ ബിസിനസുകാരെ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപതാ ബിസിനസ് കോൺക്ലേവ് സംഘടിപ്പിക്കും.

**സ്റ്റാർട്ട് അപ്പ് കോൺക്ലേവ്**

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപയുടെയും KLM ന്റെയും സംയുക്താഭിമുഖ്യത്തിൽ മാനന്തവാടി രൂപതയിലെ സീറോ മലബാർ സഭാഗംങ്ങളായ സംരംഭകരുടെയും പുതിയതായി സംരംഭത്തിൽ ഏർപ്പെടുവാൻ താല്പര്യമുള്ളവരുടെയും സമ്മേളനം നടക്കും. സംരംഭകത്തിൽ ഏർപ്പെടുന്നവരെ ആദരിക്കുക, അവരുടെ അനുഭവങ്ങൾ പങ്കുവെക്കുക, മറ്റുള്ളവർക്ക് പ്രചോദനകരമായ

പ്രഭാഷണങ്ങൾ, പുതിയതായി സംരംഭത്തിൽ ഏർപ്പെടുവാൻ താല്പര്യമുള്ളവർക്ക് പരിശീലനം, ബാങ്ക് വായ്പുകൾക്കുള്ള സഹായങ്ങൾ എന്നിവ ചർച്ച ചെയ്യും.

**ടൂറിസം നെറ്റ്‌വർക്ക്**

മാനന്തവാടി രൂപതയിലെ സീറോ മലബാർ സഭാഗംങ്ങളായ വ്യക്തികളുടെ റിസോർട്ടുകൾ, ഹോംസ്റ്റേകൾ വില്ലകൾ, ഹട്ടുകൾ എന്നിവ ഉൾപ്പെടുത്തി ഒരു നെറ്റ് വർക്ക് ആരംഭിക്കും. കേരളത്തിന് പുറത്തും ഇന്ത്യയ്ക്ക് വെളിയിലുമുള്ള സീറോ മലബാർ സഭാംഗങ്ങളുടെ സഹായം ലഭ്യമാകുന്നതിനും, സഭാംഗങ്ങളുടെ വിനോദ കേന്ദ്രങ്ങൾ പരിചയപ്പെടുത്തുന്നതിനും കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനു വേണ്ടിയാണ് നെറ്റ്വർക്ക് ശൃംഖല ആരംഭിക്കുന്നത്.

**കർഷക ദിനാചരണം**

ആഗസ്റ്റ് പതിനാറാം തീയതി ഞായറാഴ്ച കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപയുടെ ആഹ്വാനപ്രകാരം ഇടവകകളിൽ  കർഷക ദിനമായി ആചരിച്ചു. വിവിധ ഇടവകകളിൽ മികച്ച കർഷകനെ കണ്ടെത്തുകയും ചെയ്തു. കാർഷിക മേഖലകളിൽ പ്രവർത്തിച്ചിരുന്ന പ്രായമായ കർഷകരെയും, കുടിയേറ്റ കർഷകരെയും, വിവിധ കാർഷിക മേഖലകളിൽ വ്യക്തിമുദ്ര പതിച്ചവരെയും ആദരിച്ചു. ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട മികച്ച കർഷകരിൽ നിന്ന് ഫൊറോനതല മികച്ച കർഷകനെ തെരഞ്ഞെടുക്കുകയും ഫൊറോനയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്ന് രൂപതാതലത്തിൽ മികച്ച കർഷകനെ തെരഞ്ഞെടുക്കുകയും ചെയ്യും. ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 50001 രൂപ, 30001 രൂപ 20001 രൂപ എന്നിങ്ങനെ ക്വാഷ് അവാർഡും പ്രശസ്തിപത്രവും സമുദായ ശക്തീകരണവർഷത്തിന്റെ സമാപനത്തിൽ വെച്ച് വിതരണം ചെയ്യും.

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോന കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 9 ഞായറാഴ്ച കത്തീഡ്രൽ ഹാളിൽ വച്ച് ഫൊറോനയിലെ വിവിധ സംഘടനകളുടെ നേതാക്കളുടെ സംഗമം നടത്തി. കത്തോലിക്കാ കോൺഗ്രസ്, മിഷൻ ലീഗ്, കെ. സി. വൈ. എം., മാതൃവേദി, വിൻസെന്റ് ഡി പോൾ എന്നീ സംഘടനകളുടെ നേതാക്കന്മാരാണ് ഒത്ത്  ചേർന്നത്. 130  ഓളം നേതാക്കന്മാർ

പങ്കെടുത്തു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ പ്രസിഡന്റ് റോബി ടി. ജെ. താണിക്കുന്നേൽ അധ്യക്ഷത വഹിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. തോമസ് പ്ലാശനാൽ, കത്തീഡ്രൽ വികാരി ഫാ. സോണി വാഴക്കാട്ട്, ഫൊറോന സെക്രട്ടറി സെബാസ്റ്റ്യൻ വി. യു., രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ, ഗ്ലോബൽ വനിതാ ഫോറം കൺവീനർ അഡ്വക്കേറ്റ് ഗ്ലാഡീസ് ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

**നിലമ്പൂർ ഫൊറോന**

നിലമ്പൂർ ഫൊറോന കത്തോലിക്കാ കോൺഗ്രസ് നേതൃസമ്മേളനം നിലമ്പൂർ ലിറ്റിൽ ഫ്ളവർ ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് ആഗസ്റ്റ് 9 ഞായറാഴ്ച ഉച്ചയ്ക്കുശേഷം നടന്നു. മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ഫ്രാൻസിസ് അധ്യക്ഷനായിരുന്നു. ഫോറോനാ വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ ഡയറക്ടർ ഫാ. ടോമി പുത്തൻപുര അനുഗ്രഹ പ്രഭാഷണം നടത്തി. ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. ട്രീസ ലിസ് സെബാസ്റ്റ്യൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. 130 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**നടവയൽ ഫൊറോനാ**

കത്തോലിക്കാ കോൺഗ്രസ് നടവയൽ ഫൊറോനാ സമ്മേളനം ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ഫൊറോനാ വികാരി ഫാ. വിൻസന്റ് കളപ്പുര സമ്മേളനം ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് വിൻസന്റ് ചാരുവേലിൽ അധ്യക്ഷനായിരുന്നു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. കുറുമ്പാലക്കോട്ട പള്ളി വികാരി ഫാ. ഷാജി മുളവേലിക്കുന്നേൽ അനുഗ്രഹ പ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരയ്ക്കൽ, ഫോറോനാ സെക്രട്ടറി സജി ഇരട്ടമുണ്ടക്കൽ, രൂപതാ സെക്രട്ടറി തോമസ് പട്ടമന പ്രസിഡന്റ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ പ്രസംഗിച്ചു.

വിവിധ ഇടവകകളിൽ നിന്ന് 70 ഓളം നേതാക്കന്മാർ സമ്മേളനത്തിൽ പങ്കെടുത്തു.

**ബത്തേരി ഫോറോന**

കത്തോലിക്കാ കോൺഗ്രസ് ബത്തേരി ഫൊറോനയുടെ പ്രതിമാസ സമ്മേളനം മൂലങ്കാവ് സെന്റ് ജൂഡ് ഇടവകയിൽ വച്ച് നടന്നു. പ്രസിഡന്റ് ഡേവി മങ്കുഴയുടെ അധ്യക്ഷതയിൽ യൂണിറ്റ് ഡയറക്ടർ ഫാ. ജെയ്സൺ കുഴികണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോസ് മേച്ചേരിൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ സെക്രട്ടറി ചാൾസ് വടാശേരിൽ, രൂപതാ വൈസ് പ്രസിഡന്റ് സാജു പുലിക്കോട്ടിൽ, ഫൊറോനാ ട്രഷറർ ജോഷി കാരക്കുന്നേൽ, ജേക്കബ് ബത്തേരി, ജോയി പുളിക്കൽ, ജോസ് ചുണ്ടാട്ട്, അജി തോമസ് എന്നിവർ പ്രസംഗിച്ചു. ഫൊറോനയുടെ നേതൃത്വത്തിൽ കരിത്താസ് ഇന്ത്യയുടെയും, WSS ന്റെയും പിന്തുണയോടെ ദുരന്ത നിവാരണ സേനയ്ക്ക് രൂപം കൊടുക്കാൻ തീരുമാനിച്ചു. ഒരു ഇടവകയിൽ നിന്ന് 10 പേരുടെ അടങ്ങുന്ന ടീമിനെ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

**വെള്ളൂന്നി**

കത്തോലിക്ക കോൺഗ്രസ് വെള്ളൂന്നി ഇടവകയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 15 ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 30 മുതൽ 5 മണി വരെ യൂണിറ്റ് കൺവെൻഷൻ നടന്നു. യൂണിറ്റ് പ്രസിഡന്റ് ജോസ് മാതു സാർ അധ്യക്ഷത വഹിച്ചു യൂണിറ്റ് സെക്രട്ടറി ജോൺസൺ സ്വാഗതം ആശംസിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോണി ഇലവുങ്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, കത്തോലിക്കാ കോൺഗ്രസും സമുദായ ശക്തീകരണവും എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. KLM രൂപതാ പ്രസിഡന്റ് ശ്രീ. ബിജു പോൾ ലഭ്യമാകുന്ന ഗവൺമെന്റ് അനുകൂല്യങ്ങളും വിവിധ ഇൻഷുറൻസ് പദ്ധതികളും വിവിധ പെൻഷൻ സ്കീമുകളും വിവരിച്ചു. യൂണിറ്റ് സെക്രട്ടറി എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

**കേളകം**

കത്തോലിക്ക കോൺഗ്രസ് കേളകം യൂണിറ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 16 ഞായറാഴ്ച രാവിലെ വി. കുർബാനയോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസും സമുദായ ശക്തീകരണ

വർഷവും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുതുങ്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. വിശുദ്ധ കുർബാനയിൽ പങ്കെടുത്ത മുഴുവൻ ആളുകളും സെമിനാറിലും പങ്കാളികളായി എന്നുള്ളത് ഏറെ പ്രോത്സാഹന മായിരുന്നു.

**വടപുറം**

സ്വാതന്ത്ര്യദിനം ആഘോഷിച്ചു. വിമുക്തഭടന്മാരെ ആദരിച്ചു. ഫാ. ബിജു വർഗീസ് കൊച്ചുനിരവത്ത് ഇമ്മാനുവേൽ N. A. താലോ ലിക്കൽ, ജോസഫ് മാനാടൻ, ടോമി ആന്റണി, സണ്ണി അന്തിക്കാട്, ജോസുകുട്ടി ചെമ്പകശ്ശേരി, ഷൈജു ചെമ്പകശ്ശേരി എന്നിവർ നേതൃത്വം നൽകി.

**പൂക്കോട്ടുംപാടം**

സ്വാതന്ത്ര്യദിനം ആഘോഷിച്ചു. ഹരിത സേനാംഗങ്ങളെയും വിമുക്തഭടന്മാരെയും ആദരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ടോമി പുത്തൻപുര ഉദ്ഘാടനം ചെയ്തു.

**നിലമ്പൂർ**

സ്വാതന്ത്ര്യദിനം ആഘോഷിച്ചു. ഹരിത സേനാംഗങ്ങളെ ആചരിച്ചു. ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ, യൂണിറ്റ് നേതാക്കൾ എന്നിവർ നേതൃത്വം നൽകി.

**കാവുംമന്ദം**

ഓഗസ്റ്റ് 16 ഞായറാഴ്ച ഇടവകയിൽ സെമിനാർ നടത്തി. രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരയ്ക്കൽ ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജസ്റ്റിൻ മൂന്നാനാൽ ഉദ്ഘാടനം ചെയ്തു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

**വൊഫ വാർഷിക പൊതുയോഗം നടന്നു**

WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ വൊഫയുടെ വാർഷിക പൊതുയോഗവും 2026-29 വർഷങ്ങളിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2026 ജൂലൈ മൂന്നിന്, WSSS ഹാളിൽ വച്ച് നടന്നു.

വൊഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ശ്രീ. സുനിൽ പാലമറ്റം സ്വാഗതം ആശംസിച്ചു. 2025-26 വർഷത്തെ പ്രവർത്ത റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും സെക്രട്ടറി അവതരിപ്പിക്കുകയും യോഗം ഐക്യകണ്ഠേന അംഗീകരിക്കുകയും ചെയ്തു. 2025-26 വർഷത്തിലെ സർവയലൻസ് കമ്മിറ്റി റിപ്പോർട്ട് പ്രസിഡന്റ് അഡ്വ. ജോസഫ് ടി. ജെ. അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. 2026-27 വർഷത്തിലേക്കുള്ള ബജറ്റ് ചെയർമാൻ അവതരിപ്പിക്കുകയും ചർച്ചയ്ക്ക് ശേഷം യോഗം അംഗീകരിക്കുകയും ചെയ്തു. നിലവിലെ ഗവേർണിംഗ് ബോഡി കാലാവധി പൂർത്തിയായതിനെ തുടർന്ന് പിരിച്ച് വിടുകയും പുതിയ കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

ചെയർമാൻ അഡ്വ. ഫാ. ജോൺചൂരപ്പുഴയിൽ, സെക്രട്ടറി ശ്രീ. സുനിൽ മാത്യു എന്നിവർ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ട്രഷററായി ശ്രീമതി സിസിലി അപ്പച്ചൻ, വൈസ് ചെയർമാനായി ശ്രീ. ജോസഫ് എം. എം. എന്നിവരേയും എക്സിക്യൂട്ടീവ് അംഗങ്ങളായി ശ്രീ. ജോണി കെ, ശ്രീമതി മേരി രാജേഷ്, ശ്രീ. മനോഹരൻ എം. ആർ., ശ്രീ. ജോസ് എ. യു., ശ്രീ. മത്തായി എ. പി., ശ്രീ. സെബാസ്റ്റ്യൻ ഇ. വി. എന്നിവരേയും തെരഞ്ഞെടുത്തു. മറ്റ് ആവശ്യമായ ചർച്ചകൾക്കും ശേഷം യോഗം പിരിഞ്ഞു.

**ICS സ്റ്റാഫ് ട്രെയിനിങ് സംഘടിപ്പിച്ചു**

APEDA യുടെ പുതിയ മാനദണ്ഡപ്രകാരം ICS സംവിധാനത്തിൽ പ്രവർത്തിക്കേണ്ട സ്റ്റാഫുകൾ അതേ ഗ്രൂപ്പിൽ ഉൾപ്പെടുന്ന കർഷകർ ആയിരിക്കണമെന്നതിനെ മുൻനിർത്തി തെരഞ്ഞെ

ടുക്കപ്പെട്ട കർഷകർക്ക് ട്രെയിനിങ് സംഘടിപ്പിച്ചു. ബത്തേരി, ഗൂഡല്ലൂർ റീജിയനിൽ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്കായാണ് ജൂലൈ പതിനാലിന് ബത്തേരി മിൽക്ക് സൊസൈറ്റി ഹാളിൽ വച്ച് പരിശീലനം സംഘടിപ്പിച്ചത്. സുൽത്താൻ ബത്തേരി കൃഷിഭവൻ അഗ്രികൾച്ചർ ഓഫീസർ ശ്രീ. ഗോകുൽ കൃഷ്ണ ഉദ്ഘാടനം നിർവഹിച്ച് സംസാരിച്ചു. ബയോവിൻ സർട്ടിഫിക്കേഷൻ ആൻഡ് സസ്റ്റൈനബിലിറ്റി മാനേജർ ശ്രീമതി രമ്യ ക്ലാസുകൾ നയിച്ചു. ICS കോർഡിനേറ്റർ ശ്രീ. മാത്യു ജോസഫ്, അഗ്രികൾച്ചറൽ എക്സറ്റൻഷൻ ഓഫീസർമാർ എന്നിവർ പങ്കെടുത്തു. അമ്പലവയൽ, മീനങ്ങാടി, മൂപ്പൈനാട്, നെന്മേനി, നൂൽപ്പുഴ, പൂതാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി, ഗൂഡല്ലൂർ, നെല്ലിയാളം, ചേരങ്കോട്, നെല്ലാക്കോട്ട, ഓവാലി, ശ്രീമധുര, ദേവർഷോല എന്നീ പഞ്ചായത്തുകളിലെ കർഷകരാണ് ട്രൈനിങ്ങിൽ പങ്കെടുത്തത്.

മാനന്തവാടി റീജിയനിൽ വരുന്ന ICS സ്റ്റാഫുകൾക്കായി ജൂലൈ ഇരുപത്തിയേഴിന് മാനന്തവാടി മിൽമ സൊസൈറ്റി ഹാളിൽ വച്ച് ട്രെയിനിങ് സംഘടിപ്പിച്ചു. മാനന്തവാടി അഗ്രികൾച്ചർ ഓഫീസർ കുമാരി ശരണ്യ ഉദ്ഘാടനം നിർവഹിച്ച് കർഷകരുമായി സംവദിച്ചു. ഇടവക, പനമരം, തിരുനെല്ലി, തവിഞ്ഞാൽ, തൊണ്ടർനാട് എന്നിവിടങ്ങളിലെ കർഷകരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ബയോവിൻ സർട്ടിഫിക്കേഷൻ ആൻഡ് സസ്റ്റൈനബിലിറ്റി മാനേജർ ശ്രീമതി രമ്യ ക്ലാസുകൾ നയിച്ചു. ICS കോർഡിനേറ്റർ ശ്രീ. മാത്യു ജോസഫ്, കർഷകനായ ശ്രീ. ജോസഫ് എന്നിവർ സംസാരിച്ചു. ഫീൽഡ് കോർഡിനേറ്റർമാർ നേതൃത്വം നൽകി.

**സിഗ്‌വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മസാലക്കൂട്ടുകൾ, കേക്ക് എന്നിവയ്ക്ക് പിന്നാലെ വിപണിയിലേക്ക് ഇനിമുതൽ സിഗ്‌വിയുടെ പ്രഭാത ഭക്ഷണ പൊടികളും. പ്രഭാതഭക്ഷണത്തിനായുള്ള പുതിയ പത്ത് ബ്രേക്ക്ഫാസ്റ്റ് പൊടിക്കൂട്ടുകൾ വിപണിയിലെത്തിച്ച് SIGWE. വിവിധതരം പുട്ടുപൊടികൾ, അരിപ്പൊടി, പത്തിരിപ്പൊടി, ഇടിയപ്പം പൊടി, ഗോതമ്പു പൊടി, റാഗിപ്പൊടി, ഈസി പാലപ്പം മിക്സ്, ഇഡ്ലി, ദോശ മിക്സ്, വറുത്ത റവ എന്നിവ ഉൾപ്പെടുന്ന ഉൽപ്പന്നനിരയാണ് അവതരിപ്പിച്ചിരിക്കുന്നത്. 2024 ഡിസംബറിൽ ബിയോവിൻ

അഗ്രോ റിസർച്ചിന്റെ നേതൃത്വത്തിൽ ആരംഭിച്ച SIGWE ബ്രാൻഡിന്റെ മൂന്നാമത്തെ ഉൽപ്പന്നവിഭാഗമാണ് ബ്രേക്ക്ഫാസ്റ്റ് പൊടിക്കൂട്ടുകൾ. ഇതിനുമുമ്പ് കറിമസാലകൾ, കറിപ്പൊടികൾ, കേക്കുകൾ എന്നിവ വിപണിയിലെത്തിച്ച് SIGWE ഉപഭോക്താക്കളുടെ വിശ്വാസം നേടിയിട്ടുണ്ട്.

**സിഗ്‌വി ബ്രേയ്ക്ക്ഫാസ്റ്റ് പൗഡറുകളുടെ ലോഞ്ചിങ് നിർവഹിച്ചു.**

സിഗ്‌വി പുതുതായി വിപണിയിലെത്തിക്കുന്ന ബ്രേയ്ക്ക്ഫാസ്റ്റ് പൗഡറുകളുടെ ലോഞ്ചിങ്ങും യൂണിറ്റ് വെഞ്ചിരിപ്പ് കർമ്മവും മാനന്തവാടി രൂപതയുടെ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം നിർവഹിച്ചു. ജൂലൈ 06, 2026 ന് ബയോവിന്നിൽ വച്ച് നടന്ന ചടങ്ങിൽ ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ സ്വാഗതം ആശംസിച്ചു. ജീവനക്കാർ, വിവിധ മീഡിയ ടീമുകൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. രജീഷ് കറുത്തേടത്ത് കൃതജ്ഞത രേഖപ്പെടുത്തി.

**സിഗ്‌വി ബസാർ**

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയായാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. എഴുപത്തി അഞ്ചിലധികം കേന്ദ്രങ്ങളിൽ നിലവിൽ സിഗ്‌വി ബസാർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജൂലൈ 19 മുതൽ വിവിധ ഇടവകകളിലെ SIGWE ബസാറുകൾ വഴി കറിമസാലകൾക്കും പയറുവർഗങ്ങൾക്കുമൊപ്പം SIGWE ബ്രേക്ക്ഫാസ്റ്റ് പൗഡേഴ്സിന്റെയും വിപണനം ആരംഭിച്ചു.

മരകാവ് സെന്റ് തോമസ് ദൈവാലയത്തിൽ 2026 ജൂലൈ 26 ന് ഇടവക വികാരിയായ റവ. ഫാ. ജോസ് കളപ്പുര സിഗ്‌വി ബസാർ ഉദ്ഘാടനം നിർവഹിച്ചു. ആദ്യ വിൽപ്പന ശ്രീമതി. സുജ ജോയിയിൽ നിന്ന് ഇടവക ട്രസ്റ്റി ബെന്നി മറ്റത്തിൽ ഏറ്റുവാങ്ങി. ഉദ്ഘാടനത്തോടനുബന്ധിച്ച് ഇടവക ജനങ്ങൾക്കായി സിഗ്‌വി ഉൽപ്പന്നങ്ങൾ 10% പ്രത്യേക ഡിസ്കൗണ്ടിൽ ലഭ്യമാക്കി. കൂടാതെ, വയോധിക ദിനാചരണത്തിന്റെ ഭാഗമായി, ഇടവകയിലെ മുതിർന്ന അംഗങ്ങളോടുള്ള ആദരസൂചകമായി സിഗ്‌വി കേക്കുകൾ വിതരണം ചെയ്യുകയും ചെയ്തു.

ശുദ്ധവും മായംചേരാത്തതുമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ

ഓരോ കുടുംബങ്ങളിലേക്കും എത്തിക്കുന്നതിനോടൊപ്പം സ്ത്രീ സംരംഭകരുടെ വരുമാന വർധനയും സാമൂഹിക ശാക്തീകരണവും ലക്ഷ്യമിടുന്ന സിഗ്‌വി പദ്ധതിക്ക് ഇടവക ജനങ്ങളിൽ നിന്ന് മികച്ച സ്വീകരണമാണ് ഉദ്ഘാടന ദിനത്തിൽ ലഭിച്ചത്.

താമരശേരി രൂപതയിലെ പന്തല്ലൂർ സെന്റ് മേരീസ് ഇടവകയിൽ ആരംഭിച്ച സിഗ്‌വി ബസാർ അഭിവന്ദ്യ മാർ റെമിജിയൂസ് പിതാവ് ജൂലൈ മൂന്നിന് ഉദ്ഘാടനം ചെയ്തു.

ഇരുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലും ആലാറ്റിൽ സെന്റ് മേരീസ് ഇടവകയിലും, പെരിയ സെന്റ് മേരീസ് ഇടവകയിലും, സിഗ്‌വി ബസാർ പുതിയതായി ആരംഭിച്ചു.

**സംഭരണം**

ജൂലൈ മാസം അമ്പലവയൽ, മാനന്തവാടി, നെന്മേനി, ബത്തേരി, പനമരം, പുൽപള്ളി, പടിഞ്ഞാറത്തറ, മേപ്പാടി, ഗൂഡല്ലൂർ, ഇടവക, കൽപ്പറ്റ, തൊണ്ടർനാട് പഞ്ചായത്തുകളിൽ നിന്നും കാപ്പി സംഭരിച്ചു.

**സംസ്കരണം, വിപണനം**

കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കശുവണ്ടി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയ്ക്ക് മികച്ച വിപണി കണ്ടെത്താൻ സാധിച്ചു. ചൈനയിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ-ജനറൽ ബോഡി**
**ഫാ. ബിജോ കറുകപ്പള്ളി - CRAK പ്രസിഡന്റ്**

തൃശൂരിൽ വെച്ച് ഓഗസ്റ്റ് 05-ന് കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ കേരളഘടകത്തിന്റെ ജനറൽ ബോഡിയോഗം സംഘടിപ്പിച്ചു. റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് ഫാ. ബിജോ കറുകപ്പള്ളി, ഫാ. ജോഫ്രി പോൾ കളരിക്കൽ, ഫാ. ബിവാൾഡിൻ തേവർകുന്നേൽ, ഫാ. ടോണി ഏലംകുന്നേൽ എന്നിവർ പങ്കെടുത്തു. കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ കേരളയുടെ പ്രസിഡന്റായി ഫാ. ബിജോ കറുകപ്പള്ളിയെ വീണ്ടും തെരഞ്ഞെടുത്തു. ഫിയോണ നൊറോണ - റേഡിയോ ബെൻസിഗർ (വൈസ് പ്രസിഡന്റ്) സൂരജ് രാജ് കെ. എൻ. - ഹലോ റേഡിയോ (സെക്രട്ടറി) റ്റി. എം. താലീസ് - കെയർ എഫ്. എം., കൃഷ്ണകുമാർ സി. കെ.- റേഡിയോ കൊച്ചി, ഫാ. ജിതിൻ - റേഡിയോ ഫോർയു, മുംതാസ്- റേഡിയോ ചേതന (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ) എന്നിവരാണ് മറ്റ് ഭാരവാഹികൾ. ഹലോ റേഡിയോ ഡയറക്ടർ ഫാ. ഡേവിസ് ചിറമ്മേൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും കമ്മ്യൂണിറ്റി റേഡിയോയും തുടങ്ങി കാലിക പ്രസക്തമായ വിഷയങ്ങളേക്കുറിച്ച് ചർച്ച നടത്തി.

**സമരസ്മൃതികൾ**

സ്വതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 01 മുതൽ 15 വരെ സമരസ്മൃതികൾ-ചരിത്രത്തിന്റെ നാൾവഴികളിലൂടെ എന്ന പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു. സ്വതന്ത്ര ഭാരതത്തിലെ 15 സ്വാതന്ത്ര്യ സമരസ്മാരകങ്ങളെ പരിചയപ്പെടുത്തുന്ന പരിപാടി അവതരിപ്പിച്ചത് പടിഞ്ഞാറത്തറ എ. യു. പി. സ്കൂളിലെ മാറ്റൊലി സ്കൂൾ ക്ലബ് വിദ്യാർത്ഥികളായിരുന്നു. ഈ പരിപാടിയെ ആസ്പദമാക്കി 15 ദിവസം ക്വിസ് മത്സരവും സംഘടിപ്പിച്ചു. ഓരോ ദിവസവും ശരിയുത്തരം അയച്ചവരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തി. വിജയികളായവർക്ക് സെഞ്ചുറി ഫാഷൻസ് മാനന്തവാടി, ആദിൽ ജ്വല്ലറി മാനന്തവാടി, സിതാര യൂണിഫോംസ് മാനന്തവാടി എന്നിവർ സമ്മാനങ്ങൾ സ്പോൺസർ ചെയ്തു.

**അനുമോദനം**

കള്ളാടി മണ്ണിടിച്ചിൽ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ വിവിധ സേനാവിഭാഗങ്ങൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ, മാധ്യമപ്രവർത്തകർ എന്നിവരെ ആദരിക്കുന്നതിനായി ജില്ലാഭരണകൂടം ജൂലൈ 25-ന് പുളിയാർമല കൃഷ്ണഗൗഡർ ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ഫാ. ബിജോ കറുകപ്പള്ളി, റെനീഷ് ജോർജ്ജ് എന്നിവർ പങ്കെടുത്തു. വയനാട് എം. പി. പ്രിയങ്ക ഗാന്ധി പുരസ്കാരങ്ങൾ വിതരണം ചെയ്തു.

**പങ്കാളിത്തം**

**അന്തർദേശീയ ആദിവാസി ദിനാചരണം**

ഓഗസ്റ്റ് 08, 09 തിയ്യതികളിൽ ബത്തേരിയിൽ വെച്ച് നടത്തിയ തദ്ദേശീയ ജനതകൾക്ക് വേണ്ടിയുള്ള അന്തർദേശീയ ദിനാചരണത്തിൽ ഫാ. ജോഫ്രി പോൾ കളരിക്കൽ, റെനീഷ് ജോർജ്ജ്, ശ്രീകാന്ത്, പൂർണിമ കെ. എന്നിവർ പങ്കെടുത്തു.

**ഹൃദ്യം 2026 - ജില്ലാ പാലിയേറ്റീവ് വോളിയർ സംഗമം**

ഹൃദ്യം 2026 എന്ന പേരിൽ വെള്ളമുണ്ട എം. ആർ. ഓഡിറ്റോറിയത്തിൽ വെച്ച് ജൂലൈ 28-ന് നടന്ന ജില്ലാ പാലിയേറ്റീവ് വോളണ്ടിയർ സംഗമത്തിൽ റെനീഷ് ജോർജ് പങ്കെടുക്കുകയും പ്രോഗ്രാം റെക്കോർഡ് ചെയ്യുകയും ചെയ്തു.

**അവക്കാഡോ ഫെസ്റ്റ്**

ജൂലൈ 31-ന് ബത്തേരി, അമ്പലവയൽ എന്നിവിടങ്ങളിൽ സംഘടിപ്പിച്ച അവക്കാഡോ ഫെസ്റ്റിൽ റെനീഷ് ജോർജ്, പ്രജിഷ, ഭാഗ്യലക്ഷ്മി എന്നിവർ പങ്കെടുത്ത് പ്രോഗ്രാം റെക്കോർഡ് ചെയ്തു.

**കർഷകദിനാചരണം**

ഓഗസ്റ്റ് 17-ന് എടവക ഗ്രാമപഞ്ചായത്ത് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തിയ കർഷകദിനാചരണ പരിപാടിയിൽ ഫാ. ജോഫ്രി പോൾ കളരിക്കൽ, ഫാ. ബിവാൾഡിൻ തേവർകുന്നേൽ, റെനീഷ് ജോർജ്ജ്, പ്രജിഷ, ഭാഗ്യലക്ഷ്മി എന്നിവർ പങ്കെടുത്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

നേത്രരോഗങ്ങളും ആയുർവേദ സാധ്യതകളും എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ഡോ. ജാസിത് മൻസൂർ കല്ലങ്കോടൻ ശ്രോതാക്കളുമായി സംവദിച്ചു.

**കർക്കടകം**

രാമായണമാസാചരണത്തിന്റെ ഭാഗമായി രാമായണ പാരായണം പ്രക്ഷേപണം ചെയ്തു.

**ഫാ. ടോണി ഏലംകുന്നേൽ**
അസി. ഡയറക്ടർ റേഡിയോ മാറ്റൊലി

**Graduation Ceremony:** The Graduation Ceremony, held on 30 July 2026, celebrated the academic achievements of UG, PG, and Ph.D. awardees. The occasion was graced by Prof. (Dr.) Sabu M.K. of Cochin University of Science and Technology as the Chief Guest, adding distinction and inspiration to this memorable milestone in the graduates' academic journey.

**Arohan '26:** Academic inaugural programme for first-year students, was conducted on 21 July 2026, marking a warm and inspiring beginning to their academic journey. The programme welcomed the new students into the institution, fostering a sense of belonging and encouraging them to embark on their college life with confidence and enthusiasm.

**Honouring Ceremony:** The Honouring Ceremony, held on 21 July 2026, extended a heartfelt welcome to Smt. Usha Vijayan, MLA of Mananthavady Constituency. Her presence added significance to the occasion and served as an inspiration to the students and the entire academic community.

## Departmental Programs and Club Activities

**International Shark Day Celebration:** The Department of Zoology organized an International Shark Day Celebration on 14 July 2026 to create awareness about the ecological importance of sharks and the need for marine conservation.

**Faculty Enrichment Programme:** The IQAC is conducted a Faculty Enrichment Programme on 15 July 2026 to support the professional development of faculty members and promote continuous improvement in academic practices.

**Cyber Security Awareness Campaign:** The Department of Computer Science, through the I T Club and P G & Research Department of Computer Science, organized a Cyber Security Awareness Campaign on 17 July 2026 to promote awareness of cyber threats, digital safety, and responsible online practices.

**Career Compass – Navigating Global Opportunities:** The Department of Commerce, through the Commerce Club in association with the ED Club, conducted Career Compass – Navigating Global Opportunities on 17 July 2026.

**Music Club Inauguration & Tribute:** The Music Club conducted its Inauguration and Tribute Programme on 18 July 2026, marking the formal inauguration of the club and paying a heartfelt tribute to legendary singer S. Janaki.

**PI Hunt 2026:** The Department of Mathematics conducted PI Hunt 2026 on 22 July 2026, providing students with an engaging platform to explore mathematical concepts through a stimulating and competitive activity.

**Skill Development Seminar:** The Department of Malayalam conducted a Skill Development Seminar on 22 July 2026, focusing on enhancing students' skills and supporting their academic and personal growth.

**Literary Club Event:** The Literary Club organized a special programme on 22 July 2026, featuring a screening of the film Kaliyattam followed by a discussion on Shakespeare's Othello.

**UGC NET - JRF Orientation Session:** The Department of Computer Science conducted a UGC NET-JRF Orientation Session on 27 July 2026, guiding students towards competitive examinations and higher academic opportunities.

**A.P.J. Abdul Kalam Memorial Day:** The Department of Physics commemorated A.P.J. Abdul Kalam Memorial Day on 27 July 2026 through a screening of the documentary Missile Man to Man of Millions in the Physics Lab, inspiring students through the life and contributions of the former President and eminent scientist. The Department also organized an Inter-Departmental Physics Quiz.

**GANITHAM 2026:** The Department of Mathematics organized GANITHAM 2026 on 28 July 2026, featuring a Vedic Mathematics session and a District level Mathematics Quiz Competition for plus two students aimed at fostering mathematical thinking, logical reasoning, and calculation skills.

**Bond Beyond Words:** The Economics Club conducted Bond Beyond Words on 4 August 2026, providing students with an

engaging platform to strengthen interpersonal connections and celebrate the value of meaningful relationships.

**Orientation Programme:** FYUGP committee organized orientation programme for first year students on 4 August 2026.

**Commemoration of Kargil Vijay Diwas:** The Department of History, in collaboration with the Department of Political Science and in association with the Department of Social Science Economics, organized a movie screening commemorating Kargil Vijay Diwas on 6 August 2026, highlighting the courage, sacrifice, and patriotism of the nation's armed forces.

**The Last Diary – Voice from Hiroshima:** The Department of History conducted The Last Diary – Voice from Hiroshima on 6 August 2026 as a commemorative programme reflecting on the devastating human consequencesof war and promoting a deeper understanding of peace.

**Har Ghar Tiranga Awareness Programme:** The Department of History organized a Har Ghar Tiranga Awareness Programme on 6 August 2026 to promote patriotism, national unity, and active participation in the celebration of the nation.

**Peace Tree:** The Department of Political Science organized Peace Tree on 6 August 2026, emphasizing the values of peace, harmony, unity, and social responsibility among students.

**Friendship Day Reels Competition:** The Department of English organized a Friendship Day Reels Competition on 9 August 2026, providing students with a creative platform to express the spirit of friendship through digital media.

**Financial Fiesta:** As part of National Financial Awareness Day, the Department of Commerce organized Financial Fiesta, an engaging quiz programme on 13 August 2026.

**World Elephant Day Celebration:** The Zoology Club, in association with Bhoomithrasena and Social Forestry, Mananthavady, organized a World Elephant Day Celebration on 13 August 2026. The programme featured an engaging quiz competition and documentary presentation.

**NCC Naval Wing / 9(K)** Naval Unit NCC: **Kargil Vijay Diwas Celebration (26 July 2026):** Organized a Poster Making Competition. **Enrollment Day** (06 August 2026): Conducted Naval NCC

enrollment. **Har Ghar Tiranga** Program organized by the Naval Wing.

**NCC Army Wing: Kargil Vijay Diwas Observance** (26 July 2026): Organized a Digital Poster Making Competition on the theme "Saluting Our Kargil Heroes". **Enrollment Day** (06 August 2026): Conducted Army NCC enrollment.

**Har Ghar Tiranga:** The NCC Army Wing and Naval Wing jointly celebrated the spirit and heritage of the national flag as part of the Har Ghar Tiranga campaign from 9 August 2026 onwards. A variety of programmes and activities were organized to foster patriotism, national pride, and awareness of the significance of the Indian National Flag. The celebrations continued through 17 August 2026, engaging students in commemorating the nation's rich heritage and unity.

**Freshers' Day:** All departments organized Freshers' Day celebrations to warmly welcome first - year students into their respective departments. The programmes featured a variety of interactive activities, fun games, cultural performances, and engaging events, creating a lively and friendly atmosphere. The celebrations helped new students build connections with their peers and seniors.

**Faculty Achievement**

**Publication of Software Engineering Book: Dr. Eldho K. J.** from the Department of Computer Science, along with his research scholar Ms. Nimisha P., published a book on Software Engineering based on the V Semester Computer Science syllabus of Kannur University.

**Students Achievements**

- SGT Abhiya George participated PRE TSC-1 at Newman College, Thodupuzha from July 22 to 31.
- NC2 John Kevin Mathew & NC2 Shyam Niketh K Selected for Sailing Expedition 2026 to be held at Kollam from August 31 to September 7.

**Prof. Dr. Thomas Monoth**
Principal

**ബി. എൽ. എസ്. പരിശീലന പരിപാടി**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും സംയുക്തമായി സംഘടിപ്പിച്ച ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനം ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ നടന്നു. പരിശീലനത്തിൽ 9 പേർ പങ്കെടുത്തു. ലീമ ലാൻസിയും സൗമ്യമോളും പരിശീലനത്തിന് നേതൃത്വം നൽകി.

**BLS TRAINING, SJMH**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും സംയുക്തമായി നടത്തിയ BLS പരിശീലനത്തിൽ 15 പേർ പങ്കെടുത്തു. ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ നടന്ന പരിശീലനത്തിന് ലീമ ലാൻസി നേതൃത്വം നൽകി.

**BLS training ഫോർ ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് സ്റ്റുഡന്റ്സ് ഇൻ വയനാട്**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികൾക്കായി BLS പരിശീലനം ആരംഭിച്ചു. ഹൃദയസ്തംഭനം, ശ്വാസം മുട്ടൽ, മുങ്ങിമരണം തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ സമയബന്ധിതമായി പ്രതികരിക്കാനും ജീവൻ രക്ഷിക്കാനുമുള്ള പരിശീലനമാണ് നൽകിയത്. മുതിർന്നവർ, കുട്ടികൾ, ശിശുക്കൾ എന്നിവർക്കുള്ള CPR പരിശീലനവും ഉൾപ്പെടുത്തി. ആദ്യഘട്ടത്തിൽ 40 പേർ പങ്കെടുത്തു. നഴ്സുമാരായ ലീമ ലാൻസിയും അനുപമയും പരിശീലനം നൽകി. ഹോസ്പിറ്റൽ PRO മനോജ് എ.ജി.യും മാർക്കറ്റിംഗ് ഹെഡ് തോമസും പരിപാടിക്ക് നേതൃത്വം നൽകി.

**ബി. എൽ. എസ്. പരിശീലന പരിപാടി, തെന്നൽ റിസോർട്**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ പാൽവെളിച്ചം തെന്നൽ റിസോർട്ടിൽ BLS പരിശീലന പരിപാടി

സംഘടിപ്പിച്ചു. അടിയന്തര സാഹചര്യങ്ങളിൽ നൽകേണ്ട പ്രാഥമിക ചികിത്സ, CPR, ഹൃദയസ്തംഭനം, ശ്വാസംമുട്ടൽ, മുങ്ങിമരണം തുടങ്ങിയ സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട ജീവൻ രക്ഷാ നടപടികൾ എന്നിവയെക്കുറിച്ച് പരിശീലനം നൽകി. പരിപാടിയിൽ 20 പേർ പങ്കെടുത്തു.

**BLS Training -ഫോർ ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് സ്റ്റുഡന്റ്സ്**

വയനാട് ജില്ലയിലെ ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികൾക്കായുള്ള BLS പരിശീലനത്തിന്റെ രണ്ടാംഘട്ടം സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ നടത്തി. വിവിധ പ്രായത്തിലുള്ളവർക്ക് നൽകേണ്ട CPR രീതികളും മറ്റ് ജീവൻ രക്ഷാ മാർഗങ്ങളും പരിശീലിപ്പിച്ചു. രണ്ടാം ഘട്ടത്തിൽ 48 പേർ പങ്കെടുത്തു. ആദ്യഘട്ടവും രണ്ടാം ഘട്ടവും ഉൾപ്പെടെ ആകെ 88 പേർക്ക് BLS പരിശീലനം ലഭിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പുകൾ**

**സൗജന്യ മെഡിക്കൽ ക്യാമ്പ്, കൊട്ടിയൂർ**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ 4, 8 വാർഡുകളും സംയുക്തമായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ജനറൽ മെഡിസിൻ, നേത്രപരിശോധന, ഗൈനക്കോളജി, ഓർത്തോപീഡിക്സ് എന്നീ വിഭാഗങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കി. സൗജന്യ തൈറോയ്ഡ് പരിശോധനയും മരുന്ന് വിതരണവും നടത്തി. ക്യാമ്പിൽ 95 പേർ പങ്കെടുത്തു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്, സെന്റ് ജൂഡ്സ്മൗണ്ട്**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും സെന്റ് ജൂഡ് മൗണ്ട് ചർച്ചും സംയുക്തമായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സെന്റ് ജൂഡ് മൗണ്ട് ചർച്ചിൽ നടന്ന ക്യാമ്പിൽ ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, നേത്ര പരിശോധന എന്നീ സേവനങ്ങൾ ലഭ്യമാക്കി. സൗജന്യ തൈറോയ്ഡ് പരിശോധനയും മരുന്ന് വിതരണവും നടത്തി. 138 പേർ ക്യാമ്പിൽ പങ്കെടുത്തു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്, കല്ലോടി**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, ദ്വാരക ആയുർവേദ ഹോസ്പിറ്റൽ എന്നിവ

യുടെ സംയുക്താഭിമുഖ്യത്തിൽ കല്ലോടിയിൽ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ ആകെ 330 പേർ പങ്കെടുത്തു. ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ENT, ഒഫ്താൽമോളജി, ഓർത്തോപീഡിക്സ്, ജനറൽ മെഡിസിൻ വിഭാഗങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കി.

**ത്വക്ക് രോഗ വിഭാഗത്തിൽ പുതിയ ഡോക്ടർ സേവനം ആരംഭിച്ചു**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിലെ ത്വക്ക് രോഗ വിഭാഗത്തിൽ ഡോ. ആയിഷ (MBBS, MD, DNB) സേവനം ആരംഭിച്ചു. തിങ്കൾ മുതൽ വെള്ളി വരെ ഉച്ചയ്ക്ക് 1.30 മുതൽ 3.30 വരെ ഡോക്ടറുടെ സേവനം ലഭ്യമാണ്.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള കബനിഗിരി നിർമല ഹൈസ്കൂൾ, കൊളവയൽ സെന്റ് ജോർജ് എൽ. പി. സ്കൂൾ എന്നിവയുടെ നവീകരണപ്രവർത്തനങ്ങൾ പൂർത്തിയാക്കി.

### വിദ്യാലയ വാർത്തകൾ

### എൽ. പി. വിഭാഗം

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

ചാന്ദ്രദിനാഘോഷം സംഘടിപ്പിച്ചു. ലഹരിക്കെതിരെ കുട്ടിച്ചങ്ങല സംഘടിപ്പിച്ചു. ഉന്നതികളിലെ മുഴുവൻ കുട്ടികളെയും വിദ്യാലയത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ SEP പദ്ധതി ആരംഭിച്ചു. ദീപിക കളർ ഇന്ത്യ മത്സരം നടത്തപ്പെട്ടു. സ്വദേശ് മെഗാ ക്വിസ് നടത്തപ്പെട്ടു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

വിവിധ പ്രവർത്തനങ്ങളോടെ ലഹരിവിരുദ്ധ മാസാചരണം നടത്തി. ലോകകപ്പ് വിജയി പ്രവചനമത്സരം നടത്തി. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ എ ഗ്രേഡ് പുരസ്കാരം ഏറ്റുവാങ്ങി. ചാന്ദ്രദിനാഘോഷം വിവിധ പരിപാടികളോടെ ആകർഷകമാക്കി. ഹിരോഷിമ നാഗസാക്കി ദിനം ആചരിച്ചു.

**III സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

ലഹരിവിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി വിവിധങ്ങളായ പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കി. ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും സമൂഹത്തെയും ബോധവൽക്കരിക്കുക എന്നതായിരുന്നു ലക്ഷ്യം.

**IV സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

ചാന്ദ്രദിനം വിപുലമായി ആചരിച്ചു. വ്യത്യസ്ത ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ പങ്കാളികളായി. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി.

**V സെൻ്റ് സെബാസ്റ്റ്യൻസ് എൽ പി സ്കൂൾ വാഴവറ്റ**

പി. റ്റി. എ. എക്സിക്യൂട്ടീവ് കൂടി. ഹിരോഷിമ നാഗസാക്കി ദിനം ആചരിച്ചു. ഭവന സന്ദർശനം നടത്തി.

**VI എ. എൽ. പി. സ്കൂൾ കണിയാരം**

ലോകകപ്പ് ഫുട്ബോൾ പ്രവചന മത്സരം നടത്തി. "Beyond the Buzz" ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി നിരവധി പ്രവർത്തനങ്ങൾ നടത്തി. ദീപിക കളറിംഗ് മത്സരത്തിൽ കുട്ടികൾ പങ്കെടുത്തു. ഹിരോഷിമ ദിനം ആചരിച്ചു. ജൂലൈ മാസത്തിൽ പിറന്നാൾ ആഘോഷിച്ച കുട്ടികളെ ഒരുമിച്ച് ചേർത്ത് സ്കൂളിൽ പൊതുവായി പിറന്നാൾ ആഘോഷം സംഘടിപ്പിച്ചു.

**VII സെൻ്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

"Beyond the Buzz" എന്ന പേരിൽ ലഹരിവിരുദ്ധ മാസാചരണം നടത്തി. മഴക്കാല രോഗങ്ങളും, പ്രതിരോധ മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ ക്ലാസ് നൽകി. ചാന്ദ്ര ദിനം ആചരിച്ചു. വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനം ചെയ്തു. ഹിരോഷിമ നാഗസാക്കി ദിനാചരണവുമായി ബന്ധപ്പെട്ട് മത്സരങ്ങൾ നടത്തി. സ്കൂൾ പാർലമെൻറ് ഇലക്ഷൻ നടത്തി.

**VIII നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

ലഹരിക്കെതിരെയുള്ള ബോധവൽക്കരണഭാഗമായി ലോഗോ പ്രകാശനം നടത്തി. തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ പാർലമെൻ്റ് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. ചാന്ദ്രദിനം ആചരിച്ചു. പ്രവർത്തി പരിചയമേള നടത്തി. ഹിരോഷിമ നാഗസാക്കി ദിനങ്ങൾ ആചരിച്ചു. കളർ ഇന്ത്യ കോമ്പറ്റീഷനിൽ വിദ്യാലയത്തിലെ എല്ലാ കുട്ടികളും പങ്കെടുത്തു.

**IX സി. കെ. എൽ. പി. എസ്. മണിമൂളി**

ലഹരിക്കെതിരെ എന്ന പരിപാടിയുടെ ഭാഗമായി കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയോട് ചേർന്നുകൊണ്ട് Beyond the Buzz Anti Drug Campain വിപുലമായി നടത്തി. ലഹരിക്കെതിരെ ഒപ്പുകൾ ചാർത്തിക്കൊണ്ട് പോസ്റ്ററുകൾ നിർമ്മിക്കുകയും മുദ്രാവാക്യങ്ങൾ മുഴക്കുകയും ഫ്ളാഷ് മോബ് അവതരിപ്പിക്കുകയും ചെയ്തു. മാതാപിതാക്കളെ കൂടി പങ്കാളികളാക്കുകയും ചെയ്തു.

**X സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

നല്ലപാഠം പ്രവർത്തകരുടെ ആഭിമുഖ്യത്തിൽ തെരുവുനാടകം അവതരിപ്പിച്ചു. ചാന്ദ്രദിനാഘോഷം സംഘടിപ്പിച്ചു. പ്രീപ്രൈമറി കുട്ടികളുടെ പലഹാരമേള നടത്തി. SEP ഓറിയന്റേഷൻ ക്ലാസ്സ് നടത്തി. ഹിരോഷിമ ദിനചാരണത്തിന്റെ ഭാഗമായി കുട്ടികൾക്ക് സന്ദേശം നൽകി. സ്കൂൾതല ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തിപരിചയ മേള നടത്തി. ദീപിക കളറിങ് മത്സരത്തിൽ കുട്ടികൾ പങ്കെടുത്തു.

**XI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

ലഹരിവസ്തുക്കളുടെ ഉപയോഗം വ്യക്തികളിലും സമൂഹത്തിലും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനും, അവരെ ലഹരിയിൽ നിന്ന് അകറ്റി നിർത്തുന്നതിനുമായി സ്കൂളിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

**XII സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

സ്കൂളിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. വിവിധ ദിനാചരണങ്ങൾ സമുചിതമായി സംഘടിപ്പിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

ലഹരി വിരുദ്ധ ദിനാചരണ ഭാഗമായി റാലി നടത്തി. കുട്ടികളുടെ കാർഷിക താല്പര്യങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കർഷക ക്ലബിന് തുടക്കമിട്ടു. ഹിരോഷിമ നാഗസാക്കി അനുസ്മരണ ദിനം നടന്നു. SEP പദ്ധതിക്കു തുടക്കമിട്ടു. വായനമാസാചരണ റിപ്പോർട്ടിന് സബ് ജില്ലയിൽ രണ്ടാം സ്ഥാനം ലഭിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

സ്കൂൾതല മേളകൾ സംഘടിപ്പിച്ചു. ചാന്ദ്രദിനത്തോടനുബന്ധിച്ച് വൈവിധ്യമാർന്ന ശാസ്ത്ര പരിപാടികൾ സംഘടിപ്പിച്ചു. ലഹരിക്കെതിരെ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി. ഹിരോഷിമ നാഗസാക്കി ദിനങ്ങളോടനുബന്ധിച്ച് സമാധാന ദിനാചരണം സംഘടിപ്പിച്ചു. 2025-26 അധ്യയന വർഷത്തെ സുഗമ ഹിന്ദി പരീക്ഷയിൽ വിദ്യാർത്ഥികൾ വൻ വിജയം കരസ്ഥമാക്കി. സ്വാതന്ത്ര്യ ദിനാഘോഷം സംഘടിപ്പിച്ചു.

**III സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

വയനാട് ജില്ലാ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തന ഉദ്ഘാടനവും ശിൽപശാലയും സ്കൂളിൽ വെച്ച് വളരെ ഗംഭീരമായി നടത്തപ്പെട്ടു. വിദ്യാർത്ഥികളിൽ സാഹിത്യാഭിരുചിയും വായനാശീലവും സർഗ്ഗാത്മകതയും പരിപോഷിപ്പിക്കുന്നതിനായി സംഘടിപ്പിച്ച ഈ ചടങ്ങ് വൻ പങ്കാളിത്തം കൊണ്ടും മികച്ച സംഘാടനം കൊണ്ടും ശ്രദ്ധേയമായി.

**IV എ. യു. പി. സ്കൂൾ ദ്വാരക**

സംസ്ഥാന തയ്ക്വാണ്ടോ സബ് ജൂനിയർ വിഭാഗം മൽസരത്തിൽ അഭിമാനകരമായ നേട്ടങ്ങൾ കരസ്ഥമാക്കി. വിജയികളെ സ്പോർട്സ് കൗൺസിൽ അഭിനന്ദിച്ചു. സ്വാതന്ത്ര്യദിനം വിപുലമായി ആചരിച്ചു.

**V സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

ബഷീർദിനം, ചാന്ദ്രദിനം പ്രവർത്തനങ്ങൾ, മത്സരങ്ങൾ സംഘടിപ്പിച്ചു. ലോകകപ്പ് ഫുട്ബോൾ മത്സരത്തോടനുബന്ധിച്ച് കുടുംബത്തിനായി റീൽസ് മത്സരം സംഘടിപ്പിച്ചു. ന്യൂസ് ഹീറോസ് എന്ന പേരിൽ പത്രക്വിസ് എല്ലാ ആഴ്ച്ചയിലും നടത്തി വരുന്നു.

**VI സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

“BEYOND THE BUZZ” പ്രവർത്തനങ്ങളുടെ ഭാഗമായി ഫ്ളാഷ് മോബ് അവതരിപ്പിച്ചു. വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് സ്കൂൾ ആവശ്യത്തിനായി വാട്ടർ ടാങ്ക് സംഭാവന ചെയ്തു. ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ സാമൂഹ്യ ശാസ്ത്ര മത്സരങ്ങൾ നടത്തി. ഹിരോഷിമ നാഗസാക്കി ദിനം ആചരിച്ചു. അടുക്കളയിലെ പാചകവാതക പൈപ്പ് നവീകരിച്ചു. കനിപ്പന്തൽ ഫലവൃക്ഷതൈകളുടെ ഉദ്ഘാടനം നടത്തി.

**VII സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

ബഷീർ അനുസ്മരണ ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. നിയോടെക് ക്ലാസ് റൂമുകളുടെ ഉദ്ഘാടനവും വിവിധ വിജേതാക്കളെ സമാദരിക്കലും സംഘടിപ്പിച്ചു. ചാന്ദ്രദിനം വ്യത്യസ്തമായ പരിപാടികളോടെ ആഘോഷിച്ചു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി. ലഹരിവിരുദ്ധ മാസാചരണത്തോടനുബന്ധിച്ച് വ്യത്യസ്തമായ നിരവധി പ്രവർത്തനങ്ങൾ നടത്തി.

**VIII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

ലഹരി വിരുദ്ധ പരിപാടികളോടെ റോഡ് ഷോ സംഘടിപ്പിച്ചു. സൈക്കിൾ റാലി, ദീപശിഖാ പ്രയാണം, ലഘുലേഖ വിതരണം, ഫ്ളാഷ് മോബ് എന്നിവ നടന്നു.

**IX സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

ഭൂമിക്കൊരു കുട എന്ന പദ്ധതിയുടെ ഉദ്ഘാടനം നടത്തി. BEYOBEYOND THE BUZZ ലഹരി വിരുദ്ധ മാസാചരണത്തിന് സമാപനം കുറിച്ചു.

**X അമ്പായത്തോട് യു. പി. സ്കൂൾ**

ചാന്ദ്രദിനം വിവിധ പരിപാടികളോടെ സ്കൂളിൽ നടത്തപ്പെട്ടു. സ്കൂൾതല ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര ക്വിസ് മത്സരങ്ങൾ നടത്തപ്പെട്ടു. സ്വാതന്ത്ര്യദിനം ഹിരോഷിമ നാഗസാക്കി ക്വിറ്റിന്ത്യ ദിനാചരണങ്ങളോനുബന്ധിച്ച് പ്രസംഗമത്സരം ദേശഭക്തിഗാന മത്സരം, ക്വിസ് മത്സരം എന്നിവ നടത്തി.

**XI സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

സ്കോളർഷിപ്പ് വിജയികളെ അനുമോദിക്കുന്നതിനായി വിജയോത്സവം സംഘടിപ്പിച്ചു. ചാന്ദ്രദിനം വിവിധ പരിപാടികളോടെ നടത്തി. സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിച്ചു. ഹിരോഷിമ നാഗസാക്കി ദിനം സമുചിതമായി സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തി.

**XII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

ലഹരി വിരുദ്ധ പ്രവർത്തനങ്ങളോടനുബന്ധിച്ച് വിവിധങ്ങളായ ബോധവൽക്കരണ പരിപാടികളും, മത്സരങ്ങളും, ലഹരി വിരുദ്ധ സന്ദേശ യാത്രയും നടത്തപ്പെട്ടു. ദീപികകളറിംഗ് കോമ്പറ്റീഷനിൽ, സ്കൂളിൽ നിന്നും നിരവധി കുട്ടികൾ പങ്കെടുത്തു. സ്പെഷ്യൽ എൻറിച്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ഉന്നതിയിൽ കമ്മിറ്റി രൂപീകരണവും, ചർച്ചയും നടത്തപ്പെട്ടു.

**XIII സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

'ഉണർവ്' ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തി. ചാന്ദ്രദിനം ആചരിച്ചു. മദർ തെരേസ സേവന അവാർഡ് നേടി. STICK ക്വിസ് മത്സരവിജയികളെ കണ്ടെത്തി. ഹിരോഷിമ നാഗസാക്കി ദിനങ്ങൾ അനുസ്മരിച്ചു. സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ജീവനം ലഹരി വിരുദ്ധ ക്ലബ് പ്രവർത്തനങ്ങളുടെ ഭാഗമായി ബാലജ്യോതി കാവൽ തൂഫാൻ ക്യാമ്പയ്ൻ നടത്തി. ചാന്ദ്രദിനം ചാന്ദ്രവാരമായി ആചരിച്ചു. സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ഹിരോഷിമ, നാഗസാക്കി ദിനം ആചരിച്ചു. വൈത്തിരി സബ് ജില്ലശാസ്ത്രോൽസവം 2026-27 ലെ നാഷണൽ സയൻസ് സെമിനാറിൽ വിജയംകരസ്ഥമാക്കി.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

Stride 2026 എന്ന പേരിൽ സ്കൂൾതല കായികമേള സംഘടിപ്പിച്ചു. കുട്ടികൾക്കായി സ്കൂൾതല ചെസ്സ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചു. വിജയികളായവരെ സബ്ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിച്ചു. ദീപിക കളർ ഇന്ത്യ കോളറിംഗ് മത്സരം കുട്ടികൾക്കായി സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ് പ്രിലിമിനറി ക്യാമ്പ് സംഘടിപ്പിച്ചു.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

മലയാള മനോരമ വായന കളരി ആരംഭിച്ചു. NMMS സ്കോളർഷിപ്പ് വിജയിയെ സ്കൂൾ അസംബ്ലിയിൽ ആദരിച്ചു. ലഹരിക്കെതിരെ സാമൂഹ്യ സംഗീത നാടക ശില്പം അവതരിപ്പിച്ചു. ചാന്ദ്രദിനം ആഘോഷിച്ചു. മാതൃഭൂമി വായന കളരി ആരംഭിച്ചു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്കായി ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് അവാർഡ് മുഖ്യമന്ത്രിയിൽനിന്നും സ്വീകരിച്ചു. ചാന്ദ്രദിനാചരണം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ ലഹരിക്കെതിരെ മുദ്രാവാക്യം മുഴക്കി. പ്രേംചന്ദ് ദിനാചരണംനടത്തി. സ്കൂൾ പാർലമെന്റ് ഇലക്ഷൻ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ ജില്ല ഫുട്ബോൾ ടീമിലേക്ക് സെലക്ഷൻ നേടി. ഹിരോഷിമ ദിനം ആചരിച്ചു.

**V നിർമ്മല ഹൈസ്കൂൾ കബനിഗിരി**

സ്കൂൾ സ്പോർട്സ് നടത്തി. ശാസ്ത്ര ക്ലാസ്സ് നടത്തി. സ്കൂൾതല ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തിപരിചയ മേളകൾ നടത്തി. സീഡ്, നല്ലപാഠം പ്രവർത്തനങ്ങളുടെ

ഭാഗമായി, ശുചീകരണം, പച്ചക്കറിത്തോട്ട നിർമാണം എന്നീ പ്രവർത്തനങ്ങൾ നടത്തി. SSLC കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ്സ് നടത്തി.

**VI സി. കെ. എച്ച്. എസ് മണിമൂളി**

സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിച്ചു. സ്കൂൾതല സ്പോർട്സും സ്കൂൾതല കലോത്സവവും സംഘടിപ്പിച്ചു. ലഹരി വിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ ബോധവൽക്കരണവും പ്രതിജ്ഞയും നടത്തി. ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ റാലി എന്നിവ സംഘടിപ്പിച്ചു.

**VII ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

ചാന്ദ്രദിനം ദൃശ്യാവിഷ്കാരം നടത്തി. സാമസാമൂഹ്യ ശാസ്ത്ര പ്രവർത്തി പരിചയ ഐ. ടി. മേളകൾ നടത്തി. ദീപിക കളർ ഇന്ത്യ പെയിന്റിങ് മത്സരം നടത്തി. NMMS scholarship ന് 3 കുട്ടികൾ അർഹരായി. ഇരിട്ടി ഉപജില്ല ചെസ്സ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**VIII ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

മിഡ്ടേം പരീക്ഷ നടത്തുകയും മാർക്കുകൾ വിലയിരുത്തി ആവശ്യമായ പരിഹാര ബോധനം നൽകി വരികയും ചെയ്യുന്നു. പി. ടി. എ. ജനറൽ ബോഡി ചേരുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ബഷീർ ദിനവും ചാന്ദ്രദിനവും ആചരിച്ചു. ലിറ്റിൽ കൈറ്റ്സിന്റെ പ്രിലിമിനറി ക്യാമ്പ് സംഘടിപ്പിച്ചു.

**IX സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവർത്തി പരിചയ ഐ. ടി. മേളകൾ നടന്നു. ഇന്റർഡിസ്ട്രിക്റ്റ് ക്ലബ് അത്ലറ്റിക് ചാമ്പ്യൻഷിപ്പ് ജാവലിൻ ത്രോയിൽ സംസ്ഥാനതലത്തിൽ വിജയം നേടി. BEYOND THE BUZZ ലോഗോ പ്രകാശനം നിർവഹിച്ചു. NMMS എഴുതുന്ന കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി അവബോധന ക്ലാസ് നടത്തി. ഡിസ്ട്രിക്ട് യോഗചാമ്പ്യൻഷിപ്പിൽ വിജയം നേടി.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

PTA ജനറൽ ബോഡി മീറ്റിംഗ് നടത്തി. കരിയർ ദിനം ആചരിച്ചു. ഓരോ വിഷയത്തിന്റെയും സാധ്യതകളെ കുറിച്ച് അധ്യാ

പകർ ക്ലാസുകൾ നൽകി. NSS ന്റെ നേതൃത്വത്തിൽ മാനന്തവാടി മെഡിക്കൽ കോളേജിൽ വസ്ത്രങ്ങളും പുതപ്പുകളും വിതരണം ചെയ്തു.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

പ്ലസ് വൺ പരീക്ഷയിൽ വിദ്യാർത്ഥികൾ ഉന്നത വിജയം കരസ്ഥമാക്കി. പാമ്പുകളെകുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് നടത്തി. ലഹരി വിരുദ്ധ പദ്ധതിയുടെ ഭാഗമായി തെരുവ് നാടകം, ഫ്ളാഷ് മോബ്, റാലി തുടങ്ങിയവ സംഘടിപ്പിച്ചു. പി. ടി.എ. ജനറൽ ബോഡിയോഗവും ക്ലാസ് പി. ടി. എ. യും ചേർന്നു. രക്ഷിതാക്കൾക്കായി ക്ലാസ് നടത്തി. ഇരിട്ടി സബ് ജില്ലാതല ചെസ് ചാമ്പ്യൻ ഷിപ്പിൽ സീനിയർ ബോയ്സ് വിഭാഗത്തിൽ മൂന്നാം സ്ഥാനവും സീനിയർ ഗേൾസ് വിഭാഗത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**III ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

സ്കൂളിൽ പ്രത്യേക വായനാ കോർണർ ആരംഭിച്ചു. ഇടവേള സമയം വിനോദപ്രദമാക്കാൻ ലളിതമായ ലഹരിവിരുദ്ധ സന്ദേശങ്ങൾ അടങ്ങിയ ഗെയിമുകൾ ആരംഭിച്ചു. ഒരു വർഷംനീണ്ടു നിൽക്കുന്ന ക്യാമ്പസ് സൗന്ദര്യവൽക്കരണ പദ്ധതി ആരംഭിച്ചു. ലഹരിവിരുദ്ധ സന്ദേശവുമായി വിദ്യാർത്ഥികൾക്കായി 'മഴനടത്തം' സംഘടിപ്പിച്ചു. വീട്ടുകാരോടൊപ്പം ലഹരിവിരുദ്ധ ദീപങ്ങൾ തെളിയിക്കുന്ന 'ആയിരം ദീപങ്ങൾ' പ്രചാരണം സംഘടിപ്പിച്ചു.

**IV സി. കെ. എച്ച്. എസ്. എസ്. മണിമൂളി**

NSS ന്റെ നേത്വതൃത്തിൽ ലഹരിക്കെതിരെ കൂട്ടയോട്ട മത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് ക്യാഷ് അവാർഡും നൽകി. Scout and guides ന്റെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. അവിടെയുള്ള കുട്ടികൾക്ക് മധുരം നൽകി ആ ദിവസം മനോഹരമാക്കി.

**V സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

NSS ന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ യജ്ഞം നടത്തി. Career guidance ന്റെ Teacher empowerment Programme നടത്തി. PTA ജനറൽ ബോഡി നടത്തി പുതിയ ഭാരവാ

ഹികളെ തെരഞ്ഞെടുത്തു. സൗഹൃദ ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ ബ്യൂട്ടിഫിക്കേഷൻ പരിപാടിക്ക് തുടക്കം കുറിച്ചു. കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി.

**VI സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

എൻ. എസ്. എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നദിയോര മഴക്കൂട്ടം സംഘടിപ്പിച്ചു. ലഹരിക്കെതിരെ റെഡ് കാർഡ് എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയും കലാവാസനയും മാറ്റുരയ്ക്കുന്ന സ്കൂൾ കലോത്സവത്തിന് വർണ്ണാഭമായ തുടക്കം കുറിച്ചു. ലഹരിവിരുദ്ധ സംഗീത നാടകം സംഘടിപ്പിച്ചു. ലഹരിക്കെതിരെ ഗാർഡിയൻസ് ഓഫ് ലൈറ്റ് സംഘടിപ്പിച്ചു. അധ്യയനവർഷത്തിന്റെ ഒന്നാം ഭാഗം പിന്നിടുകയാണ്. ഇനി വിവിധ തലങ്ങളിൽ മേളകൾക്ക് തുടക്കം കുറിക്കുകയാണ്. എല്ലാ വിദ്യാർത്ഥികൾക്കും അക്കാദമികേതര പ്രവർത്തനങ്ങളിലും മികവ് പുലർത്താനും വിദ്യാലയങ്ങളുടെ യശസ്സുയർത്താനും സാധിക്കട്ടെ. ആശംസകൾ

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**September 2026**

| | |
|---|---|
| *01 Tue – 04 Fri: .........* | *Dwaraka: Retreat for Priests I Batch* |
| *05 Saturday: ..............* | *Engaged* |
| *06 Sun – 09 Wed: ......* | *Kunnoth: Pastoral Course for Deacons* |
| *12 Saturday: .............* | *Thonichal: Blessing of Holy Cross Old age Home* |
| *13 Sun – 17 Thu: .......* | *Dwaraka: Retreat for Priests II Batch* |
| *17 Thursday: .............* | *Chevarambalam: Death Anniversary of Mar Jacob Thoomkuzhy* |
| *18 Friday: .................* | *Dwaraka: Conclusion of Retreat for Priests II Batch* |
| *19 Saturday: .............* | *Mullenkolly: Baptism of 7th Child* |
| *20 Sunday: ................* | *Out of Station* |
| *21 Monday: ...............* | *Moolithode: Schönstatt Congregation Jubilee* |
| *23 Wednesday: ..........* | *Dwaraka: Community Empowerment Committee Meeting* |
| *24 Thursday: .............* | *Samaritan Bhavan Jubilee* |
| *26 Saturday: .............* | *Out of Station* |
| *30 Wednesday: ..........* | *Dwaraka: Department Heads Meeting* |

**October 2026**

| | |
|---|---|
| *02 Friday: ..................* | *Engaged* |
| *08 Thursday: ..............* | *Dwaraka: Presbyteral Council* |
| *09 Friday: ...................* | *Thonichal: SKD Lay Members Incorporation* |
| *10 Saturday: ..............* | *Dwaraka: Pastoral Council* |
| *18 Sunday: ................* | *Irulam: Golden Jubilee Conclusion* |
| *19 Mon – 21 Wed: .....* | *Punjab: Blessing of Church in Kot-Ise-Khan* |
| *22 Thu – 23 Fri: ........* | *Engaged* |
| *24 Saturday: .............* | *Ezhumuttam: Holy Mass at Tabor Retreat Centre* |
| *25 Sunday: ...............* | *Engaged* |

# *Auxiliary Bishop's Programme* 

**September 2026**

| | |
|---|---|
| *01 Tue – 04 Fri: ..........* | *Dwaraka: Retreat for Priests I Batch* |
| *06 Sunday: .................* | *Rippon: Pastoral Visit* |
| *12 Saturday: ...............* | *Dwaraka: Vincent de Paul Meeting* |
| *13 Sunday: .................* | *Kallumukku: Pastoral Visit* |
| *13 Sun – 18 Fri: .........* | *Dwaraka: Retreat for Priests II Batch* |
| *14 Monday: ................* | *Vakery: Blessing of the Holy Cross* |
| *18 Friday: .................* | *Chalakudy: Inauguration of National Convention at Divine Retreat Centre* |
| *19 Saturday: ...............* | *Kayakunnu: Holy Mass at La Salette* |
| *20 Sunday: ..................* | *Moolankavu: Pastoral Visit* |
| *22 Tuesday: .................* | *Eachome: Sarvodaya Higher Secondary School Platinum Jubilee* |
| *23 Wednesday: ...........* | *Dwaraka: Central Committee Meeting* |
| *24 Thursday: .........* | *Samaritan Bhavan Jubilee* |
| *26 Saturday: ...........* | *Engaged* |
| *27 Sun – Oct 02 Fri: ..* | *Thrissur: Retreat for the Priests of the Archdiocese of Trichur* |

**October 2026**

| | |
|---|---|
| *04 Sunday: ................* | *Vadakkanad: Pastoral Visit* |
| *06 Tuesday: ...............* | *Panamchira: Nilgiri Region Monthly Recollection* |
| *08 Thursday: ..............* | *Dwaraka: Presbyteral Council* |
| *09 Friday: ..................* | *Engaged* |
| *10 Saturday: ...............* | *Dwaraka: Pastoral Council* |
| *11 Sunday: ................* | *Mothakkara: Pastoral Visit* |
| *13 Tue – 20 Tue: .........* | *Engaged* |
| *21 Wednesday: ..........* | *Mahe: Holy Mass* |
| *25 Sunday: ................* | *Amarakuni: Pastoral Visit* |